# പ്രയാണിക



FALCONS'12

# മുഖമൊഴി

ഓരോ വ്യക്തിക്കും അവന്റെ ജീവിതത്തിൽ ക്യാമ്പസ് സമ്മാനിക്കുന്നത് പകരം വെയ്ക്കാനാവാത്ത അനർഘസുന്ദര നിമിഷ-ങ്ങളാണ്. കേവലം പുസ്തകത്താളുകളിലൊതുങ്ങി നിൽക്കാതെ പുറംലോകത്തേക്ക് കടന്നു ചെല്ലാനും, സ്വയം വഴിതിരഞ്ഞെടുക്കാനും പ്രേരകമായ കാലം.

യാഥാർത്ഥ്യവും, സ്വപ്നങ്ങളും, ആഗ്രഹവും, ആവേശവും ഒക്കെയുണ്ട് ഈ കൈയ്യെഴുത്തു മാസികയിൽ. കാടു പിടിച്ചു വളരുന്ന മുളങ്കൂട്ടങ്ങളിൽ നിന്നും മനോഹരമായ വേണുഗാനം സൃഷ്ടിച്ചെടു-ക്കുന്ന പോലെ, ചിതറി-ക്കിടന്നിരുന്ന അനേകം ആശയങ്ങളെ കോർത്തെടുക്കാനും, 'പ്രയാണിക'യെ ലക്ഷ്യപ്രാപ്തിയിലെ-ത്തിക്കാനും കയ്യും, മെയ്യും മറന്ന് പ്രവർത്തിച്ച എല്ലാ സുഹൃത്തുക്കൾക്കും നന്ദി.

ഓരോ തളിരിനും, ഓരോ കതിരിനും, പ്രകൃതിയുടെ ഓരോ കാൽവെപ്പിനും പ്രണാമമർപ്പിച്ചു കൊണ്ട് .....
ജീവന്റെ വിലാപങ്ങൾക്ക് ചെവികൊടുത്ത്,
സത്യത്തിന്റെ പടവാളായ് തൂലികചലിപ്പിച്ചുകൊണ്ട്..
....

— [illegible]

# അണിയറയിൽ

എഡിറ്റർ : സ്വാഹന ഇ.

സബ് എഡിറ്റർ : ഗോകുൽ .കെ. ഗോപി.

## മാഗസിൻ കമ്മിറ്റി

: മഞ്ജു എ.
: ബാസിമ എം.
: അഫീഫ ഒ.പി.സി.
: മേഘ്ന എൽ.എം.
: അപർണ വി.എം.
: അനഘ എസ്.എൻ.
: സൈസ്മ
: അപർണ ആർ.എ.
: ആര്യ പി.എസ്.
: ഷെമീന കെ.പി.
: അപർണ്ണ കെ ഗോകുൽ
: അൻസീറ ടി.പി

വര

മേഘ്ന , ഗോകുൽ
അപർണ ആർ.എ, മഞ്ജു എ.
ചന്ദന

# വീഥികളിലൂടെ....


തൃശ്ശിവപേരൂരിന്റെ നാൽവഴികളിലൂടെ - 1

The Eternal Love. - 4

ഉദയസൂര്യൻ - 6

നാടകത്തിലെ നാടകം. - 8

My Sometimes Best Friend - 12

2013 - സിനിമാവലോകനം. - 13

ഋ.... ച.... - 16

The God of Cricket - 21

Violence against women on the rise in Kerala - 22

ഒരു കോൺടോപ്പിനുള്ളിലെ പ്രണയം - 24

Economic Survey 2012-13 - 26

തനിയെ - 28

പുത്തൻ വഴിത്തിരിവിലേക്ക് - 32

ഒരു കൊടുങ്കാലത്തിന്റെ വിശേഷം. - 34

പശ്ചിമഘട്ടമലനിരകളും ഗാഡ്ഗിൽ സമിതിയും - 37

മരീചിക. - 40

കാർട്ടൂൺ - 43

Hello, my dear wrong number - 44

ചിലന്തികൾ - 46

ഒരു യാത്രയുടെ ഓർമ്മയ്ക്കായ് - 48

Facebook - 53

തിരമാല - 58

Provisions of food security Bill - 60

स्मृतियों के पन्नों से - 62

Debate - 65

മലയാളഭാഷയും മാറുന്ന മലയാളിയും - 68

A dream to bridge - 71

कभी न आते दो पल - 73

വാടാത്ത പനിനീർപ്പൂക്കൾ - 76

കാലം - 78

പണം നേടാൻ അറിയാകില്ല - 80


From 179th to IAS topper - 82

Best out of waste - 85

സമൂഹവും മാറുന്ന കൃഷിസമ്പ്രദായങ്ങളും - 86

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - 89

സമാധാനത്തിന്റെ വെള്ളരിപ്രാവ് - 91


സമർപ്പണം



ഇവൾ പ്രയാണിക. പ്രപഞ്ച-
ത്തിന്റെ ഓരോ സ്പന്ദനവും
അറിയുന്ന മഹാപ്രഹേളിക. ഇവിടെ-
യാണോ യഥാർത്ഥത്തിൽ ഇവളുടെ
തുടക്കം ? അറിയില്ല. പക്ഷേ ഞങ്ങൾ
ഇവിടെ വെച്ചാണ് ഇവളെ കണ്ടുമുട്ടു-
ന്നത്. ഇനിയീ യാത്രയിൽ ഇവൾ
ഒറ്റയ്ക്കല്ല. കടന്നുചെല്ലാൻ മടിച്ചിരുന്ന
അന്ധകാരത്തിന്റെ പാതകളിലേക്ക്
ഞങ്ങളുടെ വെളിച്ചമായ് ഇനിയിവളും.
അനുഭവങ്ങളിലൂടെ, അനുഭൂതികളി-
ലൂടെ സഞ്ചരിക്കാം, ഇടറാത്ത
കാൽവെപ്പുകളുമായ് .
യാഥാർത്ഥ്യത്തിന്റെ നേർ-
ക്കാഴ്ച്ചകളിലേക്ക് ....

പ്രയാണിക

# തൃശ്ശിവപേരൂരിന്റെ നാൾവഴികളിലൂടെ...

- Priyatha, Sruthi K.T.

പൂരങ്ങളുടെ തലയെടുപ്പും പെരുമയും കൊണ്ടാണ് ഈ ദേശത്തെ ലോകം ഉറ്റുനോക്കുന്നത്. ആനയും, ആൾക്കൂട്ടവും, അപൂർവ്വ വാദ്യങ്ങളും ചേർന്നുള്ള ലയം ദേശങ്ങൾ കടന്ന് കേൾവികേട്ടിരിക്കുന്നു. അതിരപ്പിള്ളിയിലെ കണ്ണഞ്ചിപ്പിക്കുന്ന വെള്ളച്ചാട്ടവും കലാമണ്ഡലത്തിലെ താളലയങ്ങളും ഈ നാടിന് സ്വന്തം. അതെ, കേരളത്തിന്റെ സാംസ്കാരിക ഹൃദയമാണ് തൃശ്ശൂർ. പഴമയും പ്രൗഢിയും തെളിഞ്ഞ് നിൽക്കുന്ന ആരാധനാലയങ്ങൾ....., വാമൊഴി വഴക്കത്തിന്റെ വശ്യത... അങ്ങനെ തൃശ്ശൂരിന്റെ വിശേഷങ്ങൾ ഇവിടെ കൊടികയറുന്നു.

1949 ജൂലായ് 1-ാം തിയ്യതി 'തൃശ്ശിവപേരൂർ' എന്ന നാമത്തിൽ ഇന്നത്തെ തൃശ്ശൂർ നിലവിൽ വന്നു. തെക്ക്, എറണാകുളം, ഇടുക്കി ജില്ലകളും, കിഴക്ക്, പാലക്കാട് ജില്ലയും, തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയും, വടക്ക്, പാലക്കാട്, മലപ്പുറം ജില്ലകളും പടിഞ്ഞാറ്, അറബിക്കടലുമാണ് അതിർത്തികൾ

തൃശ്ശൂർ ജില്ലയിലെ എല്ലാ പ്രദേശങ്ങളും ചേരസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു എന്നാണ് ചരിത്രപക്ഷം. പ്രാചീനകേരളത്തിലെ ഏറ്റവും പ്രധാന തുറമുഖങ്ങളിലൊന്നായിരുന്ന 'മുസിരിസ്', തൃശ്ശൂരിലെ ഇന്നത്തെ കൊടുങ്ങല്ലൂരിലാണ് സ്ഥിതി ചെയ്യുന്നത്. അക്കാലത്ത്, കേരളത്തിന്റെയെന്നല്ല ഭാരതത്തിന്റെ തന്നെ പ്രവേശന കവാടമായിരുന്ന തൃശ്ശൂരിലെ ഈ മുസിരിസ് ഒൻപതുമുതൽ പന്ത്രണ്ടുവരെയുള്ള നൂറ്റാണ്ടുകളിൽ മഹോദയപുരം ആസ്ഥാനമാക്കിയ കുലശേഖര രാജാക്കന്മാരുടെ അധീനതയിലായിരുന്ന ജില്ലയിലെ പ്രദേശങ്ങളിൽ പലതും പെരുമ്പടപ്പ് സ്വരൂപത്തിന്റെ ഉദയത്തോടെ ജില്ലയിലെ ഭൂരിഭാഗ പ്രദേശങ്ങളും

കൊച്ചിരാജാക്കന്മാരുടെ നിയന്ത്രണത്തിലായി. 14, 15 നൂറ്റാണ്ടുകൾക്കു ശേഷം പോർച്ചുഗീസുകാർ ജില്ലയിലെ പല പ്രദേശങ്ങളിലും ആധിപത്യം നേടി. വൈകാതെ ഡച്ചുകാരും, ഇംഗ്ലീഷുകാരും പോർച്ചുഗീസുകാരുടെ പ്രതിയോഗികളായി മാറി. പെരുമ്പടപ്പ് സ്വരൂപത്തിലെ കുടുംബ വഴക്കുകൾ ഡച്ചുകാർ അവർക്ക് അനുകൂലമായി പ്രയോജനപ്പെടുത്തി. 1790 ൽ ശക്തൻ തമ്പുരാൻ എന്ന പേരിൽ പ്രസിദ്ധനായ രാമവർമ്മ രാജാവ് അധികാരമേറ്റപ്പോൾ ജില്ലയിലെ പല ഭാഗങ്ങളും പുരോഗതി നേടി. തൃശ്ശൂർ നഗരത്തെ ആധുനിക വൽക്കരിച്ചതും, വടക്കുംനാഥ ക്ഷേത്രത്തിലെ പ്രസിദ്ധമായ പൂരം ആരംഭിച്ചതും ശക്തൻ തമ്പുരാന്റെ കാലത്താണ്. 1956 ൽ കേരളസംസ്ഥാനം രൂപീകരിച്ചപ്പോൾ ചിതറിക്കിടന്ന പല പ്രദേശങ്ങളും തൃശ്ശൂരിനോട് കൂട്ടിച്ചേർത്ത് ഒരു പുതിയ മുഖം സമ്മാനിച്ചു.

കേരളത്തിലെ വലിയ നദികളായ പെരിയാറിനും, ഭാരതപ്പുഴയ്ക്കും ഇടയിലാണ് ജില്ലയിലെ പ്രദേശങ്ങളിൽ അധികവും സ്ഥിതിചെയ്യുന്നത്. ചാലക്കുടിയാറ്, കരുവന്നൂർപുഴ, കേച്ചേരിപ്പുഴ, പുഴയ്ക്കൽ പുഴ എന്നിവയാണ് പ്രധാന നദികൾ. ചെറുകായലുകളെക്കൊണ്ടും ജലാശയങ്ങൾ കൊണ്ടും സമൃദ്ധമായ ജില്ലയിൽ കൊടുങ്ങല്ലൂർ കായലാണ് പ്രധാനപ്പെട്ടത്. പെരിയാറിന്റെ പതനസ്ഥാനവും കൊടുങ്ങല്ലൂർ കായലിൽ തന്നെ. 52 കി.മീറ്റർ നീളുന്ന നിവർന്ന കടൽത്തീരവും തൃശ്ശൂരിന് സ്വന്തം.

ഇന്ത്യയിലെത്തന്നെ ഏറ്റവും മനോഹരമായ വെള്ളച്ചാട്ടങ്ങളിലൊന്നാണ് ചാലക്കുടിപ്പുഴയിലെ അതിരപ്പിള്ളി. എൺപതടിയോളം താഴ്ചയിലേക്കു പതിക്കുന്ന ജലപാതം ഏവരുടേയും മനംകവരുന്നതാണ്. പാറകളിൽ തട്ടി നുരയും പതയുമായി ഒഴുകുന്ന ചാലക്കുടിപ്പുഴയുടെ ദൃശ്യങ്ങളാണ് ഇവിടത്തെ പ്രധാന ആകർഷണം.

കേരളത്തിലെ ജില്ലകളിൽ വനവിസ്തൃതിയുടെ കാര്യത്തിൽ 4ാം



സ്ഥാനത്താണ് ജില്ല. പീച്ചി വാഴാനി വന്യമൃഗസങ്കേതവും, ചിമ്മിനി വന്യമൃഗസങ്കേതവും ജില്ലയിൽ 125 km² വ്യാപിച്ചുകിടക്കുന്നു. ഏഷ്യയിലെ ഏറ്റവും ഉയരം കൂടിയ ക്രിസ്ത്യൻ ദേവാലയമായ പുത്തൻപള്ളിയും, ഇന്ത്യയിലെ ആദ്യത്തെ മുസ്ലീംപള്ളിയായ ചേരമാൻ ജുമാമസ്ജിദും, പൂരങ്ങളുടെ പൂരമായ തൃശ്ശൂർ പൂരം നടക്കുന്ന വടക്കുന്നാഥ ക്ഷേത്രവും, ദേശീയ പ്രസിദ്ധി നേടിയ ഗുരുവായൂർ ക്ഷേത്രവും എല്ലാം തൃശ്ശൂരിന്റെ സ്വന്തം. ആനകളുടെ എണ്ണം കൊണ്ടും ആഘോഷപ്രൗഢി കൊണ്ടും കേരളീയരെ ആകർഷിക്കുന്ന ഒന്നാണ് തൃശ്ശൂർപൂരം. കുടമാറ്റവും, ഇലഞ്ഞിത്തറമേളവും, വെടിക്കെട്ടും പൂരത്തെ അതിന്റെ പ്രൗഢി ഉയർത്തിക്കാട്ടാൻ സഹായിക്കുന്നു.

മൃഗശാല, ചരിത്രമുറങ്ങുന്ന ശക്തൻ തമ്പുരാൻ കൊട്ടാരം, ആർട്ട്സ് മ്യൂസിയം, ആർക്കിയോളജിക്കൽ മ്യൂസിയം, അക്വേറിയം എന്നിവ നഗരത്തിലെത്തുന്ന വിനോദസഞ്ചാരികളെ തൃപ്തിപ്പെടുത്തുന്നു. ചരിത്രത്തിലിടം നേടിയ ഒരു പാട് പ്രമുഖർക്ക് ജന്മം നൽകിയ മണ്ണാണ് തൃശ്ശൂരിന്റേത്

ഇങ്ങനെ നീളുന്നു തൃശ്ശൂരിന്റെ വിശേഷങ്ങൾ. അത് എത്രതന്നെ പറഞ്ഞാലും തീരില്ല. ഈ മണ്ണിന്റെ പ്രസിദ്ധിയും നന്മയും എത്ര വർണ്ണിച്ചാലും അധികമാവില്ല. അതുകൊണ്ടുതന്നെ 'സാംസ്കാരിക ഹൃദയമെന്ന വിശേഷണം തൃശ്ശൂരിനെ സംബന്ധിച്ചിടത്തോളം അധികമല്ല

# The Eternal Love

— Aparna K Gokul

It was all the same that day too
I'm crippled in vague thoughts and deeds
amidst the sky hill walls and
high speed touch screens

My friend says nature is the best mother
with its breeze as the lullaby
for the dangling leaves and lives
It's changing phases of autumn paints
mother queries,
The summer is the feeling towards
her crazy son and
winter is the wrapper around her baby
The drizzle is a shower and thunder
is her scary midnight stories

I never felt anything of this sought
For me all these as my friends
fantasies or her soothing of
a disturbed soul

But that day among the whirlpool of cold though
a soft beat rushed to me
The beat pulled me as the black holes

On bare foot, amidst the breeze and
tangled twigs, I felt nature for the first time
The musical beat were the leading foot steps


I sensed my surrounding as a real painting
Painting with affections of care, love and faith
I understood the healing power of nature
The beat became more distinct

Amidst the breezy coolness, unveiling my eyelids
I saw a sandstone sculpture with prolonged lips
But I heard the inner rhythm
"Oh my son" amidst the breeze.



# ഉദയസൂര്യൻ

– Amrutha



കാലം മാറിയെങ്കിലും മനുഷ്യമനസ്സുകളിൽ രാജാവായിത്തന്നെ ചിരകാലപ്രതിഷ്ഠ നേടിയ വ്യക്തിയാണ് ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ. മഹിതമായ പാരമ്പര്യമുള്ള തിരുവിതാംകൂർ രാജകുടുംബത്തിലെ കിരീടം വെക്കാത്ത ആദ്യത്തെ മഹാരാജാവായിരുന്നു അദ്ദേഹം; ഭൂതകാലത്തിൽ ജീവിക്കാത്ത ആധുനികത്വത്തിന്റെ പ്രതിനിധിയും. തിരുവിതാംകൂറിലെ അവസാനത്തെ മഹാരാജാവായിരുന്ന ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ നാടുനീങ്ങിയതിനെത്തുടർന്നാണ് ആ മഹാപുരുഷന്റെ അനുജനായ ഉത്രാടം തിരുനാൾ 1991 ജൂലായ് 19ന് രാജപദവിയേറ്റത്. ജനായത്തഭരണത്തിൽ ആ സ്ഥാനാരോഹണത്തിന് പ്രത്യേകിച്ച് പ്രാധാന്യമൊന്നുമില്ലെങ്കിലും രാജകുടുംബത്തോട് നിസ്സീമമായ ആദരവുള്ള തിരുവിതാംകൂറിലെ ജനങ്ങളിൽ ഭൂരിപക്ഷവും അദ്ദേഹത്തെ പരമാദരണീയനായിക്കരുതി ബഹുമാനിച്ചു. കിരീടവും ചെങ്കോലുമേന്തിയ അധികാരമല്ല, കുലീനവും സ്നേഹോദാരവുമായ പാരമ്പര്യമാണ് മഹത്തായത് എന്ന ജനവിശ്വാസമാണ് ആ ആദരവിൽ തെളിഞ്ഞുനിന്നത്. ഭരണപരമോ രാഷ്ട്രീയമോ ആയ ഉത്തരവാദിത്വങ്ങളൊന്നുമില്ലായിരുന്നെങ്കിലും തിരുവിതാംകൂറിലെ ആത്മീയജീവിതത്തിൽ സ്വപരമ്പരയിലെ മറ്റ് രാജർഷിമാർക്കെന്നപോലെ വലിയ ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തിന് നിർവഹിക്കാനുണ്ടായിരുന്നു. മഹാരാജാവെന്ന നിലയിൽ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ പരമാധികാരിത്വം അദ്ദേഹത്തിനായിരുന്നു. നവരാത്രി പൂജക്കാലത്ത് തിരുവിതാംകൂറിന്റെ പഴയ തലസ്ഥാനമായ പദ്മനാഭപുരത്ത് നിന്ന് തിരുവനന്തപുരത്തേക്ക് എഴുന്നള്ളിക്കുന്ന നവരാത്രി വിഗ്രഹങ്ങളെ നഗരാതിർത്തി-

യിൽ സ്വീകരിച്ച് അകമ്പടി സേവിക്കുന്നതും, ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ടെഴുന്നള്ളത്തുകളിൽ ഉടവാളേന്തി അനുയാത്ര ചെയ്യുന്നതുമായിരുന്നു അദ്ദേഹത്തിന്. പാരമ്പര്യത്തിന്റെ ഭാഗമായി ചെയ്യാനുണ്ടായിരുന്നത്. ശ്രീ പദ്മനാഭദാസനും രാജാവ് നിറവേറ്റുന്ന ആ സന്ദർഭങ്ങൾ ജനങ്ങൾക്ക് പവിത്രവേളകളായിരുന്നു.

മഹാകവി വള്ളത്തോൾ എഴുതിയപോലെ "ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാലാണു ഭൂരിമത്തായ ഭാവിയെ നെയ്യേണ്ടതെന്ന വിശ്വാസമുള്ളവരുടെ ആരാധന പിടിച്ചുപറ്റുന്ന ലളിത ജീവിതമാണ് ഉത്രാടം തിരുനാൾ നയിച്ചത്. ജനാധിപത്യത്തിന്റെ സത്തയെ അംഗീകരിച്ചുകൊണ്ട് എല്ലാവിധ അധികാരസ്ഥാനങ്ങളിൽ നിന്നും അകന്നു നിന്ന അദ്ദേഹത്തിന്റെ സ്ഥാനം ജനമനസ്സുകളുടെ സിംഹാസനത്തിലായിരുന്നു. കവടിയാർ കൊട്ടാരത്തിന്റെ പിന്നിൽ താമസിച്ചിരുന്ന അനന്തപുരിയുടെ പൊന്നുതമ്പുരാനെ നേരിട്ടറിയാനുള്ള മഹത്ഭാഗ്യം എനിക്ക് സിദ്ധിച്ചു. കുട്ടികൾക്ക് അദ്ദേഹം ഒരു മുത്തച്ഛനാണ്, വാത്സല്യത്തിന്റെ നിറകുടം. കാണുമ്പോഴെല്ലാം കുശലാന്വേഷണം ഒരു പതിവായിരുന്നു. അച്ഛന്റെ സുഹൃത്തായ കൊട്ടാരത്തിലെ ഇളയതമ്പുരാൻ ആദിത്യവർമ്മയെ കാണാനായി . കൊട്ടാരത്തിൽ ചെന്നപ്പോഴാണ് അവസാനമായി അദ്ദേഹത്തെ കണ്ടത്. അന്നും പതിവു കുശലാന്വേഷണം ഉണ്ടായിരുന്നു' എന്താണ് അമ്മുക്കുട്ടി ഇപ്പോ കാണാനേ ഇല്ലല്ലോ? ഹൃദയംഗമമായ ബന്ധം തിരുവിതാംകൂർ രാജകുടുംബത്തോടും ഉത്രാടം തിരുനാളുമായും പുലർത്താൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥയാണ്.

"സച്ചിദാനന്ദ സാമ്രാജ്യചക്രവർത്തികൾ താപസർ
അന്നനുഷ്ഠിച്ചുവാണാർ പോലഖിലാനുഗ്രഹവ്രതം"

എന്ന മട്ടിൽ ജീവിച്ച ഒരു മഹിതഭൂതകാല പാരമ്പര്യത്തിന്റെ പ്രതീകമായിരുന്നു ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ.

# നാടകത്തിലെ നാടകം

- Arun Jith, Anto, Arjun T.P.

ഞങ്ങൾ Falconz ന്റെ ആദ്യനാടകം കല്യാണസാരി ഞങ്ങൾക്കൊന്നും മറക്കാനാവാത്തൊരനുഭവമാണ് ഞങ്ങളുടെ കൂട്ടത്തിൽ മുൻപ് നാടകത്തിലഭിനയിച്ചിട്ടുള്ള ഒന്നോ, രണ്ടോ വ്യക്തികളിൽ തുടങ്ങി, ആദ്യമായി അഭിനയിക്കുന്നവരും, എന്തിനു പറയുന്നു നാടകം നേരെ ചൊവ്വേ ഒന്നുകാണാത്തവർകൂടി ഉണ്ടായിരുന്നു എന്നുവേണം പറയാൻ

**നാടകത്തിനുള്ള സ്ക്രീനിങ്ങ്**

നാടകാധ്യാപകൻ ശ്രീ ജെ.പി കുട്ടികളെ നിരത്തിനിർത്തിയിരിക്കുകയാണ് അദ്ദേഹം അവരോട് കരയാനും ചിരിക്കാനും അട്ടഹസിക്കാനുമെല്ലാം ആവശ്യപ്പെടുന്നുണ്ട് അഭിനേതാക്കൾക്ക് അധ്യാപകൻ ആവശ്യപ്പെട്ടത്ര ചിരി വന്നില്ലെങ്കിലും കാണികൾക്ക് ചിരിക്കാൻ ഏറെ വകയുണ്ടായിരുന്നു.

**നാടകത്തിന്റെ റിഹേഴ്സൽ**

ക്ഷയിച്ച ഒരു നായർ തറവാടിനെ ആസ്പദമാക്കിയുള്ള ഞങ്ങളുടെ നാടകത്തിലെ കേന്ദ്രബിന്ദുവെന്ന് പറയുന്നത് കല്യാണസാരിയാണ്.

അമ്മേ...

അമ്മേ, ചായ

അമ്മേ... ചായ

നാടകത്തിലെ മകന്റെ റോളിലെത്തിയ അർജുൻ പി. ഡയലോഗ് പഠിക്കുകയാണ്. വെറും രണ്ട് ഡയലോഗുകൾ മാത്രം എന്നുപറഞ്ഞ് നാടകത്തിലേക്ക് വിളിച്ചുവരുത്തുകയായിരുന്നു ആ പാവത്തിനെ. നാടകത്തിനുശേഷവും ഈ ഡയലോഗുകൾ ഹോസ്റ്റലുകളിൽ അലയടിച്ചിരുന്നു സാറു വരുന്നതുവരെ ഡയലോഗുകൾ കൃത്യമായി പറഞ്ഞിരുന്ന ഞങ്ങളുടെ നടീനടൻമാർ സാറിനെ കാണുന്നതോടെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഒരു ശകാരത്തോടുകൂടി 'Absent mind' ലേക്ക് പോകുന്നത് ഞങ്ങളെത്തൊട-

യാണ് ഞങ്ങൾ വീക്ഷിച്ചത്. Examination ന് ബൈഹാർട്ട് പഠിച്ച് ശീലിച്ചിട്ടുള്ള പാവം എന്റെ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥിസുഹൃത്തുക്കൾ ഡയലോഗുകൾ ഹൃദിസ്ഥമാക്കാൻ നന്നേ പാടുപെടുകയായിരുന്നു.

ചൂലു പിടിക്കാനും മുരിങ്ങയില നന്നാക്കുവാനും കൂടി അറിയാത്ത പെൺകുട്ടികൾ ഈ അഗ്രി. പ്രൊഫഷണൽ കോളേജിൽ ഉണ്ടെന്നറിഞ്ഞപ്പോൾ ഞാൻ അക്ഷരാർത്ഥത്തിൽ അന്ധാളിച്ചുപോയി.

ഷർട്ട് ഊരി ബനിയനിട്ട് അഭിനയിക്കാൻ മടിച്ചിരുന്ന അർജുൻ ടി.പിക്ക് (ഞങ്ങളുടെ CRP (പപ്പ)) അവസാനം ആ കടുംകൈയ്ക്കു കൂടി മുതിരേണ്ടിവന്നു.

## നാടകത്തിനുള്ള സെറ്റടിക്കൽ

നാടകത്തിന് സെറ്റടിക്കുന്നതിനെക്കുറിച്ച് സീനിയേഴ്സ് പറഞ്ഞ അറിവേ ഞങ്ങൾക്കാദ്യം ഉണ്ടായിരുന്നുള്ളൂ. അന്നേന്ന് രാത്രി ഞാനും CRPയും മാഡം സെറ്റടിക്കുകയും ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തുക്കൾ യാതൊരു സങ്കോചവുമില്ലാതെ കിടന്നുറങ്ങിയതും തെല്ല് അമർഷത്തോടെ ഞാൻ ഇപ്പോഴും ഓർക്കുന്നു. ഇതിനൊരു രസകരമായ ending കൂടിയുണ്ട്. രാത്രി ഏറെ വൈകിയാണ് സെറ്റടി കഴിഞ്ഞ് ഉറങ്ങിയത്. പിറ്റേന്ന് അവിടെ പ്രാക്ടീസ് സംഘം വന്ന് തട്ടിയുണർത്തുകയായിരുന്നു ഞങ്ങളിൽ പലരും ഉണർന്നത്.

## അവസാനവട്ട റിഹേഴ്സൽ

എല്ലാ ഡയലോഗുകളും ഒരേ പോലെ സംസാരിച്ചിരുന്ന സായിപാർവതി എന്ന ഞങ്ങളുടെ നാടകത്തിലെ 'മകളെ' മാറ്റിയെടുക്കാൻ ഞങ്ങളുടെ അധ്യാപകൻ ശ്രീ. J.P ക്ക് ഭഗീരഥപ്രയത്നം തന്നെ വേണ്ടിവന്നു. അവരോട് [illegible]ച്ചിട്ടും യൗവ്വനത്തിന്റെ [illegible]കൾ കടും [illegible] അവസാനിച്ചിട്ടില്ലാത്ത വാല്യക്കാരിയുടെ മകളുടെ ഡയലോഗുകളും മറ്റു നടീനടന്മാരിൽനിന്നെല്ലാം

വ്യത്യസ്തമായി, ഏറ്റവും മികച്ച രീതിയിൽ അവതരിപ്പിച്ച് അവൾ നിറഞ്ഞ കൈയ്യടി വാങ്ങി. ആ ശാലീനസുന്ദരിയായ യുവതിയുടെ കണ്ണാടിപ്രണയത്തെക്കുറിച്ച് സൂചിപ്പിക്കാതിരിക്കുന്നത് ഞാൻ ബന്ധികയോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമായി തോന്നിയതിനാൽ പറയാം. പല്ലു തേച്ചു വന്നാൽ, അലക്കാൻ പോകാൻ നേരം തുണിയെടുക്കുമ്പോൾ, എന്തിനധികം പറയുന്നു കണ്ണാടിവെച്ച മുറിയിൽ കയറിയാൽ കണ്ണാടി നോക്കാതെ ഇറങ്ങുന്നത് അവൾക്ക് ഒരഭിമാനപ്രശ്നം തന്നെയായിരുന്നു. എന്നാൽ അവളെ ഏറ്റവും കൂടുതൽ ആകർഷിച്ചിരുന്ന ഒരുവസ്തു അവളുടെ അമ്മയുടെ കല്യാണ സാരിയായിരുന്നു അമ്മ നിധിപോലെ സൂക്ഷിക്കുന്ന സ്വത്ത്.

കഠിനാധ്വാനിയായ അയൽക്കാരിയുടെ വേഷം ചെയ്ത ടിവാൻഡ്രംകാരി ആര്യശ്രീ ഒരു വേറിട്ട കഥാപാത്രമായിരുന്നു. പാലു-കൊടുക്കലും പഞ്ചായത്തിലേക്ക് കോഴിയെ വാങ്ങാൻ പോകലും എന്നു-തുടങ്ങി ഒരു സ്ത്രീയെന്ന നിലയിൽ തന്നെക്കൊണ്ടാവുന്നതെല്ലാം കുടുംബ-ത്തിനും നാടിനും വേണ്ടി ചെയ്യുന്ന അവൾ ഞങ്ങളുടെ നായികയായ 'അമ്മ' സുശീലേടത്തിയെ അത്ഭുതം കൊള്ളിച്ച വ്യക്തിപ്രഭാവമായിരുന്നു.

മറ്റൊരു അയൽക്കാരി റോളിലെത്തിയ അമൃത മുഖത്തെ ചെറുപ്പം നോക്കാതെ അഭിനയിപ്പിച്ചു ഫലിപ്പിച്ചു. രംഗത്തിന്റെ വലു-പ്പവും ചെറുതായിരുന്നു.

ഇനിയുള്ളത് ഞങ്ങളുടെ നാടകത്തിലെ കേന്ദ്ര-കഥാപാത്രങ്ങളായ സുശീലേടത്തിയും നായർ ഗൃഹനാഥനുമാണ്. അതായത് അനഘയും അർജുൻ ടി.പിയും. ചിരി കൂടെപ്പിറപ്പായിട്ടുള്ള ഞങ്ങളുടെ നായിക നാടകത്തിന്റെ റിഹേഴ്സലുകളിൽ നന്നേ പാടുപെട്ടു.

മകനോടും ഭർത്താവിനോടും ദേഷ്യമുള്ള സംഭാഷണത്ത-ലങ്ങളിലെ അവളുടെ വികാരനിർഭരമായ ഭാവാഭിനയങ്ങൾ ഞങ്ങൾ-ഓരോരുത്തരെയും കോരിത്തരിപ്പിച്ചു. ആ നായർ സ്ത്രീയുടെ നിസ്സഹായത

കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി, തറവാട്ടുമഹിമ എന്നിവയ്ക്കിടയിൽ നിന്നുകൊണ്ട് അവൾ ശ്വാസം മുട്ടുകയായിരുന്നു.

പിന്നെ ഞങ്ങളുടെ ഹീറോ അർജ്ജുൻ ടി പി അവന്റെ തടിച്ച ശരീരപ്രകൃതി അവനൊരു മധ്യവയസ്കന്റെ പ്രായം സമ്മാനിച്ചെന്നു വേണം കരുതാൻ.

**നാടകം അരങ്ങേറുന്നു.**

കർട്ടൻ ഉയർത്തുമ്പോൾ ദൃശ്യമാകുന്ന നായർഭവനം. രംഗങ്ങൾ ഓരോന്നോരോന്നായി മിന്നിമറയുന്നു. സ്റ്റേജിൽ നടന്നുപോകുന്നതിന്റെ ദിശ മാറിയതിനാൽ അടുത്ത രംഗത്തിലഭിനയിക്കാൻ വേണ്ടി ഞങ്ങളുടെ നാടകത്തിലെ മകന് സദസിനെ ഒന്നു വലംവെക്കേണ്ടിവന്നു. ഭാര്യയുടെ ആത്മഹത്യാശ്രമത്തോടെ ബോധോദയം ഉണ്ടായ ഗൃഹനാഥൻ ജോലിയെടുക്കാൻ തയ്യാറാവുന്നിടത്ത് നാടകത്തിന് തിരശ്ശീല വീണു. അഭിനയരംഗത്തിന്റെ മികവ് കൊണ്ട് വേറിട്ട്നിന്ന ഞങ്ങളുടെ നാടകം എവർക്കും ആസ്വാദ്യകരമായിരുന്നു.

**സമ്മാനവിതരണവേദി**

മികച്ച നടൻ: അർജ്ജുൻ ടി.പി ഗൃഹനാഥൻ.

തന്നോടൊപ്പമുള്ള രംഗങ്ങളിൽ അമ്മ നന്നായഭിനയിച്ചിട്ടില്ലെന്നും അതുകൊണ്ടു മാത്രമാണ് തന്റെ സമ്മാനം പോയതെന്നുമുള്ള ആരോപണവുമായി മകൻ അർജ്ജുൻ പി രംഗപ്രവേശനം ചെയ്യുന്നു. ഇതുകേട്ട് അമ്മ സുശീലേടത്തി വീണ്ടും ധർമ്മസങ്കടത്തിലാവുന്നു.

രാത്രി ഏറെ വൈകിയിരിക്കുന്നു

ശുഭരാത്രി.

# My Sometimes Best Friend

– Aryasree S.L.

How can you know me ?
When I barely know myself
How can you laugh with me ?
When I am crying inside
I told you once, how I felt
Your ice cold heart didn't even melt
You didn't believe any word I said
You'd be surprised when I end up dead
How can you talk about me ?
When you don't know the real me
You never like anything I do
Eventhough most
My 'sometimes' best friend
Who is supposed to be with me until the end
But you leave me all the time
And never seems to see me behind.
Struggling to stop you.
Hurrying to please you
You never see my feelings
Only yourown
This makes me feel unhappy
But this, you've already known.

# 2013 - സിനിമാവലോകനം

- Nasreen V.

'2013'- കേരള സിനിമാ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതി ചേർക്കപ്പെട്ട വർഷം. റിലീസ് ചെയ്ത സിനിമകളുടെ എണ്ണം എടുത്തു നോക്കിയാൽ മലയാള സിനിമയുടെ സുവർണകാലമാണ് കടന്നുപോയത്. 12 മൊഴിമാറ്റ ചിത്രങ്ങളുൾപ്പെടെ 170 സിനിമകളാണ് കഴിഞ്ഞവർഷം പ്രദർശനശാലകളിൽ മലയാളികളെ എതിരേറ്റത്. പക്ഷേ ഈ 170 ചിത്രങ്ങളിൽ 16% മാത്രമേ ഹിറ്റ് ചാർട്ടിൽ ഇടം നേടിയിട്ടുള്ളൂ എന്നത് ഒരു നഗ്ന സത്യമാണ്. ഡിജിറ്റൽ ക്യാമറകൾ തുറന്നിട്ട സാധ്യതകളും സാറ്റലൈറ്റ് റൈറ്റ് എന്ന സുരക്ഷിതത്വബോധവുമാണ് ഈ മുന്നേറ്റത്തിന് പിന്നിൽ പ്രവർത്തിച്ചത്.

ഒരുപാട് നവാഗത സംവിധായകർ മലയാള സിനിമയിലേക്ക് അരങ്ങേറ്റം കുറിച്ചു എന്നതാണ് 2013-നെ ശ്രദ്ധേയമാക്കുന്ന മറ്റൊരു വസ്തുത. 2013 ൽ പുറത്തിറങ്ങിയ 156 സിനിമകളിൽ 73 എണ്ണവും നവാഗത സംവിധായകരുടെ കൈയ്യൊപ്പ് പതിഞ്ഞവയാണ്. സംവിധാനത്തിൽ മാത്രമല്ല, ക്യാമറയ്ക്കു മുന്നിലും പിന്നിലുമുള്ള സകല മേഖലകളിലും പുതിയ തലമുറ ആധിപത്യം ഉറപ്പിക്കുന്ന കാഴ്ചയ്ക്കാണ് 2013 ൽ നാം സാക്ഷ്യം വഹിച്ചത്.

മലയാള സിനിമ പ്രതിസന്ധികളെ പൂർണമായും അതിജീവിച്ചു എന്നു പറയാനാവില്ല. മുൻകാലത്തെ പോലെ തിയേറ്ററുകളെ പൂരപ്പറമ്പാക്കുന്ന സിനിമകൾ ഇന്ന് മലയാളത്തിന് അന്യമാണ്. പല തമിഴ്, ഹിന്ദി സിനിമകൾക്കു കിട്ടുന്ന ഇനിഷ്യൽ പോലും മലയാള ചിത്രങ്ങൾക്കു കിട്ടുന്നില്ല. തിയേറ്ററുകളിൽ നിന്നുള്ള കളക്ഷൻ കൊണ്ടു മാത്രം മുടക്കു മുതൽ തിരിച്ചുപിടിക്കാൻ പറ്റാത്ത സാഹചര്യങ്ങളിലാണ് സാറ്റലൈറ്റ് റൈറ്റ് എന്ന കച്ചിത്തുരുമ്പാണ് ഇവിടെ രക്ഷകനായി അവതരിച്ചിട്ടുള്ളത്.

21-ാം നൂറ്റാണ്ടിലെ ആദ്യ ദശകത്തിൽ താരാധിപത്യത്തിന്റെയും, അമാനുഷിക കഥാപാത്രങ്ങളുടെയും കൊടികുത്തി വാഴ്ചയായിരുന്നു, നമ്മുടെ സിനിമയുടെ മുഖക്കുറി. എന്നാൽ 2011 ആയപ്പോഴേക്കും മലയാള സിനിമയിൽ മാറ്റത്തിന്റെ അലയൊലി വീശിത്തുടങ്ങി. ട്രാഫിക്, ചാപ്പാക്കുരിശ്, സാൾട്ട് ആന്റ് പെപ്പർ, ബ്യൂട്ടിഫുൾ, ആദാമിന്റെ മകൻ അബു തുടങ്ങിയ ചിത്രങ്ങളുടെ വിജയം ആ മാറ്റത്തിന്റെ തെളിവായിരുന്നു. 2013 ൽ ആഖ്യാനത്തിലും പ്രമേയത്തിലും വ്യത്യസ്തത പുലർത്തിയ ചിത്രങ്ങളാണ് ആമേൻ, മുംബൈ പോലീസ്, നീലാകാശം പച്ചക്കടൽ ചുവന്ന ഭൂമി, അന്നയും റസൂലും, വെടി വഴിപാട്, ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ് തുടങ്ങിയവ.

പുറത്തിറങ്ങിയ 170 ചിത്രങ്ങളിൽ കലാമൂല്യമുള്ള സിനിമകൾ തെരഞ്ഞെടുക്കാൻ ശ്രമിക്കുമ്പോഴാണ് എണ്ണവും ഗുണവും തമ്മിലുള്ള അന്തരം വ്യക്തമാവുക. മലയാളത്തിലെ ആദ്യ സിനിമയുടെ കഥ പറഞ്ഞ സെല്ലുലോയ്ഡ്, ഒരു നാടോടിക്കഥയുടെ സൗന്ദര്യം സമ്മാനിച്ച ആമേൻ, ഒരു സ്കൂൾ കുട്ടിയിലൂടെ ജീവിതത്തിലെ ആഴമേറിയ ചോദ്യങ്ങളെ സരളമാക്കി ആഖ്യാനം ചെയ്ത 101 ചോദ്യങ്ങൾ, ചില സമകാലിക സാമൂഹ്യ യാഥാർത്ഥ്യങ്ങളെ സത്യസന്ധമായി ആവിഷ്കരിച്ച 'ഗോഡ് ഫോർ സെയിൽ', ഷട്ടർ, ഫിലിപ്സ് ആന്റ് ദി മങ്കി പെൻ, നടൻ എന്നിങ്ങനെ ശ്രമിച്ചാലും കലാമൂല്യമുള്ളവ പത്തെണ്ണമെങ്കിലും തികയ്ക്കുക പ്രയാസകരമാണ്.

ഈ സിനിമകൾ ജനവിരുദ്ധ സമരങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ, സ്വവർഗ്ഗലൈംഗികത പോലുള്ള സാമൂഹ്യ പ്രസക്തമായ വിഷയങ്ങളെല്ലാം തന്നെ കൈകാര്യം ചെയ്തിട്ടുമുണ്ട്. കഴിഞ്ഞ വർഷം മലയാള സിനിമയുടെ താരമായി മാറിയത് ഫഹദ് ഫാസിലാണ്. നായകനായും അല്ലാതെയും 12 ഓളം ചിത്രങ്ങളിൽ മികച്ച വേഷങ്ങൾ ചെയ്ത

ഫഹദ്, പാരമ്പര്യ നായക സങ്കൽപങ്ങളെ പൊളിച്ചെഴുതിയാണ് സ്വീകാര്യത സ്വന്തമാക്കിയത്. യുവതാരങ്ങളുടെ തള്ളിക്കയറ്റത്തിനിടയിലും സൂപ്പർ താരങ്ങൾക്ക് പ്രേക്ഷകർക്കിടയിലുള്ള സ്വീകാര്യത കുറഞ്ഞിട്ടില്ല, പന്ന് 'ഇമ്മാനുവൽ', 'ദൈവത്തിന്റെ സ്വന്തം ക്ലീറ്റസ്', 'സൗണ്ട് തോമ' തുടങ്ങിയ ചിത്രങ്ങളുടെ വിജയം തെളിയിച്ചു.

കഥാമൂല്യമില്ലെങ്കിൽ സംവിധായകന്റെയോ അഭിനേതാക്കളുടെയോ താരപരിവേഷമൊന്നും സിനിമയുടെ രക്ഷക്കെത്തില്ല എന്നു തന്നെയാണ് ലേഡീസ് ആന്റ് ജെന്റിൽമാൻ, കടൽ കടന്ന് ഒരു മാത്തുക്കുട്ടി, ഗീതാഞ്ജലി, കളിമണ്ണ്, സിഞ്ചർ, ലോക്പാൽ, ഏഴാമത്തെ വരവ്, ക്യാമൽ സഫാരി, ഒറീസ, കുഞ്ഞനന്തന്റെ കട തുടങ്ങിയ ചിത്രങ്ങളുടെ പരാജയം നൽകുന്ന സൂചന. ഈ തിരിച്ചറിവാണ് പുതുവർഷത്തിലേക്ക് കടക്കുന്ന മലയാള സിനിമയ്ക്ക് 2013 നൽകുന്ന ദിശാപാഠം.

# ക്ലാ... ച... (ക്ലാസിലെ ചളികൾ)

- Fadiya, Daly, Shamsida.

വെള്ളിയാഴ്ച, സമയം 4 മണി കഴിയുന്നു. ചായ കുടിക്കാനെത്തിയിട്ടും Soil practical കഴിഞ്ഞതിന്റെ ആഘാതത്തിൽ നിന്നും മുക്തരായിട്ടില്ല B-Batch. അപ്പോഴേക്കും FALCONZZZ.... എന്ന് Apago മുറവിളി തുടങ്ങിയിരുന്നു.

"എല്ലാരും ഇഷ്ടം തന്നെ Plot ലേക്ക് ഇറങ്ങുക, 'പശെ' Spade must ആണേ....." ഇതാണ് ഞങ്ങളുടെ Apago !!! അവൾക്ക് മലയാളം കൊഞ്ചം കൊഞ്ചം തെരിയും 'പശെ' വേണ്ടിടത്ത് വേണ്ട പോലെ ഉപയോഗിക്കാൻ അറിയില്ലാട്ടോ.... RA-Role ആണ് Apago എന്ന പേര് Contribute ചെയ്തത്. ക്ലാസിൽ Role ആക്കാൻ കിട്ടുന്ന അവസരവും അവൾ പാഴാക്കാറില്ല. RA ക്ക് Role പട്ടം കൊടുത്തതോ നമ്മുടെ തലശ്ശേരിക്കാരൻ, കുഞ്ഞൻ പൃഥ്വി!!!



Apago യും കൊച്ചി Leemaയും മുന്നിലും പിന്നാലെ ഞങ്ങളും കുതിച്ചു. അങ്ങനെ തട്ടിയും മുട്ടിയും ഒരുവിധം എല്ലാവരും Plotൽ Land ചെയ്തു. ഒന്ന് ചിരിച്ച് പോയാൽ ആകാശം ഇടിഞ്ഞു പോകും എന്ന മട്ടിലാണ് TPയുടെ നിൽപ്പ്. Shanu വിന്റെ സ്വന്തം 'Pappa'. നാണം കുണുങ്ങിയായ Shanu വിനെ "പപ്പയുടെ സ്വന്തം പപ്പിമോൾ" എന്ന് വിശേഷിപ്പിച്ചുകൊണ്ടങ്ങനെ പാറിനടക്കുകയാണ് നമ്മുടെ "Father of scientific name"- Jith !!!. ഒന്ന് attendence വിളിച്ചാൽ ഞാനങ്ങ് പോയേക്കാമേ.... എന്ന ഭാവമാണ് freeken Aswin-ന്. വന്നവരായി! എന്ന് കരുതി Miss attendance എടുത്തു തുടങ്ങി. 1,2,3,4,5 .... 39. 39, 39 ??? Megha... absent ആണോ??? 'അല്ല Miss....' എന്ന പതിവ് പല്ലവി ആവർത്തിക്കാൻ Megha മറന്നില്ല. അരണയുടെ മറവിയാണവൾക്ക്... സ്വന്തം Batchmateന്റെ പേര് വരെ മറക്കും. മറ്റു ചിലരുടെ കണ്ണ് Miss ന്റെ ക്യാമറയിലേക്കാണ്. കുറച്ച് പേരാകട്ടെ സ്വന്തം Plot മനസ്സിലാകാതെ നട്ടം തിരിയുന്നു. ആകെ കലപില. Class number ന് പകരം Mess number ഉം പറഞ്ഞിരിപ്പല്ലേ Mirfath. "എടി ഒന്ന് മുണ്ടാണ്ടിരിക്കടി...." എന്ന് പറഞ്ഞ് ലക്ഷദ്വീപിന്റെ മാപ്പിളപ്പാട്ടുകാരൻ

ഇവരുടെ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാൻ വെപ്രാളപ്പെടുന്നു. Dalymol കല്ലും മണ്ണുമെടുത്ത് മറ്റുള്ളവരെ എറിയുന്ന തിരക്കിലാണ്. വടിയെടുക്കുകയല്ലാതെ Musthu പിന്നെന്തു ചെയ്യും !!!

ഒരു വശത്ത് Mound എടുക്കുന്നതിന്റെ scientific വശങ്ങളെപ്പറ്റി ക്ലാസെടുക്കുന്ന തിരക്കിലാണ് 'Thazhath'. Geethu വാക്കതേ തൽസമയം सुमन ജിക്ക് തർജ്ജമ ചെയ്തു കൊടുക്കുന്നുമുണ്ട്. തന്നെക്കാളും വലിയ തൂമ്പയും പേറി മണ്ണിനോടു മല്ലിടുകയാണ് കുഞ്ഞു Sojan. അവളെ സഹായിക്കാനായി 'പരോപകാരി' Divya Madhu വും. Divya, Diya, Sojan എന്നീ ത്രിമൂർത്തികളിൽ Diya തീർത്തും വ്യത്യസ്തയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ഇപ്പോ ഏകദേശം എല്ലാവരും Mound എടുത്തുതൊടങ്ങിയിരിക്കുന്നു. അപ്പോഴാണ് കീ കീ എന്നൊരു ദീനരോദനം കേട്ടത്. Grichu ഇതുവരെ Mound എടുത്തത് Gokul ന്റെ Plot ലാണ്. Gokul absent ആയത് നന്നായി "കള്ളവുമില്ല ചതിയുമില്ല എള്ളോളമില്ല പൊളിവചനം" ഇതാണ് ഞങ്ങളുടെ Gokul. ഹൊ ഇതെല്ലാം സഹിക്കാം! ആ Fadi ബുജ്ജിടെ Sound ????! ചീവീടിനെ തോൽപ്പിക്കും.... Afee....ee എന്ന വിളി Plot ൽ മുഴങ്ങി കേൾക്കാനുണ്ട്. Afi ബുജ്ജിയെ അറിയില്ലേ?? Class ലെ 1st number. "A" എന്ന് എവിടെ കേട്ടാലും 'Present sir' എന്നു പറയുന്ന 3D കണ്ണടക്കാരി.

ടീച്ചറുടെ ക്യാമറയിലേക്കാണ് ചടിമാമന്റെ കണ്ണ്, അല്ലെങ്കിലും Photo ക്ക് പോസ് ചെയ്യാൻ "ചന്തുവിനെ തോൽപ്പിക്കാനാവില്ല മക്കളേ". Falcons ന്റെ ആദ്യ 'മണവാടി' Basi കുടക്കീഴിൽ സ്വപ്നം കണ്ടിരിപ്പാണ്.

Class നെക്കുറിച്ച് പറയുകയാണെങ്കിൽ Nasreen ന്റെ അട്ടഹാസത്തെ പറ്റി പറയാതെ വയ്യ. Class ഒന്ന് ബോറടിച്ചാലോ !! ഉടൻ തന്നെ "Grumby-face" കാണിച്ച് ടീച്ചറെ പേടിപ്പിക്കും. Teacher ഉണ്ടായാലെന്താ, ഇല്ലെങ്കിലെന്താ, Antappan എപ്പോഴും FB യിൽ മുഴുകിയിരിപ്പുണ്ടാവും.

Mound എടുക്കൽ പകുതിയായപ്പോഴാണ് Kuthu ഉം Comma യും പിന്നെ

Merin ഉം രംഗപ്രവേശം നടത്തിയത്. Merin ഇപ്പോഴും അവളെ വെട്ടിലാക്കിയ Longicorn beetle നെ നിനച്ചിരിപ്പാണ്. എന്തു കാര്യമായാലും രണ്ട് മഞ്ജുക്കളും സമാധാനിപ്പിക്കാൻ ഇടതും വലതും സദാസന്നദ്ധരാണ്. എന്നാലും Arya P.S ന്റെ Room mate ആയിട്ടും Punctuality എന്താ ഇവർ പഠിക്കാത്തത്? എന്തായാലും ക്ലാസിൽ Kikkili ചേട്ടത്തി നേരത്തെ Present ആണ്.

Plot ന്റെ അങ്ങേ തലപ്പത്ത് കാണുന്നതോട് ഭാഷയിൽ സദാ-ചിലച്ചിരിപ്പാണ് അനു. Horticos ന്റെ 'കലാതിലകം'. Anu വിനെപ്പറ്റി പറഞ്ഞാൽ 'മകൾ' Anagha യെ പറ്റി പറയാതിരിക്കാൻ വയ്യല്ലോ ?? ഉറങ്ങി Mark Score ചെയ്യാൻ അവളെ കഴിഞ്ഞേ മറ്റൊരാളുള്ളൂ.

പിന്നെ Anjana, കുട്ടി ആന Plot മെതിച്ച് നടക്കുന്നത് കാണാൻ തന്നെയുണ്ടൊരു ചന്തം. LV - ലോകവളിപ്പിന്റെ ഉപജ്ഞാതാവ് WhatsApp ൽ നിന്നിറങ്ങുന്ന സമയം വിരളമാണ്. അതുകൊണ്ടല്ലേ Athulya FM ലൂടെ പണികൊടുത്തത്. Athulya - നിഷ്കളങ്കത നെഞ്ചിലേറ്റിയ നാടൻ പെൺകുട്ടി. Amru വാണെങ്കിൽ ചാണകത്തിൽ ചവിട്ടിയ ഇളിഞ്ഞ ചിരിയുമായി നിൽപ്പാണ്. ഇപ്പോഴത്തെ ചിരിക്കു കാരണം മറ്റൊന്നുമല്ല. Anju - M - Job സഹായാഭ്യർത്ഥനയുമായി എത്തിയിരിക്കുകയാണ്. അവളുടെ Mound ന് height കുറവാണെന്നാണ് വാദം. പാവം Amru !! കഷ്ടകാലമെന്നല്ലാതെ എന്തുപറയാൻ.

തൊട്ടപ്പുറത്ത് Aneeskka അതിവിദഗ്ദമായി ടവ്വൽ കൊണ്ട് മുഖം മറയ്ക്കുന്ന തിരക്കിലാണ്. കഷ്ടിച്ച് രണ്ട് ഉണ്ടക്കണ്ണുകൾ മാത്രം കാണാം. മഴയായാലും വെയിലായാലും Mound എടുക്കുന്നതിൽ നിന്ന് പിൻവാങ്ങില്ല എന്ന വാശിയിലാണ് Anju. S. Sportsman spirit ഓടുകൂടിയാണ് Aryasree Mound എടുക്കൽ എന്നൊട്ടത്. ഞങ്ങളുടെ പട്ടുറാണി Meenamma ക്ക് ചുപരം അടക്കിവെക്കാൻ കഴിയുന്നില്ല. 20° തല ചെരിച്ചുവെച്ച് നടപ്പാണ് ദർശന, അവളേതോ നൊസ്റ്റാൾജിക് feel ലാണെന്ന് തോന്നുന്നു.

Jaz, ആകെ വെപ്രാളത്തിലാണ്. ഒരു സമയം കൊണ്ടു

തന്നെ എന്ത പെൺകുട്ടികളെ handle ചെയ്യണം. Dude, bro എന്നീ അഭിസംബോധനകൾ അവനല്ലാതെ വേറെ ആർക്കാ യോജിക്കുക. Sai mound എടുക്കുന്നതിനിടയിലും Sai insect നെക്കുറിച്ചുള്ള ഗവേഷണത്തിലാണ് എങ്ങനെയെങ്കിലും ഒരു entomologist ആകണമെന്നാണ് അവളുടെ ജീവിതാഭിലാഷം.

Sruthi surendran Sett കൊണ്ട് [illegible]. Sett വാങ്ങാനായി Anju Viswanathan ഓടുന്നു. Class ലേക്ക് ഏറ്റവും അവസാനം Admission നേടിയ ആളാണവൾ. കൂട്ടുകാരി Swathy വളരെ നാണത്തോടെയാണ് Sett വാങ്ങുന്നത്, Falconz ന്റെ മണവാട്ടി. ഈ Dayscholars ൽ നിന്നെല്ലാം വ്യത്യസ്തയാണ് Sruthy K.T Batch ലെ ബുദ്ധിമാനായ Anit ന്റെയും Anseera യുടെയും ഉറ്റ തോഴി. ഇവർ എന്നും Perfect ആയേ ചെയ്യൂ....

സമയം ഏകദേശം അഞ്ചര ആയിട്ടുണ്ട്. Raeesa യും Shamsi-യും തിരക്കിട്ട് Jasmine നെയും Priyatha യെയും സഹായിക്കുകയാണ്. Shamsi എന്നത് hostel ൽ Violent ആയും College ൽ Silent ആയും കാണപ്പെടുന്ന ഒരു പ്രത്യേകതരം ജീവിയാണ്. Raeesa കണ്ണുരുട്ടി ആളെ പേടിപ്പിക്കുമെങ്കിലും അവളൊരു പരോപകാരിയാണ്. Jasmine ... ആളൊരു പാവം. പിന്നൊരു പ്രശ്നം ഉള്ളത് ഉറക്കം Main hobby ആക്കിയതാണ്. അത് ഏത് Madhu sir ആയാലും അവൾ ഉറങ്ങിയിരിക്കും. Priyatha ക്ക് ആകെ പൊക്കമുണ്ടെന്നേയുള്ളൂ ഒരു കാറ്റടിച്ചാൽ അവൾ വീണു പോകും. Plot ലോ ക്ലാസിലോ എവിടെപ്പോയാലും ഈ Roommates എപ്പോഴും എന്തിനും ഒരുമിച്ചാണ്.

Sajin തനിക്ക് കഴിയുംവിധം സഹായിച്ചുകൊണ്ട് Plot ൽ തന്നെയുണ്ട് ആർക്കും എന്തും വാരിക്കോരി കൊടുക്കാൻ ഒരു മടിയും ഇല്ലാത്ത പാവം കോട്ടയം അച്ചായൻ. Sett എല്ലാം നട്ടു കഴിഞ്ഞ്, വെള്ളം നനക്കാൻ Can book ചെയ്യാനുള്ള ഓട്ടത്തിലാണ് Shemeena യും Shyma യും.

(പ്രയാണം)

Neenu വും തൊരുമ്മോളും ആകെ ക്ഷീണിച്ച് Plot ന്റെ ഒരു Corner ൽ നിൽപ്പുണ്ട് എന്നിരുന്നാലും Falconz നു വേണ്ടി compare ചെയ്യാൻ ഈ മിടുക്കികളേയുള്ളൂ.

മറ്റൊരു ഇരുവർ കൂട്ടം Ramsi യും VM ഉം ഇരുവരും നല്ല എഴുത്തുകാരികളാണ്. Ramsi ക്ക് ഇംഗ്ലീഷാണെങ്കിൽ VM ന് മലയാള-മാണായുധം.

Plot കഴിഞ്ഞു എന്ന Apago യുടെ അറിയിപ്പ് കിട്ടിയതും എല്ലാവരും hostel ലക്ഷ്യമാക്കി കുതിച്ചു. ഇനിയടി hostel ൽ വെച്ച്.

ഇതാണ് ഞങ്ങൾ 61 പേരടങ്ങുന്ന Falconz കുടുംബം. കുടുംബത്തിലെ ഏതാനും നിമിഷങ്ങൾ മാത്രമാണ് ഇവിടെ പകർത്തിയത്.

# The [redacted]od Of Crick[redacted]

– Gokul, Swaena E.



മഞ്ഞുവീണ ഗിരിനിരകളും,
നിശബ്ദമായ താഴ്വരകളും
താണ്ടി ഇവൾ മുന്നേറുകയാണ്.
കൈയ്യിൽ ഉയർത്തിപ്പിടിച്ച
ഖഡ്ഗമല്ല, കണ്ണിൽ
പ്രതികാരത്തിന്റെ ജ്വാലകളു-
മല്ല, ചുണ്ടിൽ വിരിഞ്ഞ
പുഞ്ചിരിയും, ഹൃദയത്തിന്റെ വിശുദ്ധി-
യുമാണ് ഇവളുടെ ആയുധം. ഇന്നിന്റെ
'നെറികെട്ട' നേരിനു മുന്നിൽ ഇവൾ പതറാതിരിക്കട്ടെ.



# Voilence Against Women On The Rise In Kerala



– Chandana S.

Why does a state that boasts Indias highest literacy levels and excellent social development indicators see a 300% increase in violence against women? Possibly because literacy and education do not change mindsets. In a deeply patriarchal society, education teaches women only to good wives and mothers.

According to report, greatest number of cases have been filed from Rajasthan (3,440) where no protection officers have been appointed or any infrastructure where put in place. Second comes Kerala, with 1028 cases registered under the PWDVA.

Regarding the prevalence rates of domestic violence in Kerala, the figures vary. The recent national Family Health Survey seems to suggest that domestic violence affect only 16% of families. According to a studies conducted by International Center for Research on Women and International Clinical Epidemiologist Network, Thiruvananthapuram, the capital of Kerala has been ranked first five cities in India for being prevalent in domestic violence.

Another gender-based violence in Kerala undertaken by Sakhi in 2009 for Kerala governments development of health

revealed that 40% of respondents had experienced violence in their home at some point of their lives

Those figures vary so much because of the general misconception that gender-based violence constitutes only physical violence. The UN declaration of Elimination of Violence against women defines gender based violence as "any act of violence against women that results in or is likely to result in physical, sexual or psychological harm or suffering to women, including threats of such acts, coercion or arbitrary deprivations of liberty, whether occurring in public or private spaces". There are several theories on why people resort to violence. Some focus on the individual aggressor, with psycho-pathological explanations that hinge on personality traits. Others take socio pathological view that argues that external environment plays a large role in individual's behaviour.

But thanks to high levels of literacy, greater awareness, re-addressal mechanics etc which could help women move forward as seen in recent times. Women should themselves make sure that their rights are protected. Respect for women indicate the status of a society. So showing respect shows the status of the society and thereby the status of the nation.

# ഒരു കോൺടോപ്പിനുള്ളിലെ പ്രണയം

- Merin

ഐസ്ക്രീം നുകരാത്ത കൂട്ടുകാരിനിയുണ്ടോ,
പ്രണയസുഖമറിയാത്ത മാനസമിവിടുണ്ടോ?
ഇല്ലില്ലയെന്നാണു നിങ്ങൾ പറഞ്ഞാലും
വിശ്വസിക്കില്ല ഞാൻ അപ്പൊയ്മൊഴികളെ
എന്തിനെന്നോ ഞാനീ ചോദ്യമാരാഞ്ഞത്,
ഐസ്ക്രീമും, പ്രണയവും തമ്മിലുണ്ടല്ലോ
നിർവ്വചിക്കാം വിധമൊരവിഹിത ബന്ധം
പാർക്കുകളിലൈസ്ക്രീം നുണഞ്ഞിരിക്കും,
എത്ര കമിതാക്കളെ കാണുന്നു ദിനവും ഞാൻ।
അയ്യോ, അതല്ലല്ലോ ചോദിച്ച കാര്യം

പ്രണയത്തെ ഐസ്ക്രീമുമായെങ്ങനെ ഉപമിക്കും??
കസാറ്റ, ഫൺഡേയോ, മാംഗോഡബിൾസോ
അതോ കപ്പോ, കോൺടോപ്പോ ഏതിനോടുപമിക്കും
കോൺടോപ്പാണല്ലോ, എനിക്കു പ്രിയങ്കരം
കോൺടോപ്പുമായങ്ങ് പ്രണയത്തെ ബന്ധിക്കാം
എന്നാൽ തുടങ്ങട്ടെ ആ ശ്രമം കൂട്ടരേ...
ആദ്യമായ് നിങ്ങളീ കോൺടോപ്പുകണ്ടപ്പോ-
ളാകാംക്ഷയാൽ മനം നിറഞ്ഞിരുന്നില്ലേ?
പുറത്തെ കവറിംഗ് പതുക്കെയഴിക്കവേ
കണ്ണിലത്ഭുതമോ, അതോ ആക്രാന്തമോ?
അങ്ങനെത്തന്നെയാണല്ലോ നിങ്ങളിൽ
പ്രണയിനിയുടെ നോട്ടം പതിച്ചതെന്നോർക്കുക

തുടക്കത്തിലുള്ള കടുത്ത തണുപ്പിനെ
വകവെക്കാതെ നാം അതുനുകരുന്നു
കാത്തിരിക്കുന്നൊരാ ചോക്ലേറ്റിൻ രസം
പ്രണയിനിയുടെ മൃദുലമാം ചുംബനം പോലെ
പിന്നെയങ്ങോട്ടേക്ക് ക്രീമിന്റെ സ്വാദുപോൽ
പ്രണയിനിതൻ കൊച്ചു പുന്നാരവാക്കുകൾ
ശ്രദ്ധയൊന്നു തെറ്റിയാൽ പോയ് മറഞ്ഞിടും
ഉരുകിയൊലിക്കുന്ന ക്രീമിനെപോലവെ
അതിരുവിട്ടെന്നാൽ അടുത്ത ക്ഷണത്തിൽ
മാംഗല്യസൂത്രത്താൽ നിങ്ങളെ ബന്ധിക്കും
പിന്നെ വരുന്നതോ കോണിന്റെ കഷ്ണങ്ങൾ
കല്ലുകടിക്കാൻ തുടങ്ങിയീ ജീവിതം
കോണിൻ കഷ്ണവും, ക്രീമും കലർന്നീ
ബാക്കി ഭാഗങ്ങളെയെന്തു പറഞ്ഞിടും ?
പിണക്കവും ഇണക്കവുമെല്ലാം നിറഞ്ഞൊരു
ദാമ്പത്യ ജീവിതം അതുക്കുറിക്കുന്നു
അവസാനമായാ ക്രീമങ്ങു തീരുന്നു
ബാക്കിയാവുന്നതോ, കോൺകൂട് മാത്രം ।
അതോടെ തീരുന്നു കോൺടോപ്പിന്നനുഭൂതി,
പിണക്കമെത്തിടുമൊരു ഡൈവേഴ്സ് സ്റ്റേഷനിൽ ॥
അങ്ങനെ തീരുന്നതല്ലേ പ്രണയവും,
പറയൂ സുഹൃത്തേ, ഇതു ശരിയല്ലയോ
അവസരം നിങ്ങൾക്കു വിട്ടുതരുന്നു ഞാൻ
എന്റെയീ വെല്ലുവിളിയെ ഏറ്റെടുത്തോളൂ

# Economic Survey 2012-13

– Geethu S.

The Economic Survey 2012-13 was tabled in Parliament on February 27, 2013 on the eve of the Budget. As everybody is aware, the Economic survey is seen as an indicator of what is to come in the Union Budget. As for most of the last two decades this Economic Survey has also pitched for certain reforms.

Cut in subsidies, definitive action on eliminating barriers to investment and employment generation are the main points that were considered. Along with disfavouring higher tax rates for the rich, this survey also pitched for cutting subsidies on oil and fertilizers, especially urea. In a nutshell, the survey calls for a paradigm shift of policy from consumption led growth to investment led growth.

The pathetic situation of GDP creeping to five percent points towards strengthening various social and economic enterprises in the country.

First of all, there is a fear that India would be faced with up to 16.7 million missing jobs by 2020. There is an exigency felt in strengthening agriculture as it employs almost 60% of Indian population.

(പ്രയാണിക

Survey has come out with an idea of raising additional revenue by widening tax base and not by increasing rates. The survey has pointed out that the tight monetary policy being followed by Reserve Bank of India has contributed to a sharper slowdown of economy than anticipated. The Survey also impringes for strong measures needed for export promotion. To do something about aviation sector is helping rationalising the tax regime for aviation turbine fuel.

The Economic Survey has strongly recommended the removal of restrictions on FDI in legal and accountancy services. The Economic Survey said govt should work towards removing regulatory and bureaucratic imp diments and move towards lower interest regime. This economic survey is a wake-up call for stepping up pace of reforms.

# തനിയെ

– Afeefa OPC.

ഏറെ വൈകിയാണ് അവൾ അന്നു കിടന്നത്. തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു എന്നല്ലാതെ ഉറക്കം ഇത്രനേരമായിട്ടും അവളെ ഒന്നെത്തി നോക്കിയിട്ടുപോലുമില്ല. മനസ്സുനിറയെ പിറ്റേന്നത്തെ ടൂറിനെക്കുറിച്ചുള്ള ചിന്തമാത്രം. പിന്നെ എങ്ങനെ ഉറക്കം വരാനാ? ഒരു ചെറിയ ശബ്ദം പോലും കീറിമുറിച്ചേക്കാവുന്ന ആ നിശബ്ദ രാത്രിയിൽ അമ്മു ജനലരികിലേക്ക് നോക്കി പിറുപിറുത്തു.



"ദൈവമേ, ഒന്നു വേഗം നേരം വെളുപ്പിക്ക്..." തന്റെ അഞ്ചുവർഷത്തെ സ്കൂൾ ജീവിതത്തിനിടയ്ക്ക് ഇതുവരെയും അമ്മു വീട്ടുകാരുടെ കൂടെ ടൂർ പോയിട്ടില്ല. ആദ്യമായാണ്. എല്ലാ സ്കൂൾ വേനലവധിക്കും അമ്മുവിന്റെ അച്ഛൻ പറയും, ഇപ്രാവശ്യം എന്തായാലും പോകാം. പക്ഷേ അതൊന്നും നടക്കാറില്ല. അവരെ പറഞ്ഞിട്ടും കാര്യമില്ല. രണ്ടുപേരും അധ്യാപകരാണ്. വീട് കഴിഞ്ഞാൽ സ്കൂൾ, സ്കൂൾ കഴിഞ്ഞാൽ വീട് എന്ന ചിന്ത മാത്രമേ അവർക്കുള്ളൂ. എന്തായാലും ആ വേനലവധിക്ക് തങ്ങളുടെ മക്കളുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ തന്നെ അവർ തീരുമാനിച്ചു. അങ്ങനെ അവൾ കാത്തിരുന്ന സമയം ആഗതമായി. ഉറക്കത്തിന്റെ സാന്നിധ്യം ഉണ്ടെങ്കിലും അതിനെയെല്ലാം മറച്ചുകൊണ്ട് അവളുടെ മുഖം പൂർണ്ണചന്ദ്രനെപ്പോലെ തിളങ്ങി.

"അമ്മൂ..., എല്ലാ സാധനങ്ങളും എടുത്തുവെച്ചില്ലേ" അമ്മ തന്റെ ഇന്നലെത്തൊട്ടുള്ള ചോദ്യം ആവർത്തിച്ചു. "എല്ലാം എടുത്തുവെച്ചതാ അമ്മ. ഒന്നും മറന്നിട്ടില്ല. ഒന്ന് വേഗം വന്ന് കാറിൽ കയറ്" "ഒരു പതിനഞ്ചുവയസ്സി-

ന്റെ പക്വത അപ്പോൾ അവളുടെ മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്നു

തിങ്ങിനിറഞ്ഞ കേരനിരകളുടെ ഇടയിലൂടെയുള്ള യാത്ര അവൾക്ക് ഒരു പുതിയ അനുഭൂതി പകർന്നു. മരങ്ങളെല്ലാം യാത്ര പറഞ്ഞ് പുറകോട്ട് പായുന്നതായി അവൾക്ക് തോന്നി. തങ്ങളുടെ കാറിന്റെ കൂടെത്തന്നെ ഓടി-ക്കൊണ്ടിരിക്കുന്ന സൂര്യനെ നോക്കി അവൾ കൊഞ്ഞനം കുത്തി

"ഓഹോ...! അങ്ങനെയാണോ? അച്ഛാ, കുറച്ച് സ്പീഡിൽ ഓടിക്ക് ഈ സൂര്യനെ വെട്ടിക്കണം. സൂര്യന് കുറച്ച് അഹങ്കാരം കൂടുതലാ". അമ്മുവിന്റെ നിഷ്കളങ്കമായ നിർദേശം കേട്ട് എന്തുചെയ്യണമെന്നറിയാതെ അച്ഛൻ അമ്മയെനോക്കി. ഒരു ചെറു പുഞ്ചിരിമാത്രമായിരുന്നു അമ്മയുടെ മറുപടി.

"അമ്മൂ... അതൊരു പ്രതിഭാസമാണ്. നീ മുതിർന്ന ക്ലാസിലെത്തുമ്പോൾ അതു പഠിക്കും." അച്ഛൻ അവിടെയും ഇവിടെയും തൊടാതെ ഒരു മറുപടി കൊടുത്തു. പിന്നെ അവളുടെ ശ്രദ്ധ തിരിഞ്ഞത് പുറത്തുനിൽക്കുന്ന സൂര്യകാന്തിച്ചെടികളിലേക്കായിരുന്നു "ഹായ് എന്തു ഭംഗിയാ അതു കാണാൻ" അമ്മുവിന് അതും പുതിയൊരു അനുഭവമായിരുന്നു.

"കളി മതിയാക്ക് അമ്മൂ" എന്നത്തെയും പോലെ അമ്മയുടെ താക്കീത് വന്നു

"എടീ, ജീവിതം ആസ്വദിക്കാനുള്ളതാ. നമ്മൾ ഇന്നോ നാളെയോ ഈ ലോകത്തുനിന്ന് വിടപറയേണ്ടിവരും. അപ്പോ, ഉള്ള കാലം ജീവിതം ആസ്വദിക്കണ്ടേ" അച്ഛന്റെ ഈ കടുകട്ടി ഡയലോഗിൽ അമ്മയുടെ ശബ്ദം അടങ്ങി. പിന്നെ അമ്മയും ആ കളിയുടെ ഭാഗമായി.

പക്ഷേ...., എതിരെ വന്ന ഒരു ലോറി ആ സന്തോഷത്തിന്റെ ആയുസ്സ് കുറച്ചു. കാർ തലകീഴായി അരികിലുള്ള തോട്ടിലേക്ക് മറിഞ്ഞു.

സ്ഥിരം അപകടമേഖലയായതുകൊണ്ട് അവിടത്തെ ജീവൻ സുരക്ഷാ-കേന്ദ്രങ്ങൾ എപ്പോഴും സജ്ജീവമായിരുന്നു. ഫയർഫോഴ്സ് എത്തി, തിര-ച്ചിൽ ആരംഭിച്ചു... അച്ഛനെയാണ് ആദ്യം സംഘം കണ്ടെത്തിയത്

"തലക്ക് നന്നായിട്ട് ക്ഷതമേറ്റിട്ടുണ്ട് രക്തം ഒരു പാടു പോയിട്ടുണ്ട് ICU വിലേക്ക് മാറ്റിക്കോളൂ" ഡോക്ടർ നിർദേശിച്ചു

അപകടത്തിൽപെട്ട കാറിൽ നിന്നും മൂവരും ഉള്ള ഒരു ഫോട്ടോ അവർക്ക് കിട്ടി. പിന്നീടുള്ള തിരച്ചിൽ അവരെത്തേടിയായിരുന്നു. അച്ഛനെ കണ്ടെത്തിയ സ്ഥലത്തിനടുത്തുനിന്ന് അമ്മയുടെ നിലച്ച ശരീരവും കണ്ടെത്തി. അമ്മ എന്നെന്നേക്കുമായി ഈ ലോകത്തോട് വിട പറഞ്ഞുകഴിഞ്ഞിരുന്നു.

അമ്മുവിനുവേണ്ടിയുള്ള തിരച്ചിൽ തുടർന്നു. സൂര്യൻ തന്റെ വെളിച്ചം കുറച്ചുതുടങ്ങിയിരിക്കുന്നു. മാനം ഇരുണ്ടു. ഫയർഫോഴ്സിന്റെ വെളിച്ചത്തിലാണ് പിന്നീട് തിരച്ചിൽ തുടർന്നത്. ക്ലോക്കിലെ സൂചികൾ വളരെയേറെ വെറുതേ സഞ്ചരിച്ചു.

"സാർ, ഇനിയും തിരയുന്നതിലർത്ഥമില്ല. എല്ലായിടവും നോക്കി. ഇതുവരെ തിരച്ചിൽ നടത്തി. വെച്ച്, ഇനിയിപ്പോ...!" ഒരു ഫയർമാൻ മേലുദ്യോഗസ്ഥനോട് പറഞ്ഞു.

പെട്ടന്നാണ് റോഡരികിലുള്ള ഒരു മരത്തിന്റെ അടിഭാഗത്തുനിന്നും ഒരു പിറുപിറുക്കൽ കേട്ടത്.

"അച്ഛാ... അമ്മേ...."

"സാർ, ഇവിടെയുണ്ട് കുട്ടി." മരത്തിന്റെ താഴെയുള്ള ഒരു ചില്ലയിൽ അവളുടെ പുത്തനുടുപ്പിന്റെ കൈ കുടുങ്ങിയിരിക്കുകയായിരുന്നു. മുഖത്ത് ഒന്നോ രണ്ടോ പാടുകൾ, അത്രമാത്രം... അവളെ വേഗം ഹോസ്പിറ്റലിലെത്തിച്ച് പ്രാഥമിക ശുശ്രൂഷകൾ നൽകി.

അമ്മയേയും അച്ഛനേയും ഇടയ്ക്കിടയ്ക്ക് അന്വേഷിച്ചുകൊണ്ടിരിക്കുന്ന അമ്മുവിനോട് സമാധാനിപ്പിക്കാനെന്നോണം ഡോക്ടർ പറഞ്ഞു. "അവരൊക്കെ അപ്പുറത്തുണ്ട്. മോള് കരയണ്ട."

താനിപ്പോ അമ്മയില്ലാത്ത, അച്ഛൻ നഷ്ടപ്പെട്ടുപോയേക്കാവുന്ന ഒരു മകളാണെന്ന് അവളറിഞ്ഞതേയില്ല.

വീണ്ടും, അമ്മുവിന്റെ ജീവിതം ഇരുട്ടിൽ വീഴ്ത്തിക്കൊണ്ട് അച്ഛൻ അമ്മയുടെ അടുത്തേക്ക് മടങ്ങി.

ആസ്വദിച്ചു തീരുന്നതിനു മുമ്പേ അടർന്നുവീണ ആ കു-ഞ്ഞുകുടുംബത്തിൽ ഇനി ഒരുത്തി മാത്രം, അമ്മു

അച്ഛൻ, അമ്മ എന്നീ രണ്ടു ഭാഗ്യങ്ങൾ തന്നെ വിട്ടുപോയറിയാതെ ആ ആശുപത്രിയിൽ ഇന്നും അവൾ ഓരോരോ സ്വപ്നങ്ങൾ മെനയുകയാണ്.....

# പുത്തൻ വഴിത്തിരിവിലേക്ക്...

- Basima M.

AAP( അങ്ങനെ അഴിമതി പടിക്കുപുറത്ത് ??)

ഇന്ദ്രപ്രസ്ഥത്തിൽ ബി ജെ പി യെ ഞെട്ടിച്ചും കോൺഗ്രസിനെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളിയും AAP എന്ന ഇന്ത്യൻ രാഷ്ട്രീയത്തിലെ ശിശു വൻവിജയം നേടിയപ്പോൾ ഏതൊരിന്ത്യാക്കാരന്റെയും മനസ്സിൽ പുതിയ പ്രതീക്ഷകളാണ് നിറയുന്നത്. കേവലം ഒരു വർഷം മുമ്പ് ജനിച്ച പാർട്ടി ഇത്രയും ജനസ്വാധീനമാർജ്ജിച്ചത് ചെറിയ കാലയളവു കൊണ്ടല്ല പാർട്ടിയുണ്ടാവുന്നതിനും വളരെ മുമ്പ് തുടങ്ങിയ സോഷ്യൽ എഞ്ചിനീയറിങ്ങാണ് അതിനു പിന്നിൽ. ജനലോക്പാൽ സമരങ്ങളുടെ ഉല്പന്നം എന്ന അലങ്കാരങ്ങളോ വിശേഷണമോ ചേർക്കുന്ന AAP യെക്കുറിച്ച് പറയുമ്പോൾ അണ്ണാ ഹസാരെയെ മാറ്റിനിർത്താനാവില്ല. വർഷങ്ങൾക്കുമുമ്പ് മഹാരാഷ്ട്രയിലെ റാലെഗാൻ സിദ്ധി എന്ന ഗ്രാമത്തിൽ അണ്ണാഹസാരെ എന്ന മുൻപട്ടാളക്കാരൻ സ്വന്തം നിലയ്ക്ക് തുടങ്ങിയ സാമൂഹികപ്രവർത്തനങ്ങളും, അഴിമതിക്കെതിരായ ഉറച്ച നിലപാടും, ലളിതജീവിതവും അദ്ദേഹത്തിന് ജനമനസ്സിൽ വിശ്വാസം നേടിക്കൊടുത്തു. ഈ വിശ്വാസ്യതയ്ക്ക് വ്യാപകമായ ദേശീയാംഗീകാരം ലഭിക്കുന്നത് 2 വർഷം മുമ്പ് ജനലോക്പാലിനു വേണ്ടി അദ്ദേഹം നടത്തിയ സമരങ്ങളിലൂടെയായിരുന്നു.

ഡൽഹിയിൽ സമരം തുടങ്ങിയപ്പോൾ സൈക്കിൾ റിക്ഷക്കാർ മുതൽ കിരൺബേദിയെപ്പോലുള്ള ഉന്നത ഉദ്യോഗസ്ഥർ വരെ, തൂപ്പുകാർ മുതൽ കോളേജ് വിദ്യാർത്ഥികൾ വരെ അദ്ദേഹത്തിനോടൊപ്പം അണിനിരന്നു. ഒരു സംഘടനയുടെയും പിൻബലമില്ലാതെ അവരെ തെരുവിലിറക്കിയതിനു പിന്നിൽ വ്യക്തമായ ആസൂത്രണവുമുണ്ടായിരുന്നു. അരവിന്ദ് കെജ്രിവാളിന്റെ നേതൃത്വത്തിലുള്ള

അഴിമതിക്കെതിരെ ഇന്ത്യ (IAC) എന്ന സംഘടനയായിരുന്നു. ഹസാരെയുടെ സമരങ്ങൾക്ക് ചുക്കാൻ പിടിച്ചത് എസ് എം എസും സോഷ്യൽ മീഡിയകളും ഉൾപ്പെടെയുള്ളവ അവർ ആശയവിനിമയത്തിനായി ഉപയോഗിച്ചു.

ഹസാരെയും കെജ്‌രിവാളും നിർദ്ദേശിച്ചതു പോലെയു ജനലോക്പാൽ അംഗീകരിക്കാൻ സർക്കാർ തയ്യാറാകാതിരുന്ന സാഹചര്യത്തിലാണ്, രാഷ്ട്രീയപാർട്ടി രൂപവൽക്കരിക്കണമെന്നും അതു വഴി പാർലമെന്റിനകത്തും പ്രതിഷേധം അറിയിക്കണമെന്നുമുള്ള തീരുമാനം ഉണ്ടാകുന്നത്. തുടക്കത്തിൽ അണ്ണാ ഹസാരെ ഇതിനോട് നിന്നിരുന്നെങ്കിലും വൈകാതെ പിന്മാറിപ്പോയി. തുടർന്ന് കെജ്‌രിവാളിന്റെ നേതൃത്വത്തിൽ പ്രശാന്ത്ഭൂഷൺ, ശാന്തിഭൂഷൺ, ഗോപാൽ റായ്, മനീഷ് സിസോദിയ എന്നിവർ ചേർന്ന് പാർട്ടി രൂപീകരിച്ചു. പാർട്ടിക്ക് അവർ കണ്ടെത്തിയ പേരുപോലും ജനങ്ങളോടിണങ്ങുന്നതായിരുന്നു. അങ്ങനെ 2012 നവംബർ 26ന് 'ആം ആദ്മി പാർട്ടി' രൂപം കൊണ്ടു.

കോൺഗ്രസും BJP യും തിരഞ്ഞെടുപ്പു പ്രചാരണത്തെ കുറിച്ച് ചിന്തിക്കാൻ തുടങ്ങും മുമ്പേ AAP അവരുടെ ജോലി ആരംഭിച്ചു കഴിഞ്ഞിരുന്നു. വ്യവസ്ഥാപിതമായ ശൈലികളെ തകർത്തെറിഞ്ഞു കൊണ്ട് ഫണ്ട് പിരിവ് മുതൽ തിരഞ്ഞെടുപ്പ് പ്രചാരണം വരെ എങ്ങനെ സുതാര്യമാക്കാമെന്ന് ആം ആദ്മി പ്രവർത്തിച്ചു കാട്ടി. പാർട്ടിയുടെ സ്ഥാനാർത്ഥിനിർണ്ണയവും ഏറെ ജനകീയമായാണ് നടത്തിയത്. അതാത് മണ്ഡലങ്ങളിലെ ജനാഭിപ്രായം സ്വരൂപിച്ചാണ് സ്ഥാനാർത്ഥികളെ നിശ്ചയിച്ചത്. പ്രചാരണത്തിലുള്ള ഈ വ്യത്യസ്തതകളാണ് ആം ആദ്മിയോടുള്ള താൽപര്യങ്ങളെ അവയ്ക്കുള്ള വോട്ടുകളാക്കി മാറ്റിയത്. സാധാരണക്കാരുടെ നിത്യജീവിതപ്രശ്നങ്ങൾ വിശ്വാസ്യതയോടെ ഏറ്റെടുത്ത AAP നേടിയത് 70ൽ 28 സീറ്റിന്റെ വിജയം

# ഒരു കെട്ടുകലക്കിന്റെ വിശേഷം

– Divya , Diya

വളരെ ആവേശത്തോടു കൂടിയാണ് ആ യാത്ര പോകാൻ ഞങ്ങൾ തീരുമാനിച്ചത്. ദിയ തന്റെ ദ്വീപിനെക്കുറിച്ചും, അവിടുത്തെ ആളുകളെക്കുറിച്ചും, പ്രത്യേകിച്ച് 'കെട്ടുകലക്കിനെ' പറ്റിയും പറഞ്ഞുതന്നപ്പോൾ തന്നെ ഞങ്ങൾ നാൽവർ സംഘം (ദിവ്യ, ആതിര, മഞ്ജു, ഡ്യാന) മനസ്സിൽ കുറിച്ചിട്ടു; ഈ പ്രാവശ്യത്തെ 'കെട്ടുകലക്കിന്' ഞങ്ങളുമുണ്ടാവും.

പൊക്കാളിപ്പാടങ്ങളിൽ പകലിൽ 15 ഓടെ കെട്ടുകലക്കൽ അരങ്ങേറുകയായി. 'കെട്ട്' എന്നാൽ നാലുവശവും വരമ്പോടുകൂടിയ പാടം. വെള്ളം നിറഞ്ഞ ഈ കെട്ടുകളിലാണ് മത്സ്യകൃഷി നടത്തുക. മത്സ്യങ്ങളിൽ പ്രധാനമായും ചെമ്മീൻ തന്നെ. ചെമ്മീൻ കൃഷി വിളവെടുപ്പിനു ശേഷം കെട്ടുകലക്കുന്നതോടെ നാട്ടിലെങ്ങും ഉത്സവപ്രതീതിയായി. കുട്ടികൾ മുതൽ അമ്മൂമ്മമാർ വരെ നാട്ടുകാരെല്ലാവരും പൊക്കാളിപ്പാടത്തെ വെള്ളത്തിലിറങ്ങി, ബാക്കിയുള്ള മീൻ പിടിക്കും. കെട്ടിലുള്ള മീൻ മുഴുവൻ അങ്ങനെ പിടിച്ചെടുക്കാൻ ഒരു മത്സരം തന്നെയുണ്ടാവും.

അങ്ങനെ ഒരു ശനിയാഴ്ച ക്ലാസ് കഴിഞ്ഞ്, കൊച്ചിയുടെ തൊട്ടരികിൽ കിടക്കുന്ന ആ കൊച്ചു പിഴല ദ്വീപിനെ ലക്ഷ്യമാക്കി ഞങ്ങൾ യാത്ര തിരിച്ചു. തൃശ്ശൂർ മുതൽ കൊച്ചി വരെയും പിന്നെയവിടുന്ന് ഫെറിവരെയും ഒരു പുതുമയും ഞങ്ങൾക്ക് തോന്നിയില്ല, കാരണം എൻട്രൻസ് എക്സാം നൂറുതവണയെഴുതിയ ഞങ്ങൾക്കാർക്കും കൊച്ചിയാത്ര അത്ര സംഭവമൊന്നുമല്ലായിരുന്നു. പക്ഷേ, ബസ്സ്റ്റോപ്പായ 'ഫെറി' ഞങ്ങൾക്കായി ഒരുക്കിവച്ചത് ഇതുവരെ കാണാത്ത ദൃശ്യങ്ങളായിരുന്നു. അസ്തമയസൂര്യന്റെ കുങ്കുമച്ചുവപ്പണിഞ്ഞ് പുളകിതയായി കിടക്കുന്നു കൊച്ചിക്കായൽ. ഫെറിയിൽ ബോട്ടുവന്നു നിൽക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. കുട്ടികൾ തൊട്ട് വൃദ്ധന്മാർ വരെ ബോട്ടിനായി ക്ഷമയോടെ കാത്തുനിൽക്കുകയാണ്; കൂട്ടത്തിൽ സൂപ്പർ എക്സൈറ്റഡായി

ഞങ്ങളും. പലപ്പോസ്റ്റുകളിൽ നിന്ന് ഫോട്ടോയെടുത്തവരുടെ തിരക്കായി-രുന്നു പിന്നെ. ആളുകൾ ഞങ്ങളെ ശ്രദ്ധിക്കുന്നതെന്ത് എന്ന് കുറച്ചു വൈകിയാണ് ഞങ്ങൾ മനസ്സിലാക്കിയത്. അപ്പോഴേക്കും ബോട്ടിലെത്തിക്കഴിഞ്ഞിരുന്നു. ഏകദേശം എട്ടോളം ദ്വീപ് സമൂഹങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണിയാണ് 'St. John' എന്ന ഈ വയസ്സൻ ബോട്ട്. ജനാലക്കപ്പുറത്തെ കാഴ്ചകൾ ഞങ്ങളുടെ ശ്രദ്ധയാകർഷിച്ചു തുടങ്ങി. അവിടവിടെ തലയുയർത്തി നിൽക്കുന്ന ചീനവലകൾ, ചെറുവള്ളങ്ങളിലിരുന്ന് വലയെറിയുന്ന മുക്കുവന്മാർ, സായം സന്ധ്യയിൽ ചേക്കേറാൻ തിരക്കു കൂട്ടുന്ന പക്ഷിക്കൂട്ടങ്ങൾ... ബസിലെ പോലെത്തന്നെ ബോട്ടിലുമുണ്ടൊരു കണ്ടക്ടർ. ടിക്കറ്റു കൊടുക്കുന്നതിനിടയിൽ പുതുയാത്രികരായ ഞങ്ങളുടെ വിശേഷം തിരക്കാനും അയാൾ മറന്നില്ല. പാലം വന്നാൽ ഞങ്ങളുടെ ബോട്ട് സർവ്വീസും ഓർമ്മകൾ മാത്രമാകുമെന്നയാൾ ഒരു നെടുവീർപ്പോടെ പറഞ്ഞപ്പോൾ, ഞങ്ങളുടെ മനസ്സു പിടഞ്ഞുപോയി.

അരമണിക്കൂർ നേരത്തെ ദൃശ്യസുന്ദരമായ യാത്രയ്ക്കൊടുവിൽ അവസാനസ്റ്റോപ്പായ പാലിയം തുരുത്തിൽ ഞങ്ങളെത്തിച്ചേർന്നു. കരയിൽ ഞങ്ങളെ വരവേൽക്കാൻ ദിയയുടെ അച്ഛനും, അമ്മയും, അനിയനും ഒപ്പം. നല്ല കുളിർകാറ്റുമുണ്ടായിരുന്നു. ഏകദേശം അമ്പതോളം ചെറുവീടുകൾ, രണ്ടോ മൂന്നോ കുഞ്ഞു കടകൾ, ഒരമ്പലം, ഒരു കുഞ്ഞു ഡിസ്പെൻസറി എന്നിവ അടങ്ങിയതായിരുന്നു ആ സുന്ദര ദ്വീപ്. ദിയയുടെ വീട്ടിൽ കാത്തിരുന്ന മറ്റൊരത്ഭുതമായിരുന്നു വിഭവസമൃദ്ധമായ അത്താഴം. കരിമീൻ പൊള്ളിച്ചത്, ചെമ്മീൻ വറുത്തത്, കക്ക ഫ്രൈ, ചെമ്മീൻ കറി തുടങ്ങി നിരവധി നാടൻവെജ് ഐറ്റംസ് മേശയിൽ നിരന്നു. എന്തിൽ തുടങ്ങണമെന്നോ, എങ്ങനെ അവസാനിപ്പിക്കണമെന്നോ അറിയാതെ ഞങ്ങൾ കുഴങ്ങി. ചോറവിടെയൊരു സൈഡ് ഡിഷ് മാത്രമായിരുന്നു!

പിറ്റേന്നാവിലെ എന്നത്തെയും പോലെ ദിയയുടെ അമ്മ വീട്ടിലെത്തൊരുള്ള തൊടിയിലായിരുന്നു ഞങ്ങൾ. വെയിലിനു ചൂടേറുന്നതിനു

മുമ്പ് മീനുകളെയും പിടിക്കണം. ഫെറിയിലായിരുന്നു ഞങ്ങളുടെ അങ്ങോട്ടേക്കുള്ള യാത്ര. നീണ്ടു നിവർന്നു കിടക്കുന്ന പൊക്കാളിപ്പാടങ്ങളും അവകാണാനെത്തിയ വെള്ളക്കൊക്കുകളുമായിരുന്നു യാത്രയിലുടനീളം കൂട്ടിനായത്. എത്തിയ ഉടനെ വേഷം മാറി ഞങ്ങൾ പാടത്തേക്കിറങ്ങി. കരിമീനും, ചെമ്മീനും, പള്ളത്തിയും പേരറിയാത്ത മറ്റനവധി മീനുകളും ചെളിയിൽ പൊത്തിക്കിടന്നിരുന്നു. ആവേശത്തോടെ ഞങ്ങൾ ചെളിയിലേക്കിറങ്ങി. [illegible] പ്രാവീണ്യമുള്ള [illegible] ചാടിക്കടക്കുന്നതുകണ്ട്, ഞാനും ചാടി! ഓ, പോണ കാല്... ബാലൻസു തെറ്റി ഞാൻ മുട്ടോളം ചെളിയിൽ പൂണ്ടു!! അവസാനം എല്ലാവരും ചേർന്ന് എന്നെ പൊക്കിയെടുക്കുകയായിരുന്നു. മീനിനെ എങ്ങനെ പിടിക്കണമെന്ന് റിയയുടെ അനിയൻ റിബിൻ പഠിപ്പിച്ചുതന്നു. നിമിഷനേരം കൊണ്ട് ഞങ്ങളുടെ സഞ്ചി പലതരം മീനുകളാൽ നിറഞ്ഞു. ഓരോ ഞണ്ടിനും ഏതാണ്ട് രണ്ടര കിലോ വരെ തൂക്കമുണ്ടായിരുന്നു. ഒരു പ്രത്യേക രീതിയിലാണ് അവയെ കെട്ടിവെച്ചത്. അഴിഞ്ഞുപോയാൽ ഞണ്ടുകൾക്ക് വിലകുറയുമെന്നത് പുതിയൊരറിവായിരുന്നു. കൈയ്യിലെയും കാലിലേയും ചെളി കഴുകിക്കളഞ്ഞ് ഞങ്ങൾ വീട്ടിലേക്ക് നടന്നു. അപ്പോഴേക്കും അവിടെ മീനിനെ തരംതിരിക്കാൻ തുടങ്ങിയിരുന്നു. ഉത്സാഹത്തോടെ ഞങ്ങളും അവരോടൊപ്പം ചേർന്നു. ഏകദേശം 2 മണിക്കൂറോളം ഞങ്ങളാ പരിപാടി തുടർന്നു. അതിനു ശേഷം കുളിച്ചു റെഡിയായി. അപ്പോഴേക്കും ഊണും മറ്റുവിഭവങ്ങളും മേശമേൽ നിരന്നിരുന്നു. അകത്താക്കിയ മീനിന്റെ എണ്ണം പോലും ആർക്കുമോർമയില്ലായിരുന്നു! എന്തായാലും ഊണ് കേമമായിരുന്നു.

വൈകിട്ട് റിയയോടും വീട്ടുകാരോടും യാത്ര പറഞ്ഞ് ഹോസ്റ്റലിലേക്ക് തിരിക്കുമ്പോൾ, അവിസ്മരണീയമായ അനുഭവങ്ങൾക്കൊപ്പം, കൂട്ടുകാർക്ക് കൊടുക്കുവാനായുള്ള മീൻ പൊതിയും ഞങ്ങൾ കരുതിയിരുന്നു.

# പശ്ചിമഘട്ട മലനിരകളും ഗാഡ്ഗിൽ സമിതിയും

- Sajin.

കേരളം മുതൽ ഗുജറാത്ത് വരെ ആറു സംസ്ഥാനങ്ങളിൽ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ടത്തെ എങ്ങനെ സംരക്ഷിക്കണമെന്ന് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്രസർക്കാരാണ് പ്രൊഫ. മാധവ് ഗാഡ്ഗിൽ ചെയർമാനായ 13 അംഗ കമ്മിറ്റിയെ നിയമിച്ചത് ഒരു പ്രദേശത്ത് എത്രയളവിൽ കരിങ്കൽ ഖനനം നടത്താം? ഒരു നദിയിൽ എത്ര ഡാമുകൾ നിർമിക്കാം? നദിയിൽ നിന്ന് എത്രയളവിൽ വരെ വെള്ളമെടുക്കാം? എത്ര മണൽ വാരാം? വനപ്രദേശങ്ങളിൽ നിന്ന് എത്രവരെ മരങ്ങൾ മുറിക്കാം? ഇതിനെയെല്ലാം നിയന്ത്രിക്കേണ്ടത് വ്യത്യസ്തമായ ഏജൻസികളാണ് എന്നാൽ ഇവയ്ക്കൊന്നും യാതൊരു നിയന്ത്രണവുമില്ല. ഖനനം, കൈയേറ്റം, വനനശീകരണം എന്നിവ വനപ്രകൃതിയെ ആകെ മാറ്റിമറിക്കുകയാണെന്നുള്ള തിരിച്ചറിവാണ് ഈ സമിതിയെ നിയമിക്കുന്നതിലേക്ക് നയിച്ചത്

പശ്ചിമഘട്ട മേഖലയുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തുക, സംരക്ഷണമാർഗങ്ങൾ നിർദേശിക്കുക, പശ്ചിമഘട്ട അതോറിറ്റി എങ്ങനെ വേണമെന്ന് തീരുമാനിക്കുക, ഏതെല്ലാം പ്രദേശങ്ങൾ പരിസ്ഥിതി പ്രാധാന്യം ഉള്ളവയാണെന്ന് പരിശോധിക്കുക തുടങ്ങിയവയായിരുന്നു സമിതിയുടെ 'ടേംസ് ഓഫ് റഫറൻസ്'

സമിതി അതിന്റെ സ്വാഭാവികമായ നടപടിക്രമങ്ങളിലൂടെ റിപ്പോർട്ട് പൂർത്തിയാക്കി സർക്കാരിന് സമർപ്പിച്ചു. എന്നാൽ റിപ്പോർട്ട് പുറത്തുവന്നതോടെ വ്യാപകമായ പ്രചാരണങ്ങളാണ് അതിനെക്കുറിച്ച് ഉണ്ടായത് റിപ്പോർട്ട് നടപ്പിലാക്കിയാൽ ആ പ്രദേശത്തെ കർഷകരും കുടുംബങ്ങളും കുടിയിറക്കപ്പെടും, കൃഷി ചെയ്യാൻ പോലും അനുവദിക്കില്ല, രാസവളം പേരിനുപോലും ഉപയോഗിക്കാനാവില്ല, സ്കൂളുകളും ആശുപത്രികളുമടക്കമുള്ള സ്ഥാപനങ്ങൾ അടച്ചിടേണ്ടിവരും, പുതിയ വീടുണ്ടാക്കണമെങ്കിൽ പുല്ലും വൈക്കോലും ഉപയോഗിച്ച് മാത്രമേ നടക്കൂ

രണ്ടിൽ കൂടുതൽ പശുക്കളെ വളർത്താൻ അനുമതിയുണ്ടാവില്ല, കേരളം ഇരുട്ടിലാകും, ഇടുക്കി ഡാമുൾപ്പെടെ പൊളിച്ചു നീക്കേണ്ടി വരും, അവിടെ കടുവയും പുലിയും ആനയും മാത്രം അവശേഷിക്കും. അങ്ങനെ പോയി പലരുടെയും ഭാവനാവിലാസങ്ങളും കുപ്രചാരണങ്ങളും.

എന്നാൽ സമിതി മൂന്നു സോണുകളാക്കി പശ്ചിമഘട്ട മലനിരകളും വിഭജിച്ചതും അതിനുപയോഗിച്ച മാനദണ്ഡങ്ങളും ഗൗരവമായി വിമർശിക്കപ്പെട്ടു. ഇക്കാര്യത്തിൽ ഒരവ്യക്തത റിപ്പോർട്ടിലുണ്ടെന്ന് സൂചിപ്പിക്കാതെ വയ്യ. ആറു സംസ്ഥാനങ്ങളിലെ 25 കോടി ജനങ്ങളുടെ കുടി-വെള്ളത്തിന്റെയും, ജലസേചനത്തിന്റെയും സ്രോതസ്സാണ് പശ്ചിമഘട്ട മലനിരകൾ. അത് ലോകത്തെ പ്രധാനപ്പെട്ട എട്ട് ഹോട്ട് സ്പോട്ടുകളിലൊന്നുമാണ്. ലോക വൈവിധ്യ കലവറ. അന്യം നിന്നുപോകുന്ന നൂറുകണക്കിന് സസ്യജീവജാലങ്ങളുടെ സാന്നിധ്യം അവിടെ കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ 41 നദികൾ ഉത്ഭവിക്കുന്നത് സഹ്യനിൽ നിന്നാണ്. അതിവ ഗുരുതരമായ വരൾച്ചയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും നാളുകളിൽ ഈ നദികളിലൂടെ ഒഴുകുന്ന വെള്ളത്തിന് വളരെ പ്രാധാന്യമുണ്ട്. കേരളത്തിലെ നദികളിൽ വെള്ളം നിറയ്ക്കുന്ന, കാലവർഷക്കാറ്റുകളെ തടഞ്ഞ് മഴ പെയ്യിക്കുന്ന പശ്ചിമഘട്ട മലനിരകളും, നിബിഡവനങ്ങളും ഇല്ലെങ്കിൽ എന്തായിരിക്കും കേരളത്തിന്റെ അവസ്ഥ? പ്രകൃതിവിഭവങ്ങളുടെ നഗ്നമായ കൊള്ളയാണ് കേരളത്തിൽ നടക്കുന്നത്. അനിയന്ത്രിതമായ കരിങ്കൽഖനനം, വനനശീകരണം, മണലൂറ്റ്, കൈയ്യേറ്റ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഈ ജൈവവൈവിധ്യ കലവറയെ തകർക്കും. ഈ പശ്ചാത്തലത്തിൽ വേണം ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകളെ പരിശോധിക്കേണ്ടത്.

ജനിതകമാറ്റം വരുത്തിയ വിത്തുകൾ പശ്ചിമഘട്ടത്തിൽ ഉപയോഗിക്കരുത്, വനഭൂമി വനേതര ഭൂമിയാക്കി മാറ്റാനോ കൃഷിഭൂമി

കാർഷികേതര ആവശ്യത്തിനായി ഉപയോഗിക്കാനോ പാടില്ല , പരിസ്ഥിതി സൗഹാർദ്ദമായി കെട്ടിടങ്ങൾ നിർമിക്കണം , അപകടകാരികളായ വിഷാംശങ്ങൾ കൈകാര്യം ചെയ്യുന്ന മാലിന്യ നിർമാർജന യൂണിറ്റുകൾ സോൺ ഒന്നിലും രണ്ടിലും പാടില്ല , തുടങ്ങിയവയാണ് സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ

യഥാർത്ഥത്തിൽ ഈ റിപ്പോർട്ട് ജൈവകൃഷിയും , മൃഗസംരക്ഷണവും , മൽസ്യബന്ധനവും , ജൈവവൈവിധ്യ സംരക്ഷണവും ഉൾപ്പെടെ അവിടെ ജീവിക്കുന്ന മനുഷ്യരുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്താനുള്ളതാണ് റിപ്പോർട്ട് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. സംസ്ഥാനങ്ങളുടെയടക്കം എതിർപ്പുകൾ വന്നപ്പോൾ ഡോ കസ്തൂരിരംഗൻ ചെയർമാനായ ഒരു കമ്മിറ്റിയെ അത് പഠിക്കാൻ നിയോഗിച്ചു. പരാതികൾ പ്രസ്തുത കമ്മിറ്റിയുടെ മുൻപാകെ സമർപ്പിക്കാം.

സന്തുലിതമായ വികസനവും സർവ്വാശ്ലേഷിയായ വളർച്ചയുമാണ് നമുക്കു വേണ്ടത് പ്രകൃതി വിഭവങ്ങളെ കൊള്ളയടിക്കുന്നതും ചൂഷണം ചെയ്യുന്നതും നിയന്ത്രിച്ച് പാർശ്വവത്കരിക്കപ്പെട്ട ആദിവാസികൾ , കർഷകർ , മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് ഉപജീവനങ്ങൾ കണ്ടെത്തികൊടുക്കാൻ കഴിയുന്ന ഒരു സംവിധാനമാണ് ഈ കാലഘട്ടത്തിനാവശ്യം. അതുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശകളെ പൂർണമായും തള്ളിക്കളയാനാവില്ല.

# മരീചിക

– Saiparvathi



ഇരുൾ വന്നു നിറഞ്ഞ ഇടനാഴിയിലൂടെ നടന്നുനീങ്ങുമ്പോൾ വിവേകിന് കിതപ്പനുഭവപ്പെട്ടു. താൻ വൈകരുവാൻ പാടില്ല. തന്റെ കൈയിലുള്ള ഈ പൂക്കൾ സുഹൃത്തിന് പുതുസുഗന്ധം മാത്രമല്ല, ജീവിതത്തിന്റെ പ്രതീക്ഷ കൂടിയാണ് നൽകുന്നത്. ജിതിൻ..... എനിക്കറിയാം ഞാൻ നിന്നെ വഞ്ചിക്കുകയാണെന്ന്. പക്ഷേ ഇതായിരിക്കും നിനക്ക് ഞാൻ നൽകുന്ന ഏറ്റവും വലിയ സമ്മാനം

അവന്റെ മുറിക്കുമുന്നിലെത്തിയപ്പോൾ തന്റെ മുഖത്ത് പ്രസാദം വരുത്താൻ വിവേക് ശ്രമിച്ചു. നീലച്ചായമടിച്ച ആ മുറിയിൽ പ്രവേശിച്ചപ്പോൾ ആ വർണം അവന്റെ ജീവിതത്തെയും അനുഭവിച്ചതായി വിവേകിന് തോന്നി. തന്റെ വിളികേട്ട് ഏതോ പ്രാർത്ഥനയിൽ നിന്നെന്നപോലെ അവനുണർന്നു. ആ കണ്ണുകളിൽ വറ്റിവരളാത്ത സ്നേഹത്തിന്റെ അലയടിയും ആർദ്രതയും കാണാം. തന്റെ കൈയിലെ ചുവന്ന റോസാപുഷ്പങ്ങളെ കണ്ട മാത്രയിൽ തന്നെ ആ നീലനിറം അവനിൽ നിന്ന് എടുത്തെറിയപ്പെട്ട പോലെ തോന്നിച്ചു. ഒരു പുതിയ ജീവന്റെ സ്ഫുരണം പോലെ. അടുത്ത നിമിഷം അവന്റെ നോട്ടത്തിന്റെ അർത്ഥം ഞാൻ ഗ്രഹിച്ചു. കാത്തിരിപ്പിന്റെ വേദന ആ കണ്ണുകളിൽ നിന്ന് വായിച്ചെടുക്കാം. എത്രയോ രാത്രികളിൽ ഉറങ്ങാതെ തന്റെ കൂട്ടുകാരിയെ വിവരിച്ചുള്ള സംഭാഷണത്തിൽ ജിതിൻ ഏർപ്പെട്ടിരുന്നു. അവൾ തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടെന്ന് അവൻ വിശ്വസിച്ചു. അവളെ അവന്റെയടുത്തേക്ക് കൊണ്ടുവരാൻ തന്നോടവൻ ഒരുപാട് നിർബന്ധിച്ചു. അവന്റെ കവിതകളെ മാത്രം സ്നേഹിച്ച ആ പ്രണയിനി പക്ഷേ ഒരിക്കലും അവനെ മു-

ന്നിൽ വന്നില്ല. സഫലീകരിക്കാനാകാത്ത സ്വപ്നം പോലെ ഒരു മുറിപ്പാടായി അതവനിൽ അവശേഷിച്ചു.

മരണത്തെ മുന്നിൽ കാണുമ്പോൾ മാത്രമേ നാം ജീവിതത്തിലെ ഓരോ സെക്കന്റുകളുടെയും വിലയറിയൂ. ആ വില എന്തായിരിക്കുമെന്ന് ജിതിന് അറിയാം. ഒരിക്കലും ഇനി എഴുന്നേറ്റു നടക്കില്ലെന്നും അധികം നാളുകൾ തനിക്കില്ലെന്നും അവനറിയാം. എങ്കിലും അവൻ ജീവിതത്തെ അതിയായി സ്നേഹിക്കുന്നു. അതിന് തന്റെ പ്രണയത്തിന്റെ ഹൃദയമിടിപ്പുണ്ടെന്ന് അവൻ കരുതുന്നു. തന്റെ സകല വേദനകളെയും തോൽപിക്കാൻ അതിനു കഴിയുമെന്നും അവൻ വിശ്വസിക്കുന്നു.

ഒരിക്കൽ വിവേക് ജിതിനുവേണ്ടി അവളെ കാണാൻ പോയിരുന്നു. പക്ഷേ അവളെ കൂട്ടിക്കൊണ്ടുവരാൻ അവനു കഴിഞ്ഞില്ല. അവന്റെ പ്രശസ്തിയെ മാത്രം സ്നേഹിച്ച അവൾ പറഞ്ഞ വാചകങ്ങൾ ആരെയും വേദനിപ്പിക്കുന്നതായിരുന്നു. തിരിച്ചു ചെല്ലുമ്പോൾ ജിതിൻ പറയാതെ പറയുന്ന മൊഴികളെ എങ്ങനെ നേരിടണമെന്ന് അവൻ ആലോചിച്ചു. "ജിതിൻ.... അവൾ നിന്നെ അഗാധമായി സ്നേഹിക്കുന്നു. പക്ഷേ ഈ അവസ്ഥയിൽ അവൾക്കു നിന്നെ അഭിമുഖീകരിക്കാൻ വയ്യ. പാവം... അവളതെങ്ങനെ സഹിക്കും? നിന്നെക്കുറിച്ച് പറഞ്ഞപ്പോഴെല്ലാം അവളുടെ കണ്ണുകളിൽ സ്നേഹവായ്പ് നിറഞ്ഞുനിന്നിരുന്നു. നോക്ക്,... അവൾ നിനക്കെന്താ കൊടുത്തയച്ചതെന്ന്! നിനക്കേറ്റവും ഇഷ്ടപ്പെട്ടതല്ലേ ഇത്" അതൊരു വയലിനായിരുന്നു. അവളുടെ സമ്മാനം എന്തായാലും അവനു വിലപ്പെട്ടതുതന്നെ. അന്നു രാത്രി ജിതിൻ ഏറെനേരം വയലിൻ വായിച്ചു. അതിൽ ആരുമറിയാത്ത പല ഭാവങ്ങളും അവൻ പകർത്തിവെച്ചിരിക്കുന്നത് വിവേക് അറിഞ്ഞു.

പെട്ടെന്ന് ജിതിൻ വായന നിർത്തി. എന്നിട്ട് നിലാവു പൊഴിയുന്ന

താവു നോക്കി കിടന്നു കൊണ്ട് മെല്ലെ പറഞ്ഞുതുടങ്ങി.

"നിനക്കറിയുമോ വിവേക് ഇന്ന് ഞാനെന്തുമാത്രം സന്തോഷവാനാണെന്ന്. ഇന്ന് സ്നേഹത്തിന്റെ ഊർജ്ജം എന്നിലൂടെ കടന്നുപോകുന്നു. ജന്മങ്ങളിലൂടെ എനിക്കു കൈവന്ന പുണ്യമാണ് നീ. കഴിഞ്ഞ ജന്മങ്ങളിലും നാം കണ്ടുമുട്ടിയിരിക്കണം. അന്ന് നമ്മൾ തമ്മിൽ ഒരു വാഗ്ദാനമുണ്ടായിരുന്നു. ഇനിയുള്ള ജന്മത്തിലും നീ എന്റെ കൂടെ ഉണ്ടാവുമെന്ന്. ആ വാഗ്ദാനം ഒരിക്കൽ കൂടി നിറവേറ്റപ്പെട്ടിരിക്കുന്നു മരണത്തെ എനിക്കു പേടിയില്ല. നിഴലായ് നീയെന്റെ കൂടെയുണ്ടെങ്കിൽ അവന്റെ തൊണ്ടയിടറി.

ജിതിൻ.... സമയം കുറേയായി... നീയുറങ്ങാൻ നോക്ക്. ഒന്നിനെക്കുറിച്ചോർത്തും വിഷമിക്കേണ്ട. അവന്റെ വാക്കുകളുടെ ആജ്ഞാശക്തിയിലെന്ന വണ്ണം ജിതിൻ കണ്ണുകളടച്ചു. ആ മുറിയിലെ വായുവിന് വല്ലാത്ത വിങ്ങലുള്ളതായി വിവേകിനു തോന്നി. വലിഞ്ഞു മുറുകിയ തന്ത്രികളിൽ നിന്നും സംഗീതം അതിന്റെ എല്ലാ വികാരങ്ങളെയും പുറത്തു വിടുന്നതുപോലെ. തന്റെയുള്ളിലെ കണ്ണുനീർ ജിതിൻ കാണാതിരിക്കാൻ അവൻ മുറിക്കുപുറത്തെ ഇരുട്ടിലേക്ക് മറഞ്ഞു.


കാർട്ടൂൺ
എന്നാ ടേയ്സ്റ്റാ ബീഫിന്
രോഗം വന്നാൽ പോലും വെറുതെ വിടാത്ത വർഗ്ഗങ്ങൾ
താങ്കളുടെ അവസ്ഥ പരിതാപകരമാണ് രോഗത്തിന് മരുന്ന് കണ്ടുപിടിച്ചിട്ടില്ല.
Apartna RA

an unknown who continiously texted me and atlast I blocked the contact. I described the incident. They said it was this, that they were waiting for and I was trapped. The person who texted me was a Pakistan terrorist. Oh my God. tears started rolling and I was gone. My stomach was burning and I pleaded them. That I don't know anything about that guy and I am innocent. They told that I was one among his five agents in India. oh it was terrific. I called all the gods. Atlast I swore in the name of god, then one among the two, gelt some sympathy and said "Yea, I guess she may be innocent". But then they told to swear in the name of my mother. Myself the biggest fool told ' Appayanu sathyam, Ammayanu sathyam, Thamarayanu sathyam' They were puzzled and asked what's Thamara and I told its my brother. They made me tell this five times Then they asked to provide five LPG cylinders. I promissed I would try. Then they enquired about AADHAR CARD, having banana cultivation at home etc. I was confused and had many questions in my mind. At last I got the answer. They asked whether I know Athulya, my classmate as she was the one who gave complaint against me. She was standing right infront of me. Then they revealed that they are calling from "HELLO MY DEAR WRONG NUMBER", the hitmaker of RED FM. Ohhh!!! mixed feelings of anger and happiness, excitment, what not... I felt myself as the biggest fool to believe them. But was happy that these did not really happen.




സമുദ്രത്തിന്റെ അനന്തതയ്ക്ക്
മുന്നിൽ ഇവൾ നിർനിമേഷയായ്
പകച്ചു നിൽക്കുകയാണ്. മുന്നിൽ
അലയടിച്ചുയരുന്ന തിരമാലകൾ മാത്രം.
ഈ യാത്രയ്ക്കിവിടെ തിരശ്ശീല വീഴുമോ?
പക്ഷേ എൻ:തിരിഞ്ഞു നടക്കാൻ
ഇവൾക്കെങ്ങനെ കഴിയും? കാരണം
യുവത്വത്തിന്റെ അടങ്ങാത്ത ആവേ-
ശവും നേരിനോടുള്ള അഭിനിവേശവു-
മാണല്ലോ ഇവളുടെ വഴികാട്ടി....

# ചിലന്തികൾ

- Raeesa P

കർപ്പൂരഗന്ധം അന്തരീക്ഷത്തിലാകെ തളം കെട്ടിക്കിടക്കുന്നു. പന്തലുകളും ആരവങ്ങളും പതുക്കെ നിലച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ നിന്നും മക്കളൊക്കെയെത്തി എന്തിനെന്നറിയില്ല. കരുണാലയത്തിന്റെ ജനൽചില്ലയിൽ കാകനായി വന്നിരിക്കുമ്പോൾ, ഒരു വേള ഞാനെന്റെ ബാല്യം ഓർത്തുപോയി കുന്നിക്കുരു പെറുക്കിയതും, മഞ്ചാടിക്കുരു വെണ്ണിയതും, കളിക്കൂട്ടുകാരുടെ കൂടെ പുത്തൻകിരി കളിക്കുമ്പോൾ രാധാമണി ചിണുങ്ങിക്കൊണ്ട് ഓടിപ്പോയതുമെല്ലാം... അവളെ ആശ്വസിപ്പിക്കാൻ തുമ്പിയെ പിടിച്ചു കൊടുത്തു, പിന്നെപ്പെന്നോ അന്ന് ആ ബന്ധം ഒരു പ്രണയമായ് വളർന്നത്, എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ. ഒടുവിൽ കൂലിവേല ചെയ്തും പോറ്റിക്കോളാമെന്ന് പറഞ്ഞ് അവളെ വിളിച്ചിറക്കിക്കൊണ്ട് നാടുവിടുമ്പോൾ ആലോചിച്ചിട്ടില്ലായിരുന്നു, അവൾക്ക് താങ്ങാൻ കഴിയില്ലെന്ന് അന്ന് മരണക്കിടക്കയിൽ കിടന്ന് അവളെന്നോട് ചോദിച്ചു. "നമ്മുടെ മക്കൾ വരുമോ?" ഇല്ലെന്ന് പറയാൻ എനിക്കു കഴിയുമായിരുന്നില്ല. ഇല്ലെന്നോ ഉണ്ടെന്നോ പിന്നെ പറയേണ്ടി വന്നില്ല.



പിന്നീടുള്ള ഇരുണ്ട നാളുകളിൽ ഞാൻ കഴിഞ്ഞത് ആ ഇടുങ്ങിയ ഒറ്റ മുറിയിലായിരുന്നു. മുറിയുടെ പടിഞ്ഞാറെ കോണിൽ ചിലന്തികൾ വലകൾ നെയ്യുമായിരുന്നു. ഞാൻ അത് കൗതുകത്തോടെ വീക്ഷിച്ചു. ദിവസവും രാവിലെ ഞാൻ അവ നീക്കിക്കളഞ്ഞു. അവ

പിന്നെയും പിന്നെയും വലകൾ നെയ്തു

ഇന്നലെ രാത്രിയാണ് അതുണ്ടായത്. രണ്ട് ദിവസം മുൻപേ അതീവ ഗുരുതരാവസ്ഥയിലെത്തിയിട്ടും ആശുപത്രിയിൽ പോകാൻ ഞാൻ കൂട്ടാക്കിയില്ല. ഡോക്ടർ വന്ന് ഓക്സിജൻ ട്യൂബ് ഇട്ടു തന്നു. രാത്രിയുടെ ഏതോ യാമത്തിൽ മുറിയിൽ ആളനക്കം തോന്നി പെട്ടെന്ന് ശ്വാസം മുട്ടി ഞാൻ കുടഞ്ഞെണീറ്റു. വെളിയിലേക്കു നോക്കുമ്പോൾ അവിടെ കിടക്കുന്നു, തുറിച്ച കണ്ണുകളുമായി എന്റെ ശരീരം

മക്കളെല്ലാവരും വന്നു. അവരെന്തിനു വന്നുവെന്ന് ഇപ്പോഴാണു മനസ്സിലാവുന്നത്. ഓരോ വൻ തുകക്ക് എന്റെ ശരീരത്തെ അവർ ഇൻഷ്വർ ചെയ്തിരുന്നു. അതിന്റെ പങ്ക് പറ്റിയാൽ അവർക്ക് തിരിച്ചുപോകാം.

എന്റെ എല്ലാ സമ്പാദ്യങ്ങളും അവരെടുത്തു. വീടും പുരയിടവും വിറ്റു എന്നെ ഇവിടെ കൊണ്ടാക്കി. എന്നെ പൊന്നുമക്കൾ. അവർ ചിലന്തികളായിരുന്നു. എന്റെ ജീവൻ മുഴുവൻ ഊറ്റിക്കുടിക്കാൻ അവർ ഇക്കാലമത്രയും വല നെയ്യുകയായിരുന്നു. ഇനിയാ ഞാൻ അതിൽ ... ഇതായിരുന്നോ ഇത്രയും നാൾ എന്റെ ചിലന്തികൾ എന്നോടു പറഞ്ഞു കൊണ്ടിരുന്നത്?

# ഒരു യാത്രയുടെ ഓർമ്മയ്ക്കായ്...

- Athira Sojan


ശാന്തമായി ഒഴുകുന്ന ഗംഗാനദി, പ്രകൃതിരമണീയമായ മലമടക്കുകൾ, ചെങ്കുത്തായ, കൈവരികൾ പോലുമില്ലാത്ത പാതയിലൂടെ ഞെങ്ങിനീങ്ങുന്ന വാഹനങ്ങൾ. പെട്ടെന്നാണ് ആകാശത്തിന് മാറ്റമുണ്ടായത്. മാലാഖമാരെപ്പോലെ തൂവെള്ളവർണ്ണമണിഞ്ഞ മേഘങ്ങൾ ചെകുത്താന്റെ ഇരുണ്ട രൂപം പൂണ്ടു. കനത്ത മഴ മലമടക്കുകളുടെ ശാന്തതയ്ക്ക് ഭംഗം വരുത്തി. ഗംഗ കുലംകുത്തിയൊഴുകുന്നു. മലവെള്ളപ്പാച്ചിലിൽ ഇടിയുന്ന താഴ്‌വരകൾ. പിന്നെ കണ്ടത് വാഹനവ്യൂഹത്തെ ഒരു കാന്തത്തെപ്പോലെ, ആഴങ്ങളിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്ന ഗംഗയെയാണ്. എങ്ങും മരണത്തിന്റെ ഗന്ധം! "സാർ, വല്ലതും തരണേ, പാവങ്ങളാണേ", ഈ ശബ്ദം എന്നെ സ്വപ്നത്തിൽ നിന്നുണർത്തി. ചുറ്റുപാടും നോക്കി, ട്രെയിനിലാണ്, കണ്ടത് സ്വപ്നമായിരുന്നുവെന്ന് തിരിച്ചറിയാൻ കുറച്ചുനേരമെടുത്തു. എന്നെ ഉറക്കത്തിൽ നിന്നുണർത്തിയ ശബ്ദത്തിനുടമയാരെന്ന് നോക്കി. ഒരു നാടോടി സ്ത്രീയാണ്, കൈയ്യിൽ മൂന്നുവയസ്സ് പ്രായം തോന്നിക്കുന്ന ഒരു കുട്ടിയുമുണ്ട്. കൈയ്യിലെടുത്ത നോട്ട് അവരുടെ പാത്രത്തിലേക്കിടുമ്പോൾ, ഞാനാക്കുട്ടിയെ നോക്കി; അവൻ ചിരിക്കുകയായിരുന്നു! അവന്റെ നോട്ടം ഓർക്കാൻ പോലും ഇഷ്ടപ്പെടാത്ത ആ ഭീകരനിമിഷങ്ങളിലേക്ക് എന്റെ ചിന്തയുടെ വഴിമാറി

ധാരാളം യാത്രകൾ നടത്തുകയും, പോകുന്നിടത്തെല്ലാം ഷൂട്ടു ചെയ്യുകയുമാണ് എന്റെ പ്രധാനവിനോദം. അങ്ങനെയൊന്നായിരുന്നു തീർത്ഥാടകരുടെ പുണ്യഭൂമിയായ കേദാർനാഥിലേ-

ക്കുള്ള യാത്ര. കാറിലാണ് യാത്ര തിരിച്ചത്, ജൂൺ മാസം. ഡ്രൈവറും അതിലുപരി വഴികാട്ടിയുമായ എന്റെ സുഹൃത്തു കൂടെയുണ്ടായിരുന്നു മഹാകുംഭമേളയ്ക്ക് പ്രശസ്തി നേടിയ ഹരിദ്വാറിലൂടെ, രുദ്രപ്രയാഗ് വഴി കേദാർനാഥിലേക്ക്. വഴിയിൽക്കണ്ട മനോഹരദൃശ്യങ്ങൾ ഒന്നു-പോലും വിടാതെ ക്യാമറയിൽ പകർത്തുന്നതിൽ വ്യാപൃതനായിരുന്നു ഞാൻ. ചെങ്കുത്തായ, കൈവരിപോലുമില്ലാത്ത വീതികുറഞ്ഞപാത! നിമിഷങ്ങൾ കഴിയുന്തോറും കനത്തമഞ്ഞ് ദൃശ്യങ്ങളെ കൂടുതൽ മറച്ചുകൊണ്ടിരുന്നു ഞാൻ ക്യാമറ ഓഫ് ചെയ്ത് ബാഗിലാക്കി. പിന്നെ ഡ്രൈവറുടെ വിരസമായ സംസാരത്തിന് അലസമായി ചെവിയോർത്തു. ഇങ്ങനെ മഴ തുടർന്നാൽ മലയിടിച്ചിൽ ഉണ്ടാകുമെന്നയാൾ പറഞ്ഞപ്പോൾ മനസ്സിൽ തെല്ലൊരു ഭയം തോന്നിയെങ്കിലും ഒരു മഹാദുരന്തത്തിന് സാക്ഷ്യം വഹിക്കേണ്ടി വരുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല!

കേദാർനാഥിലെത്തിയപ്പോൾ, വാഹനം മാറ്റി പാർക്ക് ചെയ്തു. ആ കനത്ത മഴയിലും, മഞ്ഞിലും പോലും തീർത്ഥാടകരുടെ എണ്ണത്തിൽ ഒരു കുറവുമുണ്ടായിരുന്നില്ല അപ്പോഴാണ് ഏകദേശം മൂന്നുവയസ്സു പ്രായമായ ഒരു കുസൃതിക്കുരുന്ന് എന്റെ ശ്രദ്ധയിൽ പെട്ടത്. അച്ഛന്റെ കയ്യിൽ തൂങ്ങി നിൽക്കുകയായിരുന്നു അവൻ തൊട്ടടുത്ത് അമ്മയും, സഹോദരിയും നിൽക്കുന്നു. എന്തുകൊണ്ടോ അവരോടെനിക്കടുപ്പം തോന്നി. ഡൽഹിയിൽ നിന്ന് വന്നതാണവർ. അറിയാവുന്ന ഹിന്ദിവെച്ച് അവരെ പരിചയപ്പെട്ടു. ആ കുട്ടിയുടെ വിളിപ്പേര് - 'മോട്ടു', പേരുപോലെ അവന്റെ പ്രവർത്തികളും ആകർഷ-കമായിരുന്നു അങ്ങനെ ഞങ്ങളെല്ലാം ദുർബലമായ ആ ഒറ്റവരിപ്പാതയി-

ലൂടെ യാത്രയാരംഭിച്ചു. പ്രകൃതിലാവണ്യം തുളുമ്പിനിന്നിരുന്ന ചില സ്ഥലങ്ങളിൽ അവരെ നിർത്തി ഫോട്ടോയെടുക്കാനും ഞാൻ മറന്നില്ല. കുറച്ചുനേരം മോട്ടുവിനെ ഞാനെടുക്കാമെന്നു പറഞ്ഞപ്പോൾ, സന്തോഷത്തോടെ അയാൾ കുട്ടിയെ എന്നെ ഏൽപ്പിച്ചു. ദൈവമായിട്ടാണ് എന്നെക്കൊണ്ടതു പറയിച്ചത് എന്ന് പിന്നീടാണ് മനസ്സിലായത്. ഏറ്റവും പിന്നിലായാണ് ഞാൻ നടന്നത്. പിന്നെ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. എന്റെ തൊട്ടുമുന്നിൽ നടന്നവരെ ഒരു ഭൂതത്തെപ്പോലെ മലവെള്ളപ്പാച്ചിൽ വിഴുങ്ങുന്ന അതിദാരുണമായ കാഴ്ച! ഞാനും കുട്ടിയും നിന്ന സ്ഥലമൊഴിച്ച് മുന്നോട്ടുള്ള പാത മലവെള്ളത്തോടൊപ്പം ഒലിച്ചിറങ്ങിയിരിക്കുന്നു, അതും നിമിഷനേരം കൊണ്ട്. ആ കാഴ്ചകണ്ട് സ്തംഭിച്ചുനിൽക്കാനേ എനിക്കും രക്ഷപ്പെട്ട മറ്റുള്ളവർക്കും കഴിഞ്ഞുള്ളൂ. തന്റെ കുടുംബത്തെ മുഴുവൻ ഒറ്റനിമിഷം കൊണ്ട് നഷ്ടമായ നിഷ്കളങ്കനായ മോട്ടിയുടെ കണ്ണിലേക്കു നോക്കാനുള്ള ധൈര്യം പോലുമെനിക്കില്ലായിരുന്നു.



സ്ഥിതിഗതികൾ വ്യക്തമാവാൻ മണിക്കൂറുകൾ വേണ്ടിവന്നു. ആ സമയത്തെല്ലാം ഞങ്ങൾ മരണത്തെ മുഖാമുഖം കാണുകയായിരുന്നു. തിരിച്ച് മലയിറങ്ങാനുള്ള തീരുമാനത്തിലെത്തിയപ്പോഴാണ്, പാതയുടെ മറുവശവും ഇടിഞ്ഞിരിക്കുന്നു എന്ന ദുഃഖസത്യം തിരിച്ചറിഞ്ഞത്. മരണംപതിയിരിക്കുന്ന കേദാർനാഥിന്റെ താഴ്‌വരയിലെ ഒറ്റവരിപ്പാതയിൽ ഞങ്ങൾ കുടുങ്ങിപ്പോയി. അവിടെത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്ന അഞ്ചുദിവസങ്ങൾ, അവയ്ക്ക് അഞ്ചു സംവത്സരങ്ങളെക്കാൾ ദൈർഘ്യമുണ്ടായിരുന്നു!! മോട്ടുകരയാൻ തുടങ്ങി. വിശപ്പും ദാഹവും എന്നെയും കീഴ്പ്പെടുത്തി! സഹയാത്രികരോട് സഹായമഭ്യർത്ഥിക്കേണ്ടി വന്നപ്പോഴാണ്, മനുഷ്യൻ മൃഗങ്ങളെക്കാൾ ക്രൂരനാവാം എന്ന സത്യം ഞാൻ മനസ്സിലാക്കിയത്. വിശപ്പടക്കാൻ ആകെയുണ്ടായിരുന്ന പ്രസാദത്തിനും ഒരിറ്റു വെള്ളത്തിനുപോലും തീവിലയായിരുന്നു. മരണത്തിന്റെ നിഴലിൽ നിന്നു രക്ഷപ്പെട്ടിട്ടില്ലെങ്കിലും പണത്തോടുള്ള ആർത്തി ഒട്ടും കുറയാത്ത അവരെ എന്തുവിളിക്കണമെന്നു പോലുമറിയില്ല. ദുരന്തമുഖത്തു വന്നിട്ടും ഇറങ്ങാനാവാതെ തിരിച്ചു പോകുന്ന ഹെലികോപ്ടറുകളുടെ കാഴ്ച പ്രതീക്ഷയുടെ നേരിയ കതിരുകളെപ്പോലും ഉണക്കിക്കരിച്ചു കളഞ്ഞു. കുഞ്ഞിനെ നെഞ്ചോടു ചേർത്ത് കഴിഞ്ഞ ആ ദിനങ്ങൾ!! അച്ഛനുമമ്മയുമെവിടെ എന്ന അവന്റെ ചോദ്യത്തിനു മുന്നിൽ ഉത്തരം കണ്ടെത്താനായി വെപ്രാളപ്പെടുകയായിരുന്നു ഞാൻ. മരണമായിരുന്നു ഇതിലും ഭേദം എന്നാലോചിച്ചുപോയ നിമിഷങ്ങളായിരുന്നു അത്... അഞ്ചാം ദിവസം ഇന്ത്യൻ ആർമിയുടെ വിജയകരമായ പ്രവർത്തനങ്ങൾ, മരണം കാത്തു കിടന്ന ഞങ്ങളെ ആശ്വാസത്തിന്റെ മറുകരയിലെത്തിച്ചു. ഇതുവരെ

നെഞ്ചോടു ചേർത്തു പിടിച്ച മേട്ടുവിനെ ദുരിതാശ്വാസ ക്യാമ്പിലെ ഓഫീസർക്ക് കൈമാറാൻ ഞാൻ നിർബന്ധിതനായി. എന്റെ ശരീരത്തിൽ ഇറുകിപ്പിടിച്ചിരുന്ന ആ കുഞ്ഞു കൈകൾ ബലമായി പിടിച്ചു മാറ്റിയപ്പോഴുണ്ടായ ദയനീയമായ നോട്ടം എന്റെ ഹൃദയത്തിൽ ഒരിക്കലും ഉണങ്ങാത്ത മുറിപ്പാടായി മാറി. അതിന്റെ നോവും നീറ്റലും എന്നെ അസ്വസ്ഥനാക്കി കൊണ്ടിരിക്കുന്നു.

വിശ്വാസത്തിന്റെ പുണ്യഭൂമിയിൽ പ്രളയം താണ്ഡവനൃത്തമാടിയതിന്റെ ഭീകരചിത്രം മറ്റു പലരുടെയും അനുഭവങ്ങളിൽ നിന്നു കൂടി വ്യക്തമായി. സകലലോകങ്ങളുടെയും സ്രഷ്ടാവും, ശക്തിസ്രോതസ്സുമായ ഈശ്വരൻ എന്തുകൊണ്ട് ഈ ദുരന്തം അനുവദിച്ചു?? ദീർഘമായി ചിന്തിച്ചപ്പോൾ ഒന്നു മനസ്സിലായി. ദൈവത്തെ മാത്രം പഴിച്ചിട്ടെന്തുകാര്യം? ഇതെല്ലാം സർവ്വംസഹയായ പ്രകൃതിയിൽ മനുഷ്യൻ വരുത്തിവയ്ക്കുന്ന വിനകളാണ്. സാമ്പത്തികലാഭം മാത്രം മുൻനിർത്തിയുള്ള, ശാസ്ത്രീയമല്ലാത്ത റോഡുനിർമ്മാണവും വലിയ ജലസേചനപദ്ധതികളുടെ കടന്നുവരവുമൊക്കെയാണ് ഈ വൻ ദുരന്തത്തിന് കാരണമായത്. ഹിമവാന്റെ മലമടക്കുകളുടെ സ്ഥിരത നഷ്ടപ്പെടുത്തുന്ന ഇത്തരം നിർമ്മാണരീതി തുടർന്നാൽ പ്രളയമുണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ! എങ്കിലും മറ്റൊരു ദുരന്തം ആവർത്തിക്കാതിരിക്കട്ടെ...

തീവണ്ടിയുടെ ജനൽപാളിയിലൂടെ പുറത്തേക്ക് നോക്കി. ഒരു വലിയ പാടശേഖരം ഇടിച്ചുനികത്തുന്ന തിരക്കിലാണ് കുറേ പേർ. ഏതോ നിർമ്മാണപ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

# സ്വവർഗപ്രണയവും സമൂഹവും

Arun Thazhath, Jasbeer, Theressa





സ്വവർഗരതി അങ്ങനെ നിയമവിരുദ്ധമായി തുടരാൻ പോകുന്നു. ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന് അഭിനന്ദനങ്ങൾ. പ്രകൃതിവിരുദ്ധമായ സാമൂഹികപ്രവൃത്തികളെ അടിച്ചമർത്തിക്കൊണ്ട് 377-ാം വകുപ്പ് പ്രകാരം സ്വവർഗലൈംഗികത ക്രിമിനൽ കുറ്റമാണെന്ന് സുപ്രീംകോടതി വിധി. 🙂 പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമായി ആണും ആണും പെണ്ണും പെണ്ണും തമ്മിൽ ശാരീരികബന്ധത്തിലേർപ്പെടണം, അതുതന്നെ 'പുരോഗമനം' എന്ന് കൊട്ടിഘോഷിച്ചു നടക്കുന്ന New generation വാദികൾക്ക് ഒരു അസ്സൽ തിരിച്ചടി.

Comments 128



You are absolutely correct.

Like 1 Jan 9 at 6:30 am



Right decision

Like 2 Jan 9 at 6:45 am



കലക്കി ചേട്ടാ

Like 2 Jan 9 at 8:00 am

View more comments

View more comments



: പ്രകൃതി വിരുദ്ധമായ സ്വവർഗാനുരാഗം നിയമം വഴി നിരോധിക്കുകയാണെങ്കിൽ ബ്രഹ്മചര്യവും നിരോധിക്കണം

Like 1. Jan 9 10:17 am



: Wat a strange eqn. സ്വവർഗാനുരാഗം = പ്രകൃതി വിരുദ്ധം = ബ്രഹ്മചര്യം ?

Like 2. Jan 9 10:24 am



Let us look in a different angle. Today homosexuality in certain communities is no longer viewed as something shameful or sinful and usually they adopt an open lifestyle describing their practice in a '+'ve term "GAY"

Like 4. Jan 10:47 am



. I can't accept this സ്വവർഗാനുരാഗത്തെ നിയമം അനുകൂലിക്കണമെന്നാണോ? പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി Sex trafficking ചെയ്യുന്നതുപോലെ ആൺകുട്ടികളെയും ചെയ്യാൻ തുടങ്ങട്ടെ എന്നാണോ?

Like 1 Jan 11:28 am



: നിയമപരമായി സ്ത്രീപുരുഷലൈംഗികബന്ധം അനുവദിച്ചിട്ടും സ്ത്രീപീഡനം തുടരുന്നുണ്ട്. അതിനാൽ ഈ അവസ്ഥ ഒഴിവാക്കുന്നതിനായി സമൂഹം അംഗീകരിച്ച ഇത്തരം പ്രവണതകൾക്കും വിലക്ക് കൽപ്പിക്കണമെന്നാണോ നിങ്ങൾ ചൂണ്ടിക്കാണിക്കുന്നത്

Like 2 . Jan 11:41 am

View more comments

View previous comments . . .



നിയമം അനുകൂലിച്ചിട്ടില്ലെങ്കിലും സ്വവർഗ്ഗവിവാഹം നിലനിൽക്കുന്നില്ലേ? ഈ പ്രവണതയ്ക്ക് അനുകൂല നിയമം കൂടിവന്നാൽ പിന്നെ ഇത്തരം രോഗികൾക്ക് യാതൊരു പേടിയും ഉണ്ടാവുകയില്ല . .

Like 5 . Jan 9 12 17 pm

---



: സ്വവർഗ്ഗരതി ഒരു പരിധിവരെ മനുഷ്യസമൂഹത്തിന്റെ സൃഷ്ടി തന്നെയെന്ന് പറയാം ഇത്തരം Sex life ഒരിക്കലും സമൂഹത്തിൽ prominent ആകാൻ പോകുന്നില്ല, നിയമം അനുകൂലിച്ചാലും, നിരോധിച്ചാലും !

Like 3 . Jan 9 12 .38pm

---



: That's right brooo....

Like 2 . Jan 9 12 : 48 pm

---



: ഒരുപാട് orphans നെ adopt ചെയ്യാൻ ഇത്തരം life style സ്വീകരിക്കുന്നവരെ കൊണ്ടാവും

Like 5 . Jan 9 3 30pm

---



: And, for an extend, it reduces the HIV infection

Like 3 . Jan 4 30pm

---



: Homosexual life ആസ്വദിക്കുന്നവരിൽ 75% ആളുകളും മനോവൈകല്യം, അല്ലെങ്കിൽ ഒരു physiological disorder നേരിടുന്നവരാണെന്ന സത്യം സമൂഹം തിരിച്ചറിയാൻ തയ്യാറാകണം

Like 2 . Jan 4 : 40pm

---

View more comments . . .

View previous comments...



Ha, ha. A fascist showing his joy on this verdict, One of the most reactionary verdicts of all time by the Supreme Court ഹി, മോദി എടുത്തു, അഭിമാനിക്കുന്നു!!!

Like 4 · Jan 9 7 18 pm



മോദി എടുക്കുക മാത്രമല്ല, പടക്കവും വേണമെങ്കിൽ പൊട്ടിക്കാം.

Like 5 · Jan 9 7:44pm



Reactionary verdict .... ???

Homosexuality is against laws of nature. It shud b prohibited by our judiciary. We can't afford this act of immorality.

Like 2 · Jan 9 8 0 pm



ജീവിതകാലം മുഴുവൻ തുടരുന്ന ബ്രഹ്മചര്യവും സ്വവർഗരതിപോലെ പ്രകൃതിനിയമത്തിന് വിരുദ്ധമായ ഏർപ്പാടുകൾ. So all are considered immoral, a deviation & perversion of creator's original intention

Like 3 · Jan 10 9 10am



ഒരു പുരോഹിതനെയും ഒരു സ്വവർഗാനുരാഗിയെയും ഒരേ കണ്ണുകൊണ്ട് നോക്കാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു.....?  I am sorry that U r so blind

Like 4 Jan 10 am

View more comments

View previous comments...



Ha, ha. A fascist showing his joy on this verdict, One of the most reactionary verdicts of all time by the Supreme Court. ഹി, മിഠായി എടുത്തു, ആഘോഷിക്കൂ!!!

Like 4 · Jan 9 7 18 pm



മിഠായി എടുക്കുക മാത്രമല്ല, പടക്കവും വേണമെങ്കിൽ പൊട്ടിക്കാം.

Like 5 · Jan 9 7:44pm



Reactionary verdict ....???

Homosexuality is against laws of nature. It shud b prohibited by our judiciary. We can't afford this act of immorality.

Like 2 · Jan 9 8 0 pm



ജീവിതകാലം മുഴുവൻ തുടരുന്ന ബ്രഹ്മചര്യവും സ്വവർഗ-രതിപോലെ പ്രകൃതിനിയമത്തിന് വിരുദ്ധമായ എനൽ-sex. So all are considered immoral, a deviation & perversion of creator's original intention.

Like 3 · Jan 10 9 10am



ഒരു പുരോഹിതനെയും ഒരു സ്വവർഗാനുരാഗിയെയും ഒരേ കണ്ണുകൊണ്ട് നോക്കാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു .....?  I am sorry that U r so blind

Like 4 Jan 10 am

View more comments

View previous comments . . .



മാനസികാരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കെൽപുള്ളവർ തന്നെ സ്വവർഗരതിയിൽ ഏർപ്പെടുന്നത് വിലക്കേണ്ടത് സമൂഹത്തിന്റെ ആവശ്യകതയല്ലേ ?

Like 3 Jan 11am

---



Why not, U r correct Dude.

Like 4 Jan 11·45 am

---



ഒരു രോഗിയെ സമൂഹം സഹാനുഭൂതിയോടെ നോക്കുമ്പോൾ സ്വവർഗാനുരാഗിയെ Criminal കണ്ണുകളിലൂടെയാണ് നോക്കുന്നത് അറപ്പും, വെറുപ്പും, പുച്ഛവും തോന്നിക്കുന്ന ഇത്തരം സമ്പ്രദായത്തെ തടയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു

Like 1 Jan 1 pm

---



Facebook ചർച്ചകളുടെ ദൗർബല്യം കൂടുതലാണ്. ആ പ്രശ്നം ഇവിടെയുമുണ്ട്. പക്ഷേ എല്ലാവരും അവരുടെ വാദമുഖങ്ങൾ വ്യക്തമാക്കി. ഇതുവരെ നിങ്ങൾ type ചെയ്തതെല്ലാം ഒരുമിച്ച് വെച്ച് വായിച്ചു നോക്കൂ നിങ്ങൾക്ക് ഈ വിഷയത്തെക്കുറിച്ച് ഇതുവരെ ഉണ്ടായിരുന്നതിനെക്കാൾ വ്യക്തമായ ചിത്രം ലഭിക്കാതിരിക്കുകയില്ല

Like ?

# തിരമാല

- Anjana S.

അനന്തമാം ആഴിയിൽ നിന്നലയടിച്ചാരവം
മുഴക്കുന്നൊരു തിരമാലകളെ
എവിടെ നിന്നു വരുന്നീ ഭൂമിക്കൊരരഞ്ഞാണമായ്
സപ്തസാഗരത്തിനുള്ളിൽ നിന്നോ
ശാന്തമാം ഉൾക്കടലിൻ മടിത്തട്ടിൽ നിന്നോ
കരയെ നുകരുവാൻ വെമ്പുന്ന നിങ്ങളെ
നമിക്കുന്നു നമ്രശിരസുമായ്
പുകഴ്ത്തുന്നു നിൻ നിസ്വാർത്ഥമാം തൃഷ്ണയെ
എന്തിനു വെമ്പുന്നു നീ കരയിലെത്തുവാൻ
എവിടെ തിരിഞ്ഞു നോക്കിയാലും കാണാം
കൂട്ടക്കുരുതി കൊടുക്കുന്ന കുരുന്നുകളെയിവിടെ
കൂട്ടംകൂട്ടമായ് കടിച്ചുകീറുന്ന പെൺകിടാങ്ങളെ
മന്നനായ് വാഴുന്നു ധരണിയിൽ നരാധമന്മാർ
കുരുന്നുകളെ ജീവനോടെ കൊന്നൊടുക്കുന്ന
അനേക ജനനിമാരുണ്ടിവിടെ
കുഞ്ഞുങ്ങളിൽ നിന്നിറ്റിറ്റു വീഴും നിണത്താൽ
ചുവക്കുന്ന നിൻ തീരം സായം സന്ധ്യയെപ്പോൽ
തൻ സുഖത്തിന വേണ്ടി പൂകിച്ചു
അതിഥിയെന്ന കുരുന്നിനെ തൻ ജനകൻ
ജീവിൻ മന്ത്രങ്ങളാം ഉറഞ്ഞാലിയാടുന്ന
ഷെഫീഖെന്ന കുരുന്നു ജീവൻ
ഒരു നല്ല നാളെയെ വാർത്തെടുക്കുവാൻ
ദൈവം കൽപിച്ചയച്ചവർ
വരും നാളെയെ കാണാതെ പരലോകം പൂകിടുന്നിവിടെ

പ്രയാണിക

കുന്നുകൂടുന്ന മാലിന്യം ധരണിയിലെന്നപോൽ
കീഴടക്കുന്ന സ്വാർത്ഥ്യം മാനവമാനസത്തെയും
കനിവില്ല അലിവില്ല മാനവമനസ്സുകളിൽ
ചേർത്തണച്ചാശ്ലേഷിക്കേണ്ട കരങ്ങൾ
ഉദകക്രിയ ചെയ്യുന്നുണ്ടിവിടെ
ഉർവിലും പാരിലും കാണുന്നു ഞാനീ
ഉരുകുന്നു ശിരസ്സിൽ വീഴുന്നൊരാ ശാപത്തെയും
തിരമാലകളെ നിൻ കലികണ്ടു ഞാനൊന്നോർക്കുന്നിവിടെ
വൻ തിരമാലകളായ് വന്നു ശുദ്ധമാക്കിയീ പാരിടത്തെയും
കടലമ്മ കള്ളിയല്ലെന്നു തെളിയിച്ച നീ
ഒരു കുളിരേകി നനച്ചുവെൻ കാലിണകളെയും തീരത്തെയും
കടൽ നിന്നെ തിരികെ മാടിവിളിക്കവേ പോകുന്നു നീ
ചലനിരവിച്ചൊരു ദുഃഖഭാരത്താൽ
മെല്ലെ ഞാൻ തിരിയവേ
ഒരു സാന്ത്വനം പോൽ വീണ്ടും
വന്നു തഴുകിയില്ലേ നീ എൻ പാദങ്ങളെ



# PROVISIONS OF FOOD SECURITY BILL

– DarsanaJ.

The recent estimates of food insecurity containment across India showed that there is scope for attainment of UN Millennium Development Goals target at the global level by 2015. Nevertheless, it is a challenge ahead as far as India is concerned. Judged from this angle, National Food Security Bill is a very significant step. The bill was passed by Lok Sabha on August 26, 2013 and by Rajya Sabha on September 2, 2013 and to which the hon'ble President gave his assent on September 12, 2013 that gives a legal entitlement to 67 percent population (including 75 percent rural and 50 percent urban) for subsidised grains under the Targeted Public Distribution System (TPDS). A beneficiary will be entitled to 5kg of rice, wheat or coarse cereals as Rs 3, 2 and 1 respectively a kg a month and will be identified by States based on parameters prescribed by Union government. The Union Cabinet gave its nod to 71 amendments proposed by the Food Ministry, including the one that said that the 2.43 crore Antyodaya Sarva Yojana beneficiary households will continue to get their quota of 3.5 kg grains a month under TPDS. In its revised form, the Bill

favours two child norm by denying the maternal benefits to a pregnant woman beyond two live births. It's always required to present and monitor as well as plan according to the poverty estimates when it comes to problems of national interest like food security.

All in all, it is being ages since India has been trying to relinquish the problem of food insecurity. What is required is the mutual, sincere co-operation and dedication between govt and people in fulfilling the worth of such entitlements.

# स्मृतियों के पन्नों से
– Suman

मैं तब चौथी कक्षा में पढ़ती थी। कक्षा में सभी ग्रीष्मावकाश की चर्चा कर रहे थे और उत्सुक थे। लेकिन मेरी प्रसन्नता का कारण कुछ और ही था कि पूरे छः महीने बाद मैं अपने पिता से मिलने वाली थी। मेरे पिता फौज में मेजर थे और उनका तबादला जम्मू के पूँछ ज़िला में हुआ था जो कि आतंकवाद की समस्या से ग्रस्त था। सभी फौजियों को इसी कारण कम छुट्टियाँ मिलती थी। मेरी उत्सुकता की कोई सीमा न थी, पिछले वर्ष के अवकाश की स्मृतियाँ मन में उमड़ने लगीं। मेरे का गठीला शरीर और उनके हँसमुख चेहरे की छवी मेरे मन में प्रत्यक्ष होने लगी। मेरे पिता सरल स्वभाव के स्वाभिमानी मनुष्य थे। उनके मुख पर एक अलग ही तरह की शाँतीपूर्ण कांती विद्यमान थी। सबसे महत्वपूर्ण बात तो यह थी कि मेरे पिता किसी को भी अपनी मूँछें नहीं छूने देते थे यदि मैं उन्हें छूती तो पिताजी अपनी आँखे बड़ी करके यह चेतावनी दे देते थे कि ये खेलने का साधन नहीं हैं और मेरा हाथ प्रेमपूर्वक अपनी मूँछों से हटा देते। इन सब यादों के मध्य कब रात बीत गई और कब दूसरे दिन का सूर्य उदय हो गया कुछ पता ही नहीं चला। इस दिन के शुरू होते ही मैंने समय गिनना आरम्भ कर दिया और मेरी व्याकुलता की कोई सीमा ही नहीं थी क्योंकि कल से हमारे ग्रीष्मावकाश शुरू होते ही मेरे व्याकुलता के समय भी मिट जाएँगे और मैं अपने पिता से कल मिल पाऊँगी। मैं तो आज का दिन भी स्कूल नहीं जाना चाहती थी पर माँ ने जबरदस्ती जाने को कहा। कक्षा में मेरा मन ही नहीं लग रहा था। कक्षा में मेरा मन ही नहीं लग रहा था। दोपहर के बारह बज रहे थे और छुट्टी होने में अब भी दो घंटे बाकी थे कि तभी माँ और नानाजी

मेरी कक्षा में आए, उन्होंने अध्यापिका को बाहर ले जाकर कुछ कहा जिसके बाद मेरी अध्यापिका ने मुझे घर जाने की अनुमती दे दी। माँ की आँखे नम लग रही थी और नानाजी बहुत दुखी प्रतीत हो रहे थे। जब मैं गाड़ी तक पहुँची तो दीदी भी बहुत चिंतित लग रही थी। सबको इतना चुप देखकर मेरी भी कुछ बोलने की हिम्मत नहीं हुई। घर पहुँचकर माँ ने मुझे और दीदी को अपने कमरे में जाने को कहा। मुझे कुछ भी समझमें नहीं आ रहा था। कमरे में मैंने दीदी से पूछना चाहा पर दीदी ने बात को यह कह कर टाल दिया कि सब ठीक है और मुझे सो जाने को कहा। अचानक मेरी नींद खुली तो मुझे किसी के रोने की आवाज़ सुनाई दी। बाहर जाकर देखा तो माँ रो रही थीं और नानाजी उन्हें कुछ कह रहे थे। दूसरी ओर दीदी भी दुखी बैठी थीं। मुझे कुछ समझ में नहीं आ रहा रहा था और कोई मुझे कुछ बता भी नहीं रहा था। रात को दीदी कमरे में आई और सामान बाँधने लगी तब जीज्ञासा के मारे हिम्मत जुटाते हुए मैंने उनसे पूछा कि हम कहाँ जा रहे हैं ? तो उन्होंने बताया कि हम सब कल सुबह नानाजी के घर जा रहे हैं। इस पर मैंने तुरंत कहा कि लेकिन कल तो पिताजी आने वाले हैं पर दीदी ने इस पर जवाब नहीं दिया। थोड़ी ही देर में माँ कमरे में आई और दीदी से जाने की तैयारी के बारे में पूछा फिर माँ मेरे पास आकर बैठ गई। उन्होंने मुझे सहलाते हुए सो जाने के लिए कहा। उस पूरे दिन में वह पहली बार था जब माँ ने मुझसे कोई बात की और मैं उनसे उनके रोने का कारण पूछना चाहती थी पर हिम्मत नहीं हुई। मैं उन्हें बताना चाहती थी कि माँ आप चिंता मत कीजीए कल पिताजी आ रहे हैं और वह सब ठीक कर देंगे पर उतना साहस नहीं हुआ। पूरे दिन की घटना को सोचते - सोचते मेरी आँख कब लग गई पता ही

नहीं चला। सुबह करीब छः बजे हम दिल्ली के लिए रवाना हो गए। वहाँ पहुँचकर देखा कि घर में काफ़ी भीड़ है। मेरे सारे रिश्तेदार वहाँ मौजूद थे और सभी बहुत दुखी थे। दोपहर को मैं, दीदी, माँ, नानाजी और मामाजी सब दिल्ली के इंदिरा गाँधी हवाई अड्डे पर पहुँचे। वहाँ पहुँचने पर दीदी और मुझे एक कमरे में ले गए। कमरे की खिड़की से बाहर देखने पर मैंने देखा कि कुछ समाचार संवाददाता मेरी माँ, नानाजी और मामाजी को घेरे हुए हैं। वह उनसे कुछ सवाल कर रहे थे, वहीं माँ रो रही थीं। फिर वह सब भी हमारे पास आकर बैठ गए। करीब दो घंटे बाद एक फौजी अफसर कमरे में आए और उन्होंने नानाजी से कुछ फुसफुसाकर कहा। इसके बाद हम सब को एक दूसरे कमरे में ले जाया गया उस कमरे में बहुत से सैनिक खड़े थे और कमरे के बीचों बीच एक कफन रखा था जिसे तिरंगे से ढका गया था। हमारे पहुँचने पर उसे खोला गया और उसके अंदर मैंने अपने पिता को लेटे देखा। माँ फूट-फूट कर रोने लगीं और दूसरे सभी परिवार के सदस्य भी अपने आँसू न रोक पाए। मैं एकटक अपने पिता को देख रही थी, उनके मुख पर वही कांति, वही शीतलता थी बस फरक था तो इतना कि अब उनके चहरे पर एक अजीब पीलापन था जो कि मुझे भयभीत कर रहा था। मुझे अब पता चल गया था कि मेरे पिता कभीभि नहीं उठेंगे। वह अब कभी मुझे अपने युद्ध के किस्से नहीं बताएँगे न मेरे साथ खेलेंगे और न ही मुझे अपनी मूँछों को छूने से रोकेंगे। इस बात को बीते अब दस साल हो गए हैं पर मेरे बचपन का यह सत्य एक बुरे सपने की तरह आज भी मुझे अपनी नींद से जगा देता है। समय तो बीतता रहा और हम सभी अपने-अपने जीवन में आगे बढ़ गए पर मेरे पिता का बेजान चेहरा आज भी मेरे मन स्पष्ट है।

# Debate on,


## "Are socialnetworking sites beneficiary in our life"

- Shyma, Shemeena, Anjus

Social networking service is a platform to build social networks of social relation among people who share interests and activities in real life connections. Social networking sites allow users to share ideas, pictures, posts, activities, events and interest with people in their network. Facebook is the worlds most popular networking site claims to have over 750 million users, Twitter microblogging site claims to have passed 200 million. The topic "Are social networking sites beneficiary in our life" is of great concern. The topic is relevant right now. Because, we realised that social networking sites are so popular, everybody is on Facebook... Twitter... So we thought it would be very interesting to hear, what the young people the trendsetters in that regard, have to say about social networking sites, whether it is harmful or benefit to the society.

Humans as inherent social creatures, I like to connect with others. Social networking sites increase social interactions and connections.

These are at disastrous; They are gaining more popularity but they are destroying natural and healthy interpersonal relationships and foster ignorance of human conditions.



Social networking sites just allow us to communicate with others and express ourself. These sites help you find people you have not even seen before and learn the things happening today.

It serves as a lazy attempt to see and talk to friends and family. Why do we need a mediator for relationship we currently have? It helps us stay more connected to people. But How? By not seeing these people and getting a comment, getting a single poke or like, how can you make them feel close to you?

We use our time for chatting and are fully adapted with what is happening around. Children gain social confidence from interacting with other online people, which help them feel more seccure.

There are lots of criminals all over social networking sites. With social networking sites people are at high risk of getting deceived by posts pictures or information published on sites. They even hack your account.

I believe that social networking sites are beneficial for our learning. Because 59% of students with access to the internet report that they are using social networking sites to discuss educational topics.

But more use of social networking sites such as Facebook, Twitter etc. can be distracting and can negatively affect education. Experiments prove that 60% of students failed to achieve good marks in examination due to increased usage of social networking sites.

There are many social networking sites, Twitter, hi5 etc. It has dark sides but its benefits cannot be neglected. it depends on the nature of the user.



# മലയാള ഭാഷയും മാറുന്ന മലയാളിയും

- Anagha S.N.

"മമ്മീ, ഐ കാന്റ് കം ടുഡേ ഹോം, ഐ ആം പ്ലാനിങ് ആൻ ഔട്ടിങ് വിത്ത് മൈ ഫ്രണ്ട്സ്"

പറഞ്ഞത് മറ്റാരുമല്ല അരയ്ക്കു താഴെയെത്തുന്ന മുടിയും, നീണ്ട വിശാലമായ കണ്ണുകളും, ചന്ദനക്കുറിയും തൊട്ട, ഒരു തനി ഗ്രാമീണ സുന്ദരി +2 വരെ അവൾ ജന്മനാടിനെയും, മലയാളത്തെയും സ്നേഹിച്ച മലയാളത്തനിമയുള്ള ഒരു നാടൻ പെൺകുട്ടിയായിരുന്നു ഉപരിപഠനത്തിനായ് കേരളത്തിൽ നിന്ന് മറ്റൊരു സംസ്ഥാനത്തിലേക്ക് ചേക്കേറി. ജനിപ്പിച്ചു വളർത്തിയ ജീവവായുവായ പെറ്റമ്മയെ അവൾ സൗകര്യപൂർവ്വം മറന്നു

ഇത് ഒരു സുന്ദരിയുടെ മാത്രം കാര്യമല്ല കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന യുവാക്കളുടെയും, യുവതികളുടെയും പ്രശ്നമാണ്. ചികിത്സിച്ചില്ലെങ്കിൽ കാൻസറിനേക്കാൾ മാരകമാകാൻ സാധ്യതയുള്ള, ഒരു സംസ്കാരത്തെയും, പൈതൃകത്തെയും കൊന്നൊടുക്കാൻ പോലും ശക്തിയുള്ള മഹാരോഗം ഇംഗ്ലീഷ് ഭ്രമമെന്നോ, യുവതലമുറയുടെ അൽപത്തരമെന്നോ ഒക്കെ വിശേഷിപ്പിക്കാം നമുക്കീ പ്രതിഭാസത്തെ

സംസ്കാരത്തിന്റെ തുടക്കം തന്നെ മാതൃഭാഷയിലാണ് വളർന്നുവരുന്ന ശിശു ലോകത്തെ അറിയുന്നതും, ഉൾക്കൊള്ളുന്നതും മാതൃഭാഷയിലൂടെയാണ് ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നതിനു മുമ്പു തന്നെ മാതൃഭാഷയിലൂടെയുള്ള ഈ വ്യക്തി വികാസം നടന്നു-

കഴിയുന്നു. ഭാഷ എന്നത് കേവലമായ ആശയവിനിമയത്തിനുള്ള ഉപാധിയല്ല. കണ്ടതും, കേട്ടതും, അറിഞ്ഞതുമായ കാര്യങ്ങൾ നമ്മുടെ ചുറ്റുമുള്ള ലോകവുമായി ബന്ധിപ്പിക്കാനുള്ള സവിശേഷമായ ഒരു കഴിവാണ്, മനുഷ്യന് മാത്രം സ്വായത്തമായ മാന്ത്രികവിദ്യ. എല്ലാ ഭാഷകൾക്കും അതിന്റേതായ സ്ഥാനവും വിലയും കൊടുക്കുന്നതോടൊപ്പം തന്നെ നമ്മുടെ ഭാഷയുടെ ശ്രേഷ്ഠതയെ അറിയാൻ ശ്രമിക്കുക കൂടി വേണം.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന് പെറ്റമ്മ തൻ ഭാഷതാൻ" – എന്നാണല്ലോ!

ആഗോളവൽക്കരണവും, ആധുനികതയുമൊക്കെ മലയാള ഭാഷയുടെ അധഃപതനത്തിന് കാരണങ്ങളാണ്. മരണമില്ലാത്ത മലയാളം ഒരുപാടുനാൾ നിലനിൽക്കുമായിരിക്കും, പക്ഷേ മുൻഗാമികൾ നേടിത്തന്ന പരിശുദ്ധിയും, ലാളിത്യവും നമ്മുടെ ഭാഷയിൽ നിന്ന് അകലങ്ങളിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു എന്നതിൽ സംശയമില്ല. ഭാഷയെയും, സംസ്കാരത്തെയും, ഉയർത്തിപ്പിടിക്കുന്ന മാനുഷികമൂല്യങ്ങളെയുമൊക്കെ തിരിച്ചുകൊണ്ടുവരണമെങ്കിൽ ഇനി യുവതലമുറ മുൻകൈയെടുത്തേ മതിയാവൂ. ലോകമാകമാനം ബന്ധങ്ങൾ സൃഷ്ടിക്കപ്പെടുന്ന ഈ യുഗത്തിൽ ഇംഗ്ലീഷ് ഭാഷയുടെ ആവശ്യകതയും, അതിന്റെ പ്രാധാന്യവും ഒന്നും നമുക്കറിയാഞ്ഞിട്ടല്ല. ഏതൊരു ഭാഷയും പഠിക്കുന്നതും, അറിയുന്നതുമൊക്കെ നല്ലതാണുതാനും. പക്ഷേ മലയാളത്തെ നിസ്സാരമായി കണ്ട് അന്യഭാഷകൾ മാത്രമാണ് വലുതെന്ന് ചിന്തിക്കുന്നത് തികച്ചും മലയാളിയുടെ വിവേകശൂന്യതയായിരിക്കും.

മലയാളത്തിലെ ഓരോ വാക്കിനും സാംസ്കാരികമായ അർത്ഥതലമുണ്ടെന്ന് മനസ്സിലാക്കാതെയാണ് നമ്മൾ ഏറ്റവുമടുത്ത മനുഷ്യബന്ധങ്ങളെ കുറിക്കാൻ പോലും ഇംഗ്ലീഷ് ഭാഷയെ കൂട്ടുപിടിക്കുന്നത്.

പ്രയാണിക

ആരെയൊക്കെയോ അനുകരിക്കാനുള്ള നെട്ടോട്ടമാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്നത്. ചുണ്ടിൽ ചായം തേച്ച് ഇംഗ്ലീഷ് മൊഴിഞ്ഞാൽ ലോകം തന്നെ വെട്ടിപ്പിടിച്ചു എന്ന അവസ്ഥയാണ് ചിലർക്ക്. മലയാളം അറിയില്ലെന്ന് നാം അഭിമാനത്തോടെ പറയുന്നുവെങ്കിൽ മലയാളമെന്ന് ഇതുവരെ കേട്ടിട്ടുപോലുമില്ലെന്ന് പറയും വരും തലമുറ. ഈ ദുരവസ്ഥയെ ലജ്ജാവഹമെന്നല്ലാതെ മറ്റൊന്നും പറയാൻ കഴിയില്ല. പരിഷ്കാരങ്ങളുടെ ഈ യുഗത്തിൽ ഉൾക്കണ്ണിന്റെ കാഴ്ചയെ കൂടുതൽ പ്രകാശിപ്പിക്കാനും, എരിയുന്ന അഗ്നിയെ മനസ്സിലേക്കാവാഹിക്കാനും, വിഹായസ്സിന്റെ അനന്തതയിലേക്ക് സ്വപ്നം കാണാനും നമ്മുടെ തനതു സംസ്കാരത്തിനും, രീതികൾക്കും മാത്രമേ കഴിയൂ; അത് വളർന്നതോ, മാതൃഭാഷയുടെ, മലയാളഭാഷയുടെ 'അ' യിൽ നിന്നും ——

# A Dream To Bridge

Greeshma J.

Everyone has a dream. Dream is not just an illusion that exist when we are asleep and fades away while awake. Its a power that keeps us moving, adds colours to the life, pulls us forward to reach somewhere, someday. It tells us never to loose heart. As a child, I dreamt of building a bridge out of rainbow to reach a land of ice-creams and cakes. As I grew, so did my dreams. Then I grew more and more fascinated by the bridges. Had crazy dreams of building a bridge across the oceans, seas, mountains, even from school to home. Now I know all these bridges were just my dreams and would be washed away with time. But now a new dream keeps me living. Now I dream of building a bridge across the human races. So that every problems of poverty, racial discrimination, war and jealousy would be washed away not just from our mind but from the entire world so that all these problems remain unknown. Sometimes, the crazy dreams are the only things that keeps us going. This is a dream with which I have been living for many years. The blood sheds do nothing better than loosing life and ofcourse, peace of mind. Children are crying, soldiers are dying, some people donot even have a home. Can you join me for making a change? Its the mission

of each and every one to make a difference and it is starting today. Lets close our eyes for a better day and pray. So lets join hands to build a bridge - for the crying children, dying soldiers, broken hearts and above all our weeping earth. Pray for the life not yet started, for the ones not breathing and for all the souls in need. Can you give them one day?

# कभी न आये वो पल

– Sruthi S.


हर दिन की तरह आज का दिन भी सामान्य गुजरा, परन्तु एक खबर ने मुझे जीवन के एक महत्वपूर्ण विषय पर सोचने के लिए विवश कर दिया। आज पूरे दिन टी.वी. और अखबारों में सिर्फ एक ही खबर ने सुर्खियाँ बटोरी, वो है 'दामिनी सामुहिक बलात्कार केस'। पहले से ही औरतों पर अत्याचार होते आरे हैं, लेकिन आज इस 21 सदी में भी उन पर होने वाले अत्याचारों में कोई कमी नहीं आई है, हालांकि वे बढ़ गये हैं। इस बात को सोच कर ही मेरा मन द्रवित हो उठता है कि अपने जीवन के 21 वर्षों में उसने जितने सपने संजोरे, उसे पूरा करने के लिए डॉक्टरी की पढ़ाई की और जब उन्हें जीने का वक्त आया तो, कुछ दरिंदों ने अपनी हवस पूरी करने के लिए उससे वो हक भी छीन लिया। मेरे हिसाब से, ऐसे जानवरों के लिए, उससे बत्सलूकी करने के लिए फाँसी की सजा भी कम है। ऐसी वारदातों के बाद, वे माँ-बाप जिनके घर में बेटियाँ हैं, उनकी तो रातों की नींद ही उड़ गई होगी। पर इन सबसे ज्यादा मुझे इस बात का दुख है कि आज भी समाज में जब भी ऐसी कोई घटना घटती है तो दोष हमेशा लड़कियों को दिया जाता है और जो लोग ऐसा कुकृत्य करते हैं, वे खुलेआम बेखौफ घूमते हैं, लेकिन हम सारा दोष समाज को नहीं दे सकते क्योंकि हम सभी जानते हैं कि बदलाव लाने के लिए सबसे पहले स्वयं को बदलना जरूरी है। हमारे देश में '**रानी लक्ष्मी बाई**' जैसी वीरांगना थी, 'किरन बेदी' जैसी महिलाऐं हैं, जिन्होंने मिसाले कायम की हैं, उनसे प्रेरणा लेनी चाहिए। क्यों हम दूसरों पर निर्भर रहते हैं,

(ഡയറിക

अपनी सुरक्षा के लिए क्योंकि आज के समाज में कब रक्षक भक्षक बन जाये कुछ कहा नहीं जा सकता, इसलिए हमें अपनी आत्मरक्षा करना सीखना होगा। जो भी हो मेरी बस एक ही प्रार्थना है कि ऐसी भयानक और दर्दनाक घटना सुनने को न मिले ........

സ്വന്തം ഇച്ഛാശക്തിയുടെ
നിറവിൽ ഇവളുടെ മാർഗ്ഗമിതാ
തെളിഞ്ഞിരിക്കുന്നു. നന്മയുടെ പാതയ്ക്കു
മുന്നിൽ പ്രകൃതിയും ഇവളെ പിൻതാങ്ങുക-
യാണെന്നു തോന്നുന്നു. പക്ഷേ
ഇനിയും പ്രയാണം അവസാനിച്ചിട്ടില്ല.
കാലചക്രത്തിന്റെ ചടുലചലനങ്ങൾക്ക്
മുന്നിൽ തളരാതെ ഈ 'പ്രയാണിക'




Gokul

# വാടാത്ത പനിനീർപ്പൂക്കൾ.

- Aparna V.M, Anusree T.

2014 - ജനുവരി 1. നവവത്സരത്തിന്റെ ഉന്മേഷമുള്ള വഹിച്ചുകൊണ്ട് ഒരു പുലരി കൂടി വന്നെത്തി. പക്ഷേ 'കോളേജ് ഓഫ് ഹോർട്ടികൾച്ചർ', വെള്ളാനിക്കരയ്ക്ക് മായാത്ത ഒരു മുറിപ്പാട് സൃഷ്ടിച്ചുകൊണ്ടാണ് ഈ പുതുവർഷത്തിന്റെ കടന്നുവരവ്.

ഹോർട്ടിക്കോസിന്റെ മൺമറഞ്ഞുപോയ സാരഥികളുടെ പട്ടികയിലേക്ക് ഒരു പേര് കൂടി ചേർക്കപ്പെട്ടിരിക്കുന്നു. COH അക്കാദമിക് സെൽ ഓഫീസർ ശ്രീ. രാജേന്ദ്രൻ പിള്ള സാർ. 2013 ഡിസംബർ 21ന് കോളേജിലെ ക്രിസ്മസ് ആഘോഷവേളയിൽ വിദ്യാർത്ഥികൾക്കൊപ്പം കേക്കു പങ്കിട്ടും ക്രിസ്മസ്-പുതുവത്സരാശംസകൾ നേർന്നും കടന്നുപോയ ആ മഹാരഥൻ ഒരു വാരത്തിനപ്പുറം ഡിസംബർ 30 തിങ്കളാഴ്ച അകാലചരമം പ്രാപിച്ചുവെന്ന വാർത്ത ഞങ്ങൾ വിദ്യാർത്ഥികളിൽ ഇപ്പോഴും ഞെട്ടൽ ഉണ്ടാക്കുന്നു. മൺമറഞ്ഞുപോയ ആ പ്രിയഅധ്യാപകന്റെ ജീവിതത്തിലേക്ക് ഒന്നെത്തിനോക്കാം.

ശ്രീ. രാജേന്ദ്രൻ പിള്ളയെന്ന പിള്ളസാർ 1955 ഒക്ടോബർ മാസം കായംകുളത്ത ഭഗവതിപ്പടിയെന്ന പ്രദേശത്ത് ജനിച്ചു. 1971-73 വർഷങ്ങളിൽ മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ വെച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രീഡിഗ്രി പഠനം. തുടർന്ന് 1973-77 കാലത്ത് വെള്ളായണി കാർഷികകോളേജിൽ BSc അഗ്രിക്കൾച്ചർ പൂർത്തിയാക്കി. BSc പഠനം അവസാനിച്ചയുടൻ കാർഷികസർവ്വകലാശാല ജൂനിയർ ഇൻസ്ട്രക്ടറായി വൈന്നൂരിൽ ചാർജ്ജെടുത്തു. പക്ഷേ, ആ സേവനം 77-78 കാലത്ത് ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടവസാനിച്ചു. 1978 സെപ്തംബർ മാസം MSc

പഠനത്തിനായി വീണ്ടും വെള്ളായണി കോളേജിലേക്ക്. 'Plant pathology' യിൽ പി.ജി. നേടിയ അദ്ദേഹം 1984-ൽ അഗ്രികൾച്ചറൽ മൈക്രോബയോളജി അസിസ്റ്റന്റ് പ്രൊഫസറായി കോളേജ് ഓഫ് ഹോർട്ടികൾച്ചറിൽ ചേർന്നു. അന്നുതൊട്ട് അന്ത്യശ്വാസം വരെ ഹോർട്ടികുടുംബത്തിലെ തിളങ്ങുന്ന സാന്നിധ്യമായി ആ വ്യക്തിത്വം നിലകൊണ്ടു.

പിന്നീട് 1987-ൽ PhD പഠനം പൂർത്തിയാക്കിയതിനു ശേഷം കോളേജിലെ MSc, PhD വിദ്യാർത്ഥികൾക്ക് നല്ലൊരു മാർഗദർശിയായി പ്രവർത്തിച്ചു. വെള്ളാനിക്കര കോളേജ്, മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിന്റെ രൂപീകരണ സമയത്ത് ഡിപ്പാർട്ട്മെന്റ് മേധാവിയായും സേവനമനുഷ്ഠിച്ചു. 2000ത്തിനുശേഷം COH അക്കാദമിക് സെൽ ഓഫീസർ എന്ന പദവിയിലേക്ക് സ്ഥാനമാറ്റം ലഭിച്ചു. തന്റെ പ്രവർത്തികളിൽ അങ്ങേയറ്റം സത്യസന്ധതയും ആത്മാർത്ഥതയും കോളേജിന്റെ ഉയർച്ചയെ ത്വരിതപ്പെടുത്തുന്നതിലും അദ്ദേഹം ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. അക്കാദമിക് സെൽ ഓഫീസർ എന്ന സ്ഥാനത്തിലേക്കു വന്നതിനുശേഷം പല നൂതനപദ്ധതികളും ആവിഷ്കരിക്കുന്നതിൽ തത്പരനായിരുന്നു.

എവരോടും ചിരിച്ചും സ്നേഹശാസനകളും, ഉപദേശങ്ങളും നൽകിയും എന്നെന്നും ചേർന്നുനിന്ന ആ മഹദ്വ്യക്തിത്വം അകാലത്തിൽ നമ്മോട് വിടപറഞ്ഞപ്പോൾ ഇരുട്ടിലായത് അദ്ദേഹത്തിന്റെ ഭവനം മാത്രമല്ല, ഹോർട്ടി കോളേജിന്റെ ഇടനാഴികൾ കൂടിയാണ്. കാലം പിള്ളസാറിന്റെ ജീവിതവീഥിയെ വെട്ടിമാറ്റിയെങ്കിലും കടന്നുപോയ വഴികളിൽ അദ്ദേഹം നട്ട പനിനീർപുഷ്പങ്ങൾ സുഗന്ധം പൊഴിച്ചുകൊണ്ട് അനേകകാലം നിലനിൽക്കും. അതിന്റെ വേരുകൾ അത്രയ്ക്ക് ആഴങ്ങളിലേക്ക് പടർന്നുപിടിച്ചിരിക്കുന്നു.

# കാലം

- Aparna V.M.

സോദരാ, ഇന്നു നീയെൻ വിളി കേൾക്കുക
സോമാംഗുലീയങ്ങളാലെന്നെ തലോടുക
തിരിച്ചുകയുമീ ഭൂഗോളമാത്രത്താൽ
നീരുവെച്ചെൻ മേനി; മാനസീകങ്ങളും
ഇന്നലെയെന്നെ കണ്ടു സോദരാ
മന്ദമാരുതൻ കുശലം ചോദിച്ചു
കാലമേ, ഈ ഭൂവിൽ നീയെന്നു പിറന്നു
നിൻ വയസ്സെത്രയെന്നൊന്നു ചൊല്ലുക
എൻ സതീർത്ഥ്യന്റെ ചോദ്യങ്ങളമി-
ന്നൊന്നിനു സമ്മാനിച്ചതുറങ്ങാത്ത രാവുകൾ
സൂക്ഷ്മം തോന്നുന്നല്ലോ എനിക്കി-
ന്നെന്നോടുതന്നെയും ലോകരോടത്രയും
ഒരു നിരാശയായ് പോലുമെൻ മനസ്സിൽ
ഉരുത്തിരിഞ്ഞിടാതിരുന്ന മഹാസംശയം
അറിയുകില്ലെനിക്കതിനുത്തരമേകാൻ
ഒടുവിലുറച്ചു ഞാനതിനായലഞ്ഞിടാൻ
കിഴക്കു വെള്ള കീറുന്നതും കണ്ടു ഞാൻ
മേഘങ്ങൾ തൻ പാർശ്വത്തിലൊളിച്ചിരുന്നു
എൻ നയനങ്ങൾക്കു ആനന്ദമേകിയ
സൂര്യകിരണങ്ങളെല്ലാം ഞാനറിഞ്ഞു
അന്നുമെൻ മുറ്റത്തിലെ തട്ടിത്തലോടും
മന്ദമാരുതനോടും ചോദിച്ചു നോക്കി ഞാൻ
എൻ വഴിയോരങ്ങളിലെ കിളിക്കൂട്ടത്തിൻ
ഉറവിടമാം നദികളോടും കാനനത്തോടും
എൻ സായാഹ്നങ്ങൾക്കു നിറം പകരുന്ന
സ്വർഗ്ഗവാതിൽ പക്ഷിയോടുമാരാഞ്ഞു ഞാൻ

ഒടുവിൽ ഞാനെന്നോടുതന്നെ ചോദിച്ചു
ഉത്തരം വലിയൊരു ചോദ്യചിഹ്നം മാത്രം.
എത്ര വസന്തങ്ങളെത്ര ശിശിരങ്ങ-
ളെത്ര ഹേമന്തങ്ങളെന്നെ കടന്നുപോയ്
എന്റെ മസ്തിഷ്കത്തിനിന്നലങ്കാരമായ്
വെള്ളിനാരുകൾ വിഹരിച്ചിതത്രയും
എന്നോ തുടങ്ങിയൊരീ പ്രയാണത്തി-
നിന്നും തിരശ്ശീല വീഴാൻ മടിക്കുന്നു.
നിത്യപഥികനാം ഞാനിന്നുമലയുന്നു
ആർക്കോ വേണ്ടി, യെന്തിനോ വേണ്ടി
ഉത്തരമില്ലാത്ത ചോദ്യങ്ങളേന്തിയീ
നിത്യതയുടെ അനന്തവിഹായസ്സു തേടി.

# പണം നട്ടാൽ അരിയാകില്ല

-Anit

ഒക്ടോബർ 16 ലോക ഭക്ഷ്യദിനമാണ്. ഭക്ഷണത്തെപ്പറ്റി അതില്ലാത്തവരെപ്പറ്റി ഓർക്കാൻ ഒരു ദിനമെങ്കിലും ഉണ്ടല്ലോ എന്നത് ആശ്വാസകരം തന്നെ.

കല്യാണവീടുകളിലും, ഹോട്ടലുകളിലും, ആഘോഷങ്ങൾക്കും (ഭക്ഷണം പാഴാക്കുന്നില്ലെങ്കിൽ നമുക്കെന്ത് ആഘോഷം?) മാത്രമല്ല സാധാരണവീടുകളിൽ പോലും ദിവസേന എത്ര ആഹാര പദാർത്ഥങ്ങളാണ് നാം പാഴാക്കുന്നത്! പണ്ട് ഉത്സവാഘോഷങ്ങളിൽ ഭക്ഷണം നൽകിയിരുന്നത് 'അന്നദാനം' എന്ന അർത്ഥത്തിലായിരുന്നു, ഇന്നത് വെറും പ്രദർശനത്തിനുള്ള വേളയായി. സിനിമയിലെ കഥാപാത്രം പറയുന്നതുപോലെ "വിശപ്പാണ് ചന്തു, ലോകത്തിലെ ഏറ്റവും വലിയ ദുഃഖം. നന്നായിട്ടൊന്ന് വിശന്നാൽ ഏതു ചക്രവർത്തിയും ആരുടെ മുന്നിലും കൈനീട്ടും" ഒരു-പട്ടിണിക്കാർ ഒരു വശത്തും, അമിത ഭക്ഷണം കൊണ്ട് രോഗികളാകുന്നവർ മറുവശത്തും. എന്തൊരു വിരോധാഭാസം!

ലോകത്തിലെ പട്ടിണി കുറയ്ക്കാൻ നമുക്കെന്ത് ചെയ്യാനാകും എന്നതിനെക്കുറിച്ച് ചിന്തിക്കണം.

ഒന്ന് : ആഹാരയോഗ്യമായതിനെ ബഹുമാനിക്കുക

രണ്ട് : ആവുന്നത്ര ഭക്ഷ്യവിളകൾ കൃഷി ചെയ്യുക

മൂന്ന് : ഉപവസിക്കുക

കേരളത്തിൽ ആവശ്യമുള്ളതിന്റെ അത്രയൊന്നും ഭക്ഷണം പോലും ഇവിടെ ഉൽപാദിപ്പിക്കുന്നില്ല. അങ്ങനെയുള്ള നമുക്ക് ഭക്ഷ്യവിളകളുടെ വിലക്കയറ്റത്തെപ്പറ്റി പറയാൻ എന്തർഹത

അന്യസംസ്ഥാനങ്ങൾ ഭക്ഷണം

മുൽപാദിപ്പിച്ചില്ലെങ്കിൽ

പട്ടിണിയിലാകുന്ന കേരളം



എങ്ങനെയാണ് ദൈവത്തിന്റെ സ്വന്തം നാടാവുന്നത്? കാശുണ്ടാക്കിയാൽ എല്ലാം വാങ്ങാമെന്ന അഹങ്കാരമല്ലേ നമ്മെ കൃഷി ചെയ്യാത്തവരാക്കി തീർത്തതിന് പ്രധാന കാരണം?

വിശപ്പുള്ളപ്പോൾ മാത്രം ഭക്ഷിക്കുക, ആവശ്യത്തിന് മാത്രം ആഹാരം വാങ്ങുക, വാങ്ങിയവ പാഴാക്കാതിരിക്കുക, അന്നം ദൈവമാണെന്നും കൃഷി അനിവാര്യമാണെന്നുമുള്ള സന്ദേശം പ്രചരിപ്പിക്കുക സ്കൂളുകളിലെയും കോളേജുകളിലെയും നേച്ചർ ക്ലബ്ബുകളും ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കണ്ടേ.

ഒരേ പ്രാണവായു ശ്വസിക്കുന്ന ഇതര ജീവികളോടുള്ള കാരുണ്യവും കരുതലും ഹൃദയത്തിൽ നിലനിർത്താനാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# FROM 179th TO IAS TOPPER

– Ramzeena A.

Haritha Kumar created history by standing first in India's elite Civil service examination. Haritha became the first person from Kerala to have topped the UPSC examination in 22 years.

- Why do you want to be an IAS officer?

All of us have two dreams one is to be successful in whatever career or field we choose and other is to become a responsible citizen and play an active role in the affairs of the country. I just tried to connect the two.

- What do you have to tell about your success in the Civil Service exam?

I wanted to become a civil servant since my childhood. So soon after taking my engineering degree, I started preparing for the examination. I secured only 18 marks in the mains during my first attempt but this did not deter me. In fact this gave boost to my confidence that I can clear the exam and that I can fulfill my childhood dream.

- From where did you complete your studies?

I did my schooling in St Therasa's convent and Government girls higher secondary school at Neyattinkara. I did my degree from Govt engineering college.

• Did your family support you, in this venture, to secure the rank.

My father Vijaykumar runs a construction business while mother Chithra is a homemaker. I have twin brothers. My journey to success began when my father encouraged me to dream and aim high. My father used to tell me to become a collector, although I had no clue what that involved. I remember saying that my ambition is to become a collector when Sister Jasmine, my class one teacher wanted us to tell her what we want to do in life.

• How many attempts have you made?

Four attempts, in the first attempt, I not even qualified the main. In the 2nd attempt I got 100th rank. In the 3rd, again my rank worsened but that only boost my confidence and in 4th, I scored first rank.

• Why did you chose economics and Malayalam?

Ones life revolves around economics. For any problem you can find that the root cause is economics. Malayalam is my mother tongue and from my childhood I have a special liking for malayalam.

• How you spend your leisure?

I love to read books, specially Khalil Gibran and also found time to watch malayalam movies. I also studied classical dance.

- Why you dropped IRS and opted for IAS ?

I felt that IRS would not give me opportunity for public serving as would IAS. So once again I set myself to achieve my goal.

- Can you share your experience in the interview?

I was asked to tell four problems and their solutions that Issues of women's security and unemployment among the educated as major problems of nation. I suggested that transparency should be brought through information communication technology as a solution to these problems.

- What is your motto ?

To make difference to the lives of people.

Haritha encountered many hurdles one after the other in fulfilling her dreams. Some times she lay behind just by 18 marks and other times not being able to speak english fluently. Despite all these, strong determination and self confidence lead the 27 years old Haritha Kumar to top the civil service examination.

# BEST OUT OF WASTE


— Manju K.

## ബൗൾ




ബലൂൺ ആവശ്യാനുസരണം വീർപ്പിക്കുക പേപ്പർ വലുതും ചെറുതുമായ കഷ്ണങ്ങളായി മുറിച്ച് വെയ്ക്കുക ബലൂണിന്റെ പ്രതലത്തിൽ വെള്ളം ഉപയോഗിച്ച് ആദ്യം വലിയ പേപ്പർ കഷ്ണങ്ങൾ ഒട്ടിച്ചശേഷം ഉടൻതന്നെ ചെറിയ പേപ്പർ കഷ്ണങ്ങൾ അതിനു മുകളിലായി പശ ഉപയോഗിച്ച് ഒട്ടിക്കുക മൂന്നുതൊട്ട് അഞ്ചു തട്ടുകളിലായി ചെറിയ കഷ്ണങ്ങൾ ഒട്ടിക്കുക ഒന്നോ രണ്ടോ മണിക്കൂർ ഉണങ്ങാൻ വെച്ചതിനുശേഷം, ബലൂണിലെ കാറ്റ് പതുക്കെ തുറന്നു വിടുക ബലൂൺ ചുരുങ്ങിയതിന് ശേഷം അത് എടുത്ത് മാറ്റുക

## പെൻ സ്റ്റാന്റ്



നാൽപ്പത്തോളം ICE CREAM സ്റ്റിക്കുകൾ ശേഖരിക്കുക ഇഷ്ടാനുസരണം നിറം കൊടുക്കുക സ്റ്റിക്കുകൾ ചതുരാകൃതിയിലോ (ത്രികോണാകൃതിയിലോ) അടുക്കി ഒട്ടിക്കുക സ്റ്റിക്കിന്റെ അടിഭാഗം കാർഡ് ബോർഡ് കൊണ്ട് ഉണ്ടാക്കാവുന്നതാണ്

## ഫ്ളവർ വേസ്



പച്ച ഈർക്കിലുകൾ ചുരുട്ടിയതിനു ശേഷം ഇഷ്ടാനുസരണം വളക്കാവുന്നതാണ് മുളയിലെ ദ്വാരത്തിൽ മണൽ നിറക്കുക ഈർക്കിലുകൾ നിറം കൊടുത്തതിനു ശേഷം മണലിൽ കുത്തി വെയ്ക്കുക.

# സമൂഹവും മാറുന്ന കൃഷിസമ്പ്രദായങ്ങളും

— Manju K, Jasmine, Shahanaz

ചരിത്രം പരിശോധിച്ചു നോക്കിയാൽ മനുഷ്യരാശിയുടെ ആവിർഭാവം പക്ഷേ ഏതാണ്ട് ദശലക്ഷം വർഷങ്ങൾക്കുമുമ്പാണെന്ന് കാണാം. ആദിമമനുഷ്യന്റെ കാലം തൊട്ടേ അവനെ പരിപാലിക്കുന്ന പ്രകൃതി ഹരിതമനോഹര ഭൂമിയാണ്. സ്വന്തം നിലനിൽപ്പിനായി വേട്ടയാടിയും, പലതരം കാട്ടുപഴങ്ങൾ ഭക്ഷിച്ചും അവൻ അലഞ്ഞുനടന്നു. ബി.സി പതിനായിരത്തോടുകൂടി ആദിമമനുഷ്യൻ കാർഷികസമ്പ്രദായത്തിലേക്കും വ്യവസ്ഥാപിതമായ ജീവിതരീതിയിലേക്കും കാൽവെച്ചു. ആദ്യകാലങ്ങളിൽ അവൻ കൃഷിചെയ്തത് നിലനിൽപ്പിനുവേണ്ടിയായിരുന്നു. എന്നാൽ ഇന്ന് സാമൂഹ്യവൽക്കരണത്തിനു വിധേയമായ മനുഷ്യൻ കൃഷി ചെയ്യുന്നത് വാണിജ്യാടിസ്ഥാനത്തിലാണ്. വികസ്വര രാജ്യമായ ഇന്ത്യയിലെ മുഖ്യ തൊഴിൽ മേഖലയാണ് കാർഷികമേഖല. ഇവിടുത്തെ 120 കോടിയിലധികം വരുന്ന ജനതയെ താങ്ങി നിർത്തുന്നത് നിലവിലുള്ള കൃഷിരീതികളാണ്. മണ്ണിനോടും മനുഷ്യനോടും ചേർന്നിണങ്ങുന്ന കലയാണ് കാർഷികവൃത്തി.

കഴിഞ്ഞ അരനൂറ്റാണ്ടിനിടെ കാർഷിക മേഖല സമൂലമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം മലബാർ മേഖലയിൽ വൻകുടിയേറ്റത്തിനു കാരണമായി. ഇത് ഭക്ഷ്യവിളകളായ മരച്ചീനി, കാച്ചില്ല്, ചാമ, ചോളം, തുവര പയറിവയുടെയൊക്കെ വ്യാപനത്തിനു സഹായിച്ചു. നെൽകൃഷിക്കും, നെൽ കർഷകർക്കും മാന്യതയുണ്ടായിരുന്ന കാലമായതുകൊണ്ട് പാതവരമ്പ മേഖലകളിലും ഭക്ഷ്യവിളകൾ മുന്നിട്ടുനിന്നു. ഹരിത വിപ്ലവത്തിന്റെ ആവിർഭാവം ഭക്ഷ്യവിളകളുടെ വിലയിൽ ഗണ്യമായ കുറവ് സൃഷ്ടിച്ചു. ഈ സാമ്പത്തികസ്ഥിതി ഭക്ഷ്യവിളകളിൽ നിന്നും കൂടുതൽ ലാഭകരമായ നാണ്യവിളയുടെ കൃഷിയിലേക്ക് സമൂഹത്തെ കൊണ്ടുചെന്നെത്തിച്ചു.

കഴിഞ്ഞ 50 വർഷത്തിനിടെ നെൽകൃഷിയിലും, മരച്ചീനിയുടെ കൃഷിയിലും വൻ ഇടിവ് സംഭവിച്ചിട്ടുണ്ട്. പ്രധാന ഭക്ഷ്യവിളകളായി-

രുന്നു. ഇവയുടെ ഉത്പാദനത്തിലുണ്ടായ ഈ ഇടിവ് ഏറെ ശ്രദ്ധേയമാണ്. കേരം തിങ്ങും കേരളനാട്ടിൽ നാളികേര ഉത്പാദനവും ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട് എന്നത് തികച്ചും അതിശയകരമാണ്. റബ്ബർകൃഷിയുടെ വളർച്ച ഇതരകാർഷിക വിളകളായ കശുമാവ്, കുരുമുളക്, കാപ്പി, തേങ്ങ് എന്നിവയുടെ തളർച്ചയ്ക്കാണ് പരോക്ഷമായി വഴിയൊരുക്കിയത്. ഹ്രസ്വകാല ഭക്ഷ്യവിളകളിൽ നിന്നും ദീർഘകാല നാണ്യവിളകളിലേക്കുള്ള മാറ്റം പുതിയൊരു അരക്ഷിതാവസ്ഥയാണ് നമ്മുടെ കാർഷികസമൂഹത്തിൽ സൃഷ്ടിച്ചിരിക്കുന്നത്.

കാലം മാറുന്നതിനൊപ്പം സങ്കരയിനം വിത്തുകളുടെ ഉപയോഗവും വർധിച്ചു വന്നു. Bt കോട്ടന്റെ ആവിർഭാവം നമ്മുടെ പരുത്തിപ്പാടങ്ങളെ കുഴപ്പങ്ങളുടെ കുണ്ടിൽ അകപ്പെടുത്തിയിരിക്കുന്നു. സങ്കരവിത്തുകളുടെ ഉപയോഗം പെരുകിയതിനോടൊപ്പം കീടങ്ങളും പെരുകി. 80-കളുടെ തുടക്കത്തിൽ, ഹരിതവിപ്ലവത്തിന്റെ വൻ നിക്ഷേപ സാങ്കേതികവിദ്യയോടൊപ്പം പരുത്തിക്കീടങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാനുതകുന്ന, നാലാം തലമുറയിൽപ്പെട്ട കൃത്രിമ പൈറിത്രോയ്ഡുകൾ പ്രയോഗത്തിൽ വന്നതോടെ അത്ഭുതാവഹമായ വിജയമാണ് തുടക്കത്തിൽ ദൃശ്യമായത്. പക്ഷേ, ഏറെ വൈകാതെ കീടങ്ങൾ കീടനാശിനികളെ ജയിക്കുകയും പരുത്തികൃഷി മറ്റു വിളകളെപ്പോലെ അവതാളത്തിലാവാൻ തുടങ്ങുകയും ചെയ്തു.

ഇന്നത്തെ പ്രധാനപ്രശ്നങ്ങളിലൊന്നാണ് മലയാളികളിൽ വർധിച്ചുവരുന്ന റിയൽ എസ്റ്റേറ്റ് കമ്പം. ഈ പ്രവണത കൃഷിഭൂമികളെ വൻതോതിൽ വിറ്റഴിക്കുന്നതിനും ലാഭം കൊയ്യുന്നതിനും കാരണമാവുന്നു. കായികാധ്വാനം കൂടാതെ പണമുണ്ടാക്കാൻ ചെറുകിടകർഷകർ കണ്ടുപിടിച്ച ഏറ്റവും നല്ല മാർഗമായി വേണം. ഒരു ബിസിനസ്സിനെ കണക്കാക്കാൻ. അധാർമ്മികമായി കണ്ടെത്തുന്ന അത്തരം വരുമാനം കൊണ്ട് സ്വന്തം മക്കളെ കോട്ടും സ്യൂട്ടുമണിഞ്ഞ 'വലിയ'

ഉദ്യോഗസ്ഥരാക്കി മാറ്റുന്നതിലാണ് അന്തരാണ്ടക്കുകയും

കൃഷിയിടങ്ങളിലെ യന്ത്രവൽക്കരണം ഒരു പരിധിവരെ നമ്മുടെ കാർഷികമേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെ എണ്ണം കുറഞ്ഞുവെങ്കിലും കാർഷികമേഖലയെ ആധുനികവൽക്കരിക്കു-ന്നവരുടെ എണ്ണം കൂട്ടാൻ ഇത് വളരെയധികം സഹായകമായി. കാർഷികമേഖലയുടെ ശോചനീയാവസ്ഥയെ തരണം ചെയ്യാൻ നമ്മുടെ സമൂഹത്തിലെ വിദ്യാസമ്പന്നരായ ആളുകളടങ്ങുന്ന 'അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളും' മറ്റു ഗവേഷണകേന്ദ്രങ്ങളും രാജ്യത്ത് പലയിടത്തായി സ്ഥാപിച്ചിരിക്കുന്നു. ഈ ഭയാനക ശോചനീയാവസ്ഥ മനസ്സിലാക്കാനും അതുവഴി താഴേത്തട്ടിലുള്ള മനുഷ്യർക്ക് ആശ്വാസം പകരുന്ന സമീപനം നൽകാനും കാർഷികവിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന സമൂഹം ബാധ്യസ്ഥരാണ്. നമ്മുടെ കൃഷിഭൂമി അന്യംനിന്നുപോകാതിരിക്കാൻ നമുക്കൊന്നിച്ച് ചേരാം നല്ലൊരു നാളെയെ കെട്ടിപ്പടുക്കാം.



# മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - Aparna VM

-പുസ്തകാസ്വാദനം

മലയാളസാഹിത്യത്തെ കാല്പനികത, ചരിത്രസങ്കല്പം, മാനു-ഷികത, സാമൂഹ്യബോധം എന്നിങ്ങനെ വൈവിധ്യമാർന്ന മഷിക്കൂട്ടുക-ളാൽ അനുവാചകർക്കു മുന്നിൽ അവതരിപ്പിച്ച, ഒരു കഥാകാരനാണ് എം. മുകുന്ദൻ. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ എണ്ണപ്പെട്ട സാഹിത്യ-കാരിലൊരാളായ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കലാസൃഷ്ടിയാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ'.

മയ്യഴി(പുതിയ മാഹി)യുടെ ആത്മാവറിഞ്ഞ ആ എളിയ കലാകാരൻ. അനുവാചകരുടെ സങ്കല്പങ്ങളിൽ മയ്യഴിയിലെ ഓരോ മ-ണൽത്തരിയെയും പുനർസൃഷ്ടിക്കുന്നു. ഇത് പ്രണയത്തിന്റെ കഥയാണ്, വി-രഹത്തിന്റെ കഥയാണ്, മയ്യഴിയിലെ സ്വാതന്ത്ര്യസമരത്തിന്റെ കഥയാണ്. അ-തിനെല്ലാമുപരി ഒരുപാട് പച്ചമനുഷ്യരുടെ കഥയാണ്. നോവലിന്റെ ആദ്യത്തിൽ 2020 നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിലെത്തി നിൽക്കുന്ന മയ്യഴിയിൽ രണ്ടു തലമുറകൾ കൂടി കടന്നുവരുമ്പോഴുണ്ടാവുന്ന മാറ്റ-ങ്ങളും ഫ്രഞ്ച് അധീന മയ്യഴിയിൽ സ്വാതന്ത്ര്യത്തിനുവേണ്ടി മുഴങ്ങുന്ന കാഹളങ്ങളും, ഒടുവിൽ സമരപന്തലിൽ നിന്നും നവോത്ഥാനത്തിന്റെ ചവിട്ടുപടികളിലെത്തി നിൽക്കുന്ന പുതിയ മയ്യഴിയും വായനക്കാരുടെ മനസ്സിൽ വ്യത്യസ്തമായ അനുഭവങ്ങൾ സൃഷ്ടിക്കുന്നു.

ഈ കഥയെ രണ്ടായി വിഭജിക്കാം. ദാസന്റെ ജനനത്തിന് മുൻപും അതിനുശേഷവും. ദാസന്റെ ജനനത്തിനു മുൻപ് മയ്യഴി തികച്ചും ഒരു പരന്തീസ് അധീനമേഖലയായിരുന്നു. ലാലിപ്രഭു-വിന്റെ പാരമ്പര്യം അവകാശപ്പെട്ടിരുന്ന ജെമാം സായ്‌വും, ഗസ്തോൻ സായ്‌വും, സുന്ദരിയായ നീലക്കണ്ണുകളുള്ള മിസ്സിയും, ഫ്രഞ്ച് ആ-ധിപത്യത്തിന് തന്നെ കറുത്ത കാടായ റൊബേർ സായ്‌വെന്ന കാതിസാ-യ്‌വും മയ്യഴിയുടെ അധിപനായ മൂപ്പർ സായ്‌വും, കുഞ്ഞിച്ചിരുതയുടെ

ഡ്യൂഷാം ദാവീദ് സായ്‌വും, മേയർ ചെക്കോട്ടുകൃഷ്ണനും അവരുടെയൊക്കെ സ്തുതി പാഠകരും തീർച്ചയും സ്വപ്നജീവികളുമായ കുറമ്പിയമ്മയെയും ഉണ്ണിനായരെയും, ബാന്റുകാരൻ കണ്ണാരിയെയും പോലുള്ള സാധുക്കളായ നാട്ടിൻപുറത്തുകാരും അപൂർവ്വം ചില ബുദ്ധിജീവികളും നിറഞ്ഞ ഒരു മിശ്രസംസ്കാരത്തിന്റെ വേദിയായിരുന്ന മയ്യഴി. മയ്യഴിയിലെ നിരക്ഷരരായ സാധുക്കളുടെ മനസ്സിൽ 'പറാൻസിസ്' 'പറാൻസുകാർക്കുമെല്ലാം' വീരപരിവേഷമായിരുന്നു. ആചാരങ്ങളും ഐതിഹ്യങ്ങളും പരന്തീസ് സാമീപ്യവും മയ്യഴിയുടെ സംസ്കാരത്തെ തന്നെ മാറ്റിമറിച്ചിരുന്നു. ആ മയ്യഴിയുടെ മണ്ണിൽ ദാമുറൈറ്ററുടെ മകനായി പിറന്ന ദാസൻ മയ്യഴിയുടെ നവോത്ഥാനസങ്കൽപത്തിന്റെ അമരക്കാരിലൊരാളായി മാറുന്നു.

പാമ്പായി മാറി കുഞ്ഞിമ്മണിക്കത്തെ പ്രാപിച്ച ഭൈരവൻ ചെട്ടിയാരുടെയും, ധീരയായ ഇടയപ്പെൺകുട്ടിയുടെയും പാദരേഖകൾ വെളിപാടിനനുസരിച്ച് സ്ഥാപിച്ച കുരിശു പള്ളിയുടെയും ദേവീക്ഷേത്രത്തിന്റെ ചട്ടുകാലനായി മാറിയ കുഞ്ഞന്റെ പൂർവ്വികരുടെയും കഥകൾ കേട്ടാണ് ദാസൻ വളർന്നത്. "ദ്ര ദി നസിദാസിൽ" കുഞ്ഞനന്ദൻ മാസ്റ്ററുടെ ശിഷ്യനായി പഠിക്കുമ്പോൾ തന്റെ നാടിനെയും സ്വാതന്ത്ര്യത്തിനുവേണ്ടി വെമ്പുന്ന മയ്യഴിയിലെ ഓരോ മണൽത്തരിയെയും ദാസൻ അറിഞ്ഞറിയുകയായിരുന്നു. 'സർത്തിഫിക്കാ' പാസായി ഉപരിപഠനത്തിന് പുറത്തുപോയ ദാസൻ പക്വതയാർന്ന ചുണ്ടിൽ ബീഡിക്കറയും, കോമവൃത്തമായ താടിയുമുള്ള ഒരു യുവാവായി മയ്യഴിയിൽ തിരിച്ചെത്തുന്നു. സ്ത്രീ-പുരുഷ ബന്ധത്തിന്റെയും പരിശുദ്ധ പ്രണയത്തിന്റെയും ഉത്തമ മാതൃകയായിരുന്നു ദാസനും ചന്ദ്രികയും. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ജീവിതത്തിന്റെ ഭാരങ്ങളുമിറക്കിവെച്ച് ഒരു തുമ്പിയായി ചാടിക്കളിക്കുന്ന ദാസനെയാണ് ഞാൻ കാണുന്നത്. മലയാള സാഹിത്യത്തിന് ഇപ്പോഴും മൂല്യച്യുതി സംഭവിച്ചിട്ടില്ലെന്നതിന് തെളിവാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ'

# സമാധാനത്തിന്റെ വെള്ളരിപ്രാവ്

- Anseera T.P.

ഒരു കറുത്തവർഗ്ഗക്കാരന്റെ കുറിപ്പ്....

....നിറം കറുപ്പായതിന്റെ പേരിൽ അവഗണന നേരിട്ട ഒരു വർഗ്ഗത്തെ പ്രകാശപൂരിതമാക്കി, തളരാത്ത മനോവീര്യത്തിന്റെയും കീഴടക്കാനാവാത്ത പോരാട്ടത്തിന്റെയും അടങ്ങാത്ത സ്വാതന്ത്ര്യബോധത്തിന്റെയും പ്രതീകമായി ഇന്നും ഞങ്ങളിൽ നിലകൊള്ളുന്ന നിറദീപം.

വർണ്ണവിവേചനത്തിന്റെ ഇരുണ്ടദിനങ്ങളിൽ നിന്ന് ആത്മാഭിമാനത്തിന്റെ സൂര്യവെളിച്ചത്തിലേക്ക് ഒരു ജനതയെ നയിച്ച്, ഇന്ന് ഞങ്ങളെ അനാഥമാക്കി വിട്ടുപോയ ഞങ്ങളുടെ രാഷ്ട്രപിതാവ് നെൽസൺ മണ്ടേല (1978 - 2013), അദ്ദേഹം വഹിച്ച പദവികളെക്കാൾ അദ്ദേഹം പ്രതിനിധാനം ചെയ്ത ആദർശങ്ങളുടെ ലോകം ഈ വർണ്ണവെറിയിൽ പൊലിമയുടെ സ്വർണ്ണകിരണങ്ങൾ വിടർത്തുന്നു. തൊലി കറുത്തുപോയതിന്റെ പേരിൽ ജീവിതാവകാശം ലംഘിക്കപ്പെട്ട്, സ്വന്തം നാട്ടിൽ ജീവിതം അസാധ്യമാണെന്ന് വെള്ളക്കാർ കൽപ്പിച്ചപ്പോൾ, ഗാന്ധിയൻ ശൈലിയിൽ നിസ്വവുമെല്ലാം നേരിട്ട വെല്ലുവിളികൾ നേരിട്ട് അദ്ദേഹം ആത്മാർത്ഥതയോടെ പോരാടി.

ആഴത്തിൽ വേരോടിയവയും സങ്കീർണ്ണവുമായ അസമത്വങ്ങളും വംശീയ, കൊളോണിയൽ, HIV പ്രതിസന്ധികൾ ഒരു ദശാബ്ദക്കാലം കൊണ്ട് പരിഹരിക്കാവുന്നതല്ല. ഭരണകാലത്തിൽ പെട്ട് സാമ്പത്തികമായി ഉലഞ്ഞുപോകാതിരുന്ന ദേശീയതയും ഒരു ബന്ധം അന്വേഷിക്കാൻ കഴിഞ്ഞതാണെന്ന് അദ്ദേഹം വിലയിരുത്തി. ഭരണത്തിന്റെ അവസാനഘട്ടത്തിൽ കൂടുതൽ വളർച്ച കാണിക്കുന്നു. ആവശ്യമായി ഈ വർഗ്ഗത്തെ അവർ ഉയർത്തിയെടുക്കുമ്പോഴാണ് ഒരു സാക്ഷാത്കരിച്ച വിമോചനത്തിന്റെ വില മനസ്സിലാവുന്നത്. ഒരു തടങ്കലിൽവെച്ച് വിമോചന ഉദ്യാനത്തിലെ മനുഷ്യനിലൂടെ

പോലുമുള്ള കൊച്ചു കൊച്ചു മണ്ഡേലമാരിലൂടെ പൂർത്തിയാകുമെന്ന വിശ്വാസമാണ് ഇവിടുത്തെ ഓരോ പൗരനെയും മുന്നോട്ടു നടക്കാൻ പ്രേരിപ്പിക്കുന്നത്.

സ്വന്തം നാട്ടിൽ അഭിമാനത്തിന്റെ മധ്യത്തിൽ അരപ്പട്ടിണിക്കാരോ, മുഴുപ്പട്ടിണിക്കാരോ, ആയിക്കഴിയേണ്ടി വന്നവരാണ് ലോകമെമ്പാടുമുള്ള ഇവർ നിഗ്രോസ് എന്നു വിശേഷിപ്പിക്കുന്ന കറുത്ത വർഗക്കാർ

സ്വന്തം നാട്ടിൽ അധികാരമോ അവകാശമോ സ്വാതന്ത്ര്യമോ ഇല്ലാതായിപ്പോയ ഒരു ജനതയുടെ ഹൃദയത്തിൽ പീഡനങ്ങളുടെ നടുവിലും പ്രത്യാശയുടെ കിരണങ്ങൾ വളർത്തിയത് ഒരു തടവുപുള്ളിയുടെ വാക്കുകളായിരുന്നു. അതെ, 18 വർഷം പകൽ കാണാതെ തടവ് അനുഭവിച്ച അവരുടെ പിതാവിന്റെ മരിക്കാത്ത വാക്കുകൾ അനേകം കറുത്ത കാതുകളിൽ ഇന്നും പ്രതിധ്വനിക്കുന്നു.

സ്വന്തം ദുരിതങ്ങളിൽ നിന്നും, അനുഭവങ്ങളിൽ നിന്നും പ്രേരിതനായായിരുന്നു ആഫ്രിക്കൻ ജനതയുടെ ജീവിക്കാനുള്ള അവകാശത്തിനു വേണ്ടിയുള്ള പോരാട്ടം 1994 ൽ ഇവിടെ നടന്ന ജനാധിപത്യ തിരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ പ്രസിഡന്റായ മണ്ഡേല പിന്നീടുള്ള 5 വർഷം ശ്രമിച്ചത്, വെളുത്തവരും, വിവിധ ഗോത്ര വർഗങ്ങളിൽ പെട്ട കറുത്തവരും സ്വരച്ചേർച്ചയോടെ ജീവിക്കുന്ന റിപ്പബ്ലിക്ക് കെട്ടിപ്പടുക്കാനായിരുന്നു

വിവിധ രംഗങ്ങളിൽ മുടിചൂടാമന്നന്മാരായി വിരാജിച്ച എത്രയോ പേർ വേറെയുണ്ട്.... വഹിച്ച പദവികളിൽ നിന്ന് വിടുതലാകുന്നതോടെ, ലോകം അവരെ വിസ്മരിക്കുന്നു. എന്നാൽ ഈ മനുഷ്യൻ, ഉന്നതമായ രാഷ്ട്രീയ പദവികളിൽ നിന്ന് മുക്തനായിട്ടും ലോകജനതയുടെ ആദരവും ആരാധനയും അദ്ദേഹത്തിനൊപ്പമുണ്ട്. അദ്ദേഹം വഹിച്ച പദവികളേക്കാൾ പ്രതിനിധാനം ചെയ്ത ആദർശങ്ങളുടെ ലോകം പുലർന്നു കാണായായിരുന്നു.

ദേഹത്തിന്റെ കറുപ്പിലല്ല ലോകത്തിന്റെ ഒരുമയെന്നും ,

അടിമപ്പെടാത്ത ചിന്താശക്തിയും, മനുഷ്യചൈതന്യവും അതുല്യമാണെന്നും നിശ്ശബ്ദം പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ജീവിതത്തിൽ നിന്ന് നടന്നകന്നു. അദ്ദേഹത്തിന്റെ ആത്മകഥ, 'സ്വാതന്ത്ര്യത്തിലേക്ക് ഒരു നീണ്ട നടത്തം" എന്നതിൽ മറ്റുള്ളവരുടെ ജീവിതവും, സമയവും അപഹരിക്കാതിരിക്കുമ്പോൾ മാത്രമേ ജീവിതത്തിന്റെ ലക്ഷ്യമായത പൂർണ്ണമാകൂ എന്നദ്ദേഹം പറയുന്നു.

ഈ ജീവിതം ലോകജനതയ്ക്ക് ഒരു മാതൃകയാവട്ടെ. അദ്ദേഹം തിരികൊളുത്തിയ 'Children's fund' ഉം HIV പ്രതിസന്ധിക്കെതിരെയുമുള്ള പ്രവർത്തനങ്ങളും യുവതലമുറയ്ക്ക് തീർത്തും അനുകരണീയമാണ്. മറക്കില്ല യുഗപുരുഷാ, നിന്റെ കറുത്ത മക്കൾ നിന്നെ... അങ്ങയുടെ ഓർമ്മയ്ക്കായ് July 18 ഞങ്ങൾ മണ്ടേല ദിനമായ് ആചരിക്കുന്നു. ഞങ്ങളുടെ ആത്മാക്കളുടെ ഇതിഹാസങ്ങൾ വാഴ്ത്തപ്പെടാനും, കറുത്ത മക്കളുടെ സ്വരങ്ങൾ ലോകത്തിൽ പ്രതിധ്വനിപ്പിക്കാനും ഞങ്ങളിതാ ഒരുങ്ങിക്കഴിഞ്ഞു. സമാധാനത്തിന്റെ വെള്ളരിപ്രാവുകളെ ചിറകുവിടർത്തി പറത്താൻ ഈ കറുത്ത കൈകൾ എന്നും തയ്യാറായിരിക്കും, അതു വിടർന്നിരിക്കും.....



Anagha
Anees
Anjana
Anju Job
Anseera
Aswin
Athulya
Chandu
Athira
Priyatha
Basima
Geethu
Leema
Muthu
Sarin
Reesa
Ramsi
Shamsi
Jasbeer
Aparna.BA
Arjun.T.P
Darsana
Nasreen
Jasmin
Arun
Fadl
Shanu
Meenu
Daly

# നന്ദി

'പ്രയാണിക' യുടെ ഈ എളിയ യാത്ര ഇവിടെ അവസാനിക്കുന്നില്ല, ഓരോ നാളുകളിലുമുണ്ട് അവളുടെ ജീവന്റെ തുടിപ്പുകൾ. അതവളുടേത് മാത്രമല്ല, ഓരോ മനുഷ്യജീവിതത്തിന്റെയും തുടർച്ചകളാണ്, നേർക്കാഴ്ച്ചകളാണ്. എങ്കിലും ഈ യാത്ര ശുഭകരമായിരുന്നുവെന്ന് കരുതട്ടെ. അനുഭവങ്ങളുടെ വെളിച്ചത്തിൽ നിന്നും ആർജ്ജിച്ചെടുത്ത ഒരുപിടി നല്ല അറിവുകൾ പകർന്നുകൊണ്ട് അവൾ പ്രയാണം തുടർന്നുകൊണ്ടേയിരിക്കും. ഒരിക്കൽ കൂടി എല്ലാവർക്കും നന്ദി, ഈ സുന്ദര പ്രയാണത്തിൽ അവളെ അനുഗമിച്ചതിന് ....